31
ജൂലൈ 2024
ബുധൻ
1446 മുഹ്റം 25
1199 കർക്കിടകം 16
പേജ് 10
അബുദാബി

https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



# ഉള്ളുപൊട്ടൽ

## വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തം; വിറങ്ങലിച്ച് കേരളം

# 122 മരണം

- രണ്ടു ഗ്രാമങ്ങളെ ഒന്നാകെ വിഴുങ്ങി ദുരന്തം
- ഉരുൾപൊട്ടലുണ്ടായത് ചൂരൽമലയിലും മുണ്ടക്കൈയിലും
- കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത വലിയ ദുരന്തം
- ജീവനു വേണ്ടി സ്വയം മറന്ന് രക്ഷാപ്രവർത്തകർ
- ദുരന്ത നിവാരണ സേനയും സൈന്യവും കളത്തിൽ
- പരിക്കേറ്റവരെ എയർലിഫ്റ്റ് ചെയ്ത് വ്യോമസേന
- വീടുകളും കെട്ടിടങ്ങളും നക്കിത്തുടച്ച് മലവെള്ളം
- നൂറു കണക്കിനു പേരെ പരിക്കുകളോടെ രക്ഷപ്പെടുത്തി
- പാതിരാത്രിയിലും തിരച്ചിൽ തുടരുന്നു
- സഹായഹസ്തം നീട്ടി തമിഴ്നാടും കർണാടകയും
- രാഷ്ട്രീയം മറന്ന് ഒറ്റക്കെട്ടായി കേരളം ദുരന്തഭൂമിയിൽ
- 12 ജില്ലകളിൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

31
ജൂലൈ 2024
ബുധൻ
1446 മുഹറം 25
1199 കർക്കിടകം 16
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

ഒറ്റയുറക്കിൽ ഇല്ലാതായി ഒരു നാട് 05
കേരളത്തിലെ ഏറ്റവും വലിയ ഉരുൾപൊട്ടൽ 06
കണ്ണീർപുഴയായി പുന്നപ്പുഴ 12
ആശുപത്രി നിറയെ കണ്ണീർ കാഴ്ചകൾ 12



സർവം തകർത്തെറിഞ്ഞ ഉരുൾപൊട്ടൽ ദുരന്തത്തിൽ കല്ലും മണ്ണും ചെളിയും നിറഞ്ഞ വീടിനു മുന്നിൽ ബാക്കിയായ കുടുംബചിത്രം

# ഇരുൾ കുത്തിയ രാത്രി

മരണമഴ 07
കണ്ണീർപ്പുഴ 08

- വയനാട് ചൂരൽമലയിലും മുണ്ടക്കൈയിലുമുണ്ടായത് സമാനതകളില്ലാത്ത ദുരന്തം
- രാത്രി വൈകുംവരെയും ജീവൻ മറന്ന് രക്ഷാ പ്രവർത്തനം

മേപ്പാടി(വയനാട്): കേരളം കണ്ട ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തത്തിൽ വിറങ്ങലിച്ച് വയനാട്. മേപ്പാടിക്കു സമീപം ചൂരൽമല, മുണ്ടക്കൈ എന്നീ രണ്ടു ദേശങ്ങളെ അപ്പാടെ വിഴുങ്ങിയ ദുരന്തം സമാനതകളില്ലാത്ത ആൾനാശമാണ് വിതച്ചത്. 130ലേറെ പേരുടെ മരണം സ്ഥിരീകരിച്ചിട്ടുണ്ട്. മരണ സംഖ്യ ഉയർന്നേക്കുമെന്നാണ് വിവരം. രാത്രി വൈകി നിർത്തിവച്ച രക്ഷാ പ്രവർത്തനം ഇന്ന് പുലർച്ചെ പുനരാരംഭിക്കും. നൂറിലേറെ പേർ പരിക്കുകളോടെ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. അത്ര തന്നെ ആളുകളെ കാണാതായിട്ടുമുണ്ട്.

ചൊവ്വാഴ്ച ഉറങ്ങാൻ കിടന്ന രണ്ടു ദേശങ്ങളാണ് ബുധനാഴ്ച പുലരുമ്പോൾ ഭൂപടത്തിൽ നിന്നേ മാഞ്ഞുപോയത്. പുലർച്ചെ രണ്ടു മണിയോടെയാണ് ഉരുൾപൊട്ടലുണ്ടായത്. കുതിച്ചെത്തിയ വെള്ളവും മണ്ണും കൂറ്റൻ പാറക്കല്ലുകളും മരത്തടികളും ഒരു നാടിനെ ഒന്നാകെ നക്കിത്തുടച്ചപ്പോൾ ദുരന്തത്തിന്റെ നടുക്കുന്ന വാർത്തകളുമായാണ് കേരളം ഉണർന്നത്. മരിച്ച മൂന്നിൽ ഒന്നു പേരുടേയും മൃതദേഹങ്ങൾ ചാലിയാറിലൂടെ ഒഴുകി കിലോമീറ്ററുകൾ അകലെ ജില്ലാ അതിർത്തിയായ മലപ്പുറത്തെ പോത്തുകല്ലിൽ നിന്നാണ് കണ്ടെടുത്തത്. പലരുടേയും ശരീരഭാഗങ്ങൾ മാത്രമാണ് ലഭിച്ചത്. ദുരന്തത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നതായിരുന്നു ഇത്. പുഴയിൽ ഒഴുകിവന്നും വനത്തിനുള്ളിൽ ദുരന്ത നിവാരണ സേനയും നാട്ടുകാരും നടത്തിയ തിരച്ചിലിലും 34 മൃതദേഹങ്ങൾ കണ്ടെടുത്തു. വനത്തിനുള്ളിൽ നിന്ന് കണ്ടെടുത്ത മൃതദേങ്ങൾ ഉടുമുണ്ടിൽ പൊതിഞ്ഞ് നാലും അഞ്ചും കിലോമീറ്റർ ചുമന്നാണ് പുറത്തെത്തിച്ചത്.

മുണ്ടക്കൈയിലെ ഉരുൾപൊട്ടലിനെതുടർന്ന് മലവെള്ളപ്പാച്ചിലിൽ പുന്നപുഴ ദിശ മാറി ഒഴുകിയതാണ് ചൂരൽമലയേയും തകർത്തത്. 250ലേറെ കുടുംബങ്ങൾ പാർത്തിരുന്ന ചൂരൽമല മരണം പുതച്ച ശ്മശാന ഭൂമിയായി. ഹാരിസൺ എസ്റ്റേറ്റിലും മറ്റും കുടുങ്ങിയവരാണ് പുറംലോകത്തെ വിവരം അറിയിച്ചത്. ജനപ്രതിനിധികൾ ഉൾപ്പെടെ കുതിച്ചെത്തിയെങ്കിലും ദുരന്ത ഭൂമിയിലേക്ക് കടക്കാനായില്ല. പുറംലോകവുമായി ബന്ധിപ്പിക്കുന്ന പാലം ഒലിച്ചുപോവുകയും റോഡുകൾ തകരുകയും മലവെള്ളം കുതിച്ചെത്തുകയും ചെയ്തതോടെ ദുരന്തമുണ്ടായ പ്രദേശങ്ങൾ പൂർണമായും ഒറ്റപ്പെട്ടു.

ഉച്ചയോടെ ദുരന്തനിവാരണ സേനാംഗങ്ങൾ ജീവൻ പണയംവച്ച് പുഴക്കു കുറുകെ വടംകെട്ടിയാണ് ആദ്യം ചൂരൽമലയിലെത്തിയത്. ജീവൻ പണയം വച്ച് നൂറുകണക്കിന് നാട്ടുകാരും ദുരന്തഭൂമിയിൽ നിലയുറപ്പിച്ചു. ഇവിടെനിന്ന് റോപ്പ് വഴി പരിക്കേറ്റ നിരവധി പേരെ സ്ട്രച്ചറിലും മറ്റുമായി മറുകരയെത്തിച്ച് ആശുപത്രിയിലേക്ക് മാറ്റി. നിരവധി മൃതദേഹങ്ങളും കണ്ടെടുത്തു. ഇതിനിടെ രക്ഷാ പ്രവർത്തനത്തിനായി സൈന്യവും സ്ഥലത്തെത്തി. എന്നാൽ മുണ്ടക്കൈയിലേക്ക് എത്താൻ രക്ഷാ പ്രവർത്തകർക്ക് കഴിഞ്ഞിരുന്നില്ല. ചൂരൽമലയേയും മുണ്ടക്കൈയേയും ബന്ധിപ്പിക്കുന്ന പാലം ഒലിച്ചുപോയതാണ് പ്രതിസന്ധിയായത്. ഒടുവിൽ ദുരന്തം നടന്ന് 13 മണിക്കൂറിനു ശേഷം സൈന്യവും അഗ്നിരക്ഷാ സേനയും ചേർന്ന് താൽക്കാലിക പാലം നിർമ്മിച്ചാണ് മുണ്ടക്കൈയിലേക്ക് കടന്നത്. താൽക്കാലിക പാലം വഴി പരിക്കേറ്റവരെ ഇതുവഴി പുറത്തെത്തിച്ച് ആശുപത്രിയിലേക്ക് മാറ്റി. വൈകീട്ടോടെ വ്യോമസേനാ ഹെലികോപ്റ്റർ ദുരന്തഭൂമിയിൽ സാഹസ ലാന്റിങ് നടത്തിയും പരിക്കേറ്റവരെ എയർലിഫ്റ്റ് ചെയ്തു. ഉച്ചമുതൽ ഹെലികോപ്റ്റർ രക്ഷാ പ്രവർത്തനത്തിന് സജ്ജമായിരുന്നെങ്കിലും മോശം കാലാവസ്ഥ കാരണം ലാന്റിങ് സാധ്യമായിരുന്നില്ല. ഒടുവിൽ ഉരുൾപൊട്ടലിൽ തകർന്ന റോഡിൽ സാഹസിക ലാന്റിങ് നടത്തുകയായിരുന്നു.

ചൂരൽമല, മുണ്ടക്കൈ ടൗണുകളെ ദുരന്തം പൂർണമായി തകർത്തെറിഞ്ഞു. നിരവധി വാഹനങ്ങളും ഒലിച്ചുപോയി. വൈകീട്ടുവരെയുള്ള കണക്കനുസരിച്ച് 130ലേറെ പേരാണ് പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നത്. വിംസ് ആശുപത്രി യിൽ മാത്രം 90ലേറെ പേരുണ്ട്. മേപ്പാടിയിൽ 27 പേരും കൽപ്പറ്റ ജി.എച്ചിൽ 13 പേരും. വൈകീട്ടോടെ പരിക്കേറ്റവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കാൻ ചൂരൽ മലയിലെ മദ്രസയിലും പള്ളിയിലും താൽക്കാലിക ക്ലിനിക്കുകളും പോളി ടെക്നിക്ക് കോളജിൽ താൽക്കാലിക ആശുപത്രിയും സജ്ജമാക്കി. കണ്ണൂർ ഡിഫൻസ് സെക്യൂരിറ്റി കോർപ്സ് സെന്ററിൽനിന്നുള്ള 200 സൈനികർ അടങ്ങിയ ഇന്ത്യൻ ആർമിയുടെ രണ്ട് കമ്പനിയാണ് ദുരന്തഭൂമിയിലെത്തിയത്. കണ്ണൂരിലെ സൈനിക ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ സംഘവും കോഴിക്കോട്ടെ ടെറിട്ടോറിയർ ആർമിയുടെ സേനയും ദുരന്തഭൂമിയിലെത്തി.

ആശുപത്രികളിൽ എങ്ങും ദുരന്തത്തിൽ നഷ്ടമായവരെ അന്വേഷിച്ച് അലമുറയിട്ടു കരയുന്ന ബന്ധുക്കളുടെ വിലാപമായിരുന്നു. ഭാര്യയുടെ, പിഞ്ചുകുഞ്ഞിന്റെ, മാതാവിന്റെ ചേതനയറ്റ മുഖം കണ്ട് പലരും ആർത്തു നിലവിളിച്ചു. ചിലർ തളർന്നുവീണു. തിരിച്ചറിയാനാവാത്ത വിധമായിരുന്നു പല മൃതദേഹങ്ങളും.

## രാഹുലിന്റെ സന്ദർശനം നീട്ടി

കോഴിക്കോട്: ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും സഹോദരിയും എ.ഐ.സി.സി ജനറൽ സെക്രട്ടറിയുമായ പ്രിയങ്കാഗാന്ധിയും ഇന്ന് നടത്താനിരുന്ന വയനാട് സന്ദർശനം മാറ്റി. രാവിലെ 9.15ന് പ്രത്യേക വിമാനത്തിൽ മൈസൂരുവിലെത്തുമെന്ന് അറിയിച്ചിരുന്നെങ്കിലും പ്രതികൂല കാലാവസ്ഥ കാരണം പ്രത്യേക വിമാനത്തിന് ലാന്റിങ് അനുവദിക്കാതിരുന്നതോടെയാണ് സന്ദർശനം മാറ്റിയത്. ഗവർണർ മുഹമ്മദ് ആരിഫ് ഖാൻ ഇന്ന് വയനാട് സന്ദർശിക്കും. ഇന്നലെ രാത്രിയോടെ ഗവർണർ കോഴിക്കോട്ടെത്തി.

# പാർലമെന്റിൽ ഉന്നയിച്ച് രാഹുൽ ഗാന്ധി

- വയനാട്ടിൽ കേന്ദ്ര സർക്കാർ കൂടുതൽ ഇടപെടണം
- സഹായധനം കൂട്ടണം
- ദുർബല പ്രദേശങ്ങളുടെ മാപിങ് നടത്തി ദുരന്തവ്യാപ്തി കുറക്കണം
- പാർലമെന്റിൽ വിഷയം ഉന്നയിച്ച് മുസ്‌ലിംലീഗ് അംഗങ്ങളും

ന്യൂഡൽഹി: വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ഉണ്ടായ വൻ ഉരുൾപൊട്ടലിൽ അടിയന്തര സഹായം ലഭ്യമാക്കാൻ കേന്ദ്രസർക്കാർ കൂടുതൽ ഇടപെടണമെന്ന് ലോക്സഭയിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ദുരന്തത്തിന്റെ തീവ്രത ചൂണ്ടിക്കാട്ടിയാണ് രാഹുൽ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. "വയനാട്ടിലുണ്ടായ ദുരന്തം ഹൃദയഭേദകമാണ്. നഷ്ടപരിഹാരം വർധിപ്പിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് ഉടനടി നൽകുന്നത് ഉൾപ്പെടെ സാധ്യമായ എല്ലാ പിന്തുണയും കേന്ദ്ര സർക്കാർ നൽകണം. സമീപ വർഷങ്ങളിൽ മണ്ണിടിച്ചിലുകളുടെ ഭയാനകമായ വർധനവിന് നമ്മുടെ രാജ്യം സാക്ഷ്യം വഹിച്ചു. പാരിസ്ഥിതിക ദുർബല പ്രദേശങ്ങളിൽ വർധിച്ചു വരുന്ന പ്രകൃതിദുരന്തങ്ങളുടെ വ്യാപ്തി കുറക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കണം. വയനാടും പശ്ചിമ ഘട്ടവും ഉരുൾപൊട്ടൽ ഭീഷണിയിൽ തുടരുകയും രാജ്യത്തൊന്നാകെ ഉരുൾ പൊട്ടൽ ഭീതിദമായി വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം പ്രദേശങ്ങളുടെ മാപിങ് നടത്തി ദുരന്ത വ്യാപ്തി കുറക്കുന്നതിന് നടപടികൾ ആവിഷ്ക്കരിക്കണമെന്നും രാഹുൽ പറഞ്ഞു.

വയനാടിൽ അതിദാരുണ ഉരുൾപൊട്ടലുണ്ടായ വിവരമാണ് രാവിലെ തന്നെ തേടിയെത്തിയതെന്ന് രാഹുൽ സഭയിൽ പറഞ്ഞു. 70ലേറെ പേർ ഇതുവരെ മരിച്ചു. മുണ്ടക്കൈ ഗ്രാമം പൂർണമായും ഒറ്റപ്പെട്ടിരിക്കുന്നു. ജീവാപായവും മറ്റു നാശനഷ്ടങ്ങളും ഇനിയും കണക്കാക്കിയിട്ടില്ല. കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങിനോടും കേരള മുഖ്യമന്ത്രി പിണറായി വിജയനോടും സംസാരിച്ചുവെന്ന് രാഹുൽ പറഞ്ഞു. അടിയന്തര രക്ഷാ പ്രവർത്തനങ്ങൾ നടത്താനും വൈദ്യസഹായം ലഭ്യമാക്കാനും രാഹുൽ ആവശ്യപ്പെട്ടു.

വയനാട് ഉരുൾ പൊട്ടൽ ദുരന്തവും മലപ്പുറം ജില്ലയിലും മലബാറിലെ മറ്റു ജില്ലകളിലും ശക്തമായ മഴയെ തുടർന്ന് ഉണ്ടായ നാശനഷ്ടങ്ങളും പാർലമെന്റിൽ മുസ്‌ലിംലീഗ് അംഗങ്ങളും ഇന്നലെ ഉന്നയിച്ചു. മുസ്‌ലിംലീഗ് പാർലമെന്ററി പാർട്ടി ലീഡറും ദേശീയ ഓർഗനൈസിങ് സെക്രട്ടറിയുമായ ഇ.ടി മുഹമ്മദ് ബഷീർ എം.പി ലോക്സഭാ സ്പീക്കർക്ക് നോട്ടീസ് നൽകി. വയനാട് ദുരന്തത്തിൽ റൂൾ 267 പ്രകാരം രാജ്യസഭയിലും മുസ്‌ലിംലീഗ് എം.പിമാർ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി. നിരവധി മനുഷ്യരുടെ മരണത്തിനും നൂറുകണക്കിന് ആളുകളെ കാണാതാകുന്നതിനും നിരവധി വീടുകൾ തകരുന്നതിനും ഗ്രാമങ്ങൾ ഒറ്റപ്പെടുത്തുന്നതിനും ഇടയാക്കിയ ദുരന്തത്തെക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പി.വി അബ്ദുൽ വഹാബ് എം.പിയും അഡ്വ. ഹാരിസ് ബീരാൻ എം.പിയും നോട്ടീസിൽ ആവശ്യപ്പെട്ടു. യുദ്ധകാലാടിസ്ഥാനത്തിൽ നടപടി വേണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു.



ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട് ചൂരൽമലയിലെത്തിയ മുസ്‌ലിംലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പി.കെ കുഞ്ഞാലിക്കുട്ടിക്കൊപ്പം മാധ്യമങ്ങളെ കാണുന്നു

## ദുരന്തഭൂമിയിൽ ഓടിയെത്തി സാദിഖലി തങ്ങളും കുഞ്ഞാലിക്കുട്ടിയും

കോഴിക്കോട്: വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തോടെ ഞെട്ടിയുണർന്ന നാടിന് ആശ്വാസവുമായി ഓടിയെത്തി പാണക്കാട് സയ്യിദ് സാദിഖലി തങ്ങളും മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയും. ചൂരൽമലയിൽ ദുരന്തത്തിനിരയായവരേയും രക്ഷാപ്രവർത്തകരെയും കണ്ട സാദിഖലി തങ്ങൾ മന്ത്രിമാരായ കെ രാജൻ, പി.എ മുഹമ്മദ് റിയാസ്, ശശീന്ദ്രൻ എന്നിവരുമായി ചർച്ച നടത്തി. പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനത്തിന് പ്രത്യേക മേൽനോട്ടത്തിനും തങ്ങൾ നിർദേശിച്ചു. പി.കെ ബഷീർ എം.എൽ.എ, ടി സിദ്ദീഖ് എം.എൽ.എ, സി മമ്മുട്ടി, കെ.കെ അഹമ്മദ്, ടി മുഹമ്മദ്, പി ഇസ്മായിൽ, കെ ഹാരിസ് തുടങ്ങിയവർ വയനാട്ടിലും ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, പി.വി അഹമ്മദ് സാജു, ടി.പി അഷ്റഫലി, ഇസ്മായിൽ മൂത്തേടം തുടങ്ങിയവർ നിലമ്പൂരിലും സാദിഖലി തങ്ങളെ അനുഗമിച്ചു.

## 12 ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

തിരുവനന്തപുരം: സംസ്ഥാനത്ത് അതിതീവ്ര മഴ തുടരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം, കൊല്ലം ഒഴികെ മറ്റു 12 ജില്ലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. റസിഡൻഷ്യൽ സ്കൂളുകൾക്ക് അവധി ബാധകമല്ല.

പരീക്ഷകൾ മാറ്റി 10



ദുരന്ത ഭൂമിയിൽ നിന്ന് പരിക്കേറ്റവരെ എയർ ഫോഴ്സിന്റെ ഹെലി കോപ്റ്ററിൽ നീക്കുന്നു.

## രക്ഷാപ്രവർത്തനങ്ങളിൽ സജീവമാകുക: സാദിഖലി തങ്ങൾ

കോഴിക്കോട്: വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തി ൽ രക്ഷാപ്രവർത്തനങ്ങളിൽ സജീവമാകാൻ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആഹ്വാനം ചെയ്തു. സംസ്ഥാനത്ത് പ്രളയത്തിൽ അകപ്പെട്ടവർക്ക് പ്രാദേശിക കമ്മിറ്റികൾ മുൻകൈയെടുത്ത് അടിയന്തര സഹായമെത്തിക്കണം. വയനാട് മുണ്ടക്കൈയിൽ ഉരുൾപൊട്ടിയതിന്റെ ഭീകര ദ്രശ്യങ്ങളും വാർത്തകളുമാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

മരണസംഖ്യ ഉയർന്നുകൊണ്ടിരിക്കുകയാണ്. നിലമ്പൂർ ചാലിയാർ പുഴയിൽ നിന്നുപോലും മൃതദേഹങ്ങൾ കണ്ടെടുക്കുന്നു എന്നത് ദുരന്തത്തിന്റെതീവ്രതയാണ് സൂചിപ്പിക്കുന്നത്. പ്രളയഭീതി നിലനിൽക്കുന്ന സാഹചര്യത്തിൽ അനാവശ്യ സന്ദർശനങ്ങളും വിനോദങ്ങളും ഒഴിവാക്കണം. പരിശീലനം നേടിയ മുസ്‌ലിംലീഗ് വൈറ്റ് ഗാർഡ് വളണ്ടിയർമാർ ദുരന്തമുഖത്ത് രക്ഷാപ്രവർത്തനത്തിലുണ്ടാകണം. മറ്റ് പ്രവർത്തകർ ഒറ്റപ്പെട്ടുപോയവർക്കും ദുരിതത്തിൽ കഴിയുന്നവർക്കും ആവശ്യമായ സഹായങ്ങൾ എത്തിക്കണമെന്നും തങ്ങൾ അഭ്യർത്ഥിച്ചു.

## മുസ്‌ലിംലീഗ് പരിപാടികൾ മാറ്റിവെച്ചു

കോഴിക്കോട്: വയനാട് ദുരന്തത്തിന്റെയും പ്രളയക്കെടുതികളുടെയും പശ്ചാത്തലത്തിൽ മുസ്‌ലിംലീഗിന്റെയും പോഷക ഘടകങ്ങളുടെയും ജൂലൈ 30,31, ഓഗസ്റ്റ് 01 തിയ്യതികളിലെ പൊതുപരിപാടികൾ മാറ്റിവെച്ചതായി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം അറിയിച്ചു. നാളെ മലപ്പുറത്ത് നടത്താനിരുന്ന ശിഹാബ് തങ്ങൾ അനുസ്മരണ സമ്മേളനവും സെമിനാറും ഇന്ന് കോഴിക്കോട് ലീഗ് ഹൗസിൽ നടത്താനിരുന്ന മുസ്ലിംലീഗ് സംസ്ഥാന കമ്മിറ്റി യോഗവും മാറ്റിവെച്ചിട്ടുണ്ട്.

## ഇന്ത്യക്ക് ഒരു വെങ്കലം കൂടി

### 10 മീറ്റർ എയർ റൈഫിൾ മിക്സഡിൽ മനു ഭാകർ– സരബ്ജോത് സിംഗ് ടീം മൂന്നാമത്

പാരീസ്: ഒളിംപിക്സ് നാലാം ദിവസം പിന്നിടുമ്പോൾ ഇന്ത്യക്ക് ഒരു വെങ്കലം കൂടി. 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ഇനത്തിലാണ് മനു ഭാക്കർ-സരബ്ജോത് സിംഗ് ടീം മൂന്നാം സ്ഥാനം നേടിയത്. മൽസരങ്ങളുടെ രണ്ടാം നാൾ വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ വ്യക്തിഗത ഇനത്തിൽ വെങ്കലം സ്വന്തമാക്കിയ മനു ഭാക്കറിന് ഇത് രണ്ടാം മെഡലാണ്. ചരിത്രത്തിൽ ആദ്യമായാണ് ഒരേ ഇനത്തിൽ ഒരു ഇന്ത്യൻ കായിക താരം രണ്ട് മെഡലുകൾ സ്വന്തമാക്കുന്നത്. ദക്ഷിണ കൊറിയൻ ടീമിനെയാണ് ഇന്ത്യൻ സഖ്യം പരാജയപ്പെടുത്തിയത്. അതേ സമയം പുരുഷവിഭാഗം ട്രാപ്പ് യോഗ്യതാ മൽസരങ്ങളിൽ ഇന്ത്യയുടെ പ്രിഥിരാജ് തോൻഡിമാൻ നിരാശപ്പെടുത്തി. ഇരുപത്തിയൊന്നാം സ്ഥാനത്താണ് അദ്ദേഹം ഫിനിഷ് ചെയ്തത്. അമ്പെയ്ത്ത് വനിതകളുടെ വ്യക്തിഗത വിഭാഗത്തിൽ ഭജൻ കൗർ പ്രി ക്വാർട്ടർ ബെർത്ത് നേടിയിട്ടുണ്ട്. റോവിംഗിൽ പുരുഷാരുടെ സ്കൾസ് സിംഗിൾസിൽ ബൽരാജ് പൻവാർ അഞ്ചാം സ്ഥാനത്താണ് ഫിനിഷ് ചെയ്തത്.



വെങ്കല മെഡലുമായി ഇന്ത്യയുടെ മനു ഭാകർ-സരബ്ജോത് സിംഗ് ടീം

## കറൻസി മൂല്യം



| | |
|---|---|
| 1 യു.എ.ഇ ദിർഹം | 22.79 ₹ |
| 1 ഒമാനി റിയാൽ | 217.45 ₹ |
| 1 സൗദി റിയാൽ | 22.31 ₹ |
| 1 ഖത്തർ റിയാൽ | 22.99 ₹ |
| 1 കുവൈത്ത് ദിനാർ | 273.86 ₹ |
| 1 ബഹ്റൈൻ ദിനാർ | 222.12 ₹ |

## സ്വർണവില

(ഗ്രാമിന്-ദിർഹം)



| | |
|---|---|
| 24 കാരറ്റ് | 289.25 |
| 22 കാരറ്റ് | 267.75 |
| 21 കാരറ്റ് | 259.25 |
| 18 കാരറ്റ് | 222.25 |



# ഗൾഫിലും തേങ്ങലായി വയനാട്



## കൂടെയുണ്ടെന്ന് യുഎഇ

അബുദാബി: വയനാട് ദുരന്തത്തിൽ അനുശോചനവും ഐക്യദാർഢ്യവും രേഖപ്പെടുത്തി യുഎഇ വിദേശകാര്യ മന്ത്രാലയം. ഇന്ത്യാ ഗവൺമെന്റിനോടും ദുരന്തത്തിനിരയായ കുടുംബങ്ങളുടെ ബന്ധുക്കളോടും വിദേശകാര്യ മന്ത്രാലയം അനുശോചനം അറിയിച്ചു.

നൂറുകണക്കിന് മരണങ്ങൾക്കും പരിക്കുകൾക്കും കാരണമായ കേരളത്തിലുണ്ടായ ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും ഇരയായതിൽ ഇന്ത്യയോട് ആത്മാർത്ഥമായ അനുശോചനവും ഐക്യദാർഢ്യവും അറിയിക്കുന്നതായി മന്ത്രാലയത്തിന്റെ അറിയിപ്പിൽ പറയുന്നു. വേദനാജനകമായ നഷ്ടത്തിൽ ഇന്ത്യൻ സർക്കാരിനോടും ജനങ്ങളോടും ഇരകളുടെ കുടുംബങ്ങളോടും ബന്ധുക്കളോടും വിദേശകാര്യ മന്ത്രാലയം ആത്മാർത്ഥമായ അനുശോചനവും വ്യസനവും രേഖപ്പെടുത്തി. പ്രകൃതിക്ഷോഭത്തിൽ പരിക്കേറ്റ എല്ലാവരും വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും മന്ത്രാലയം പ്രത്യാശ പ്രകടിപ്പിച്ചു.

# ഉറ്റവരെ നഷ്ടപ്പെട്ട് കരളുരുകി നിരവധി പ്രവാസികൾ

അബുദാബി: മലനാടിനുണ്ടായ ദുരന്തം ഗൾഫ് നാടുകളിലും തേങ്ങലായി. ഇന്നലെ പ്രവാസ ലോകം ഉണർന്നത് വയനാടിനെ നടുക്കിയ ദുരന്ത വാർത്ത കേട്ടുകൊണ്ടായിരുന്നു. പിന്നീടുള്ള ഓരോ നിമിഷം കഴിയും തോറും ദുരന്തത്തിന്റെ വ്യാപ്തി കൂടിവന്നതോടെ പ്രവാസികളാകെ അങ്കലാപ്പിലായി. അടുത്ത കാലത്തൊന്നും കേരളം അനുഭവിച്ചിട്ടില്ലാത്ത മലവെള്ളപ്പാച്ചിലാണ് വയനാട്ടിൽ സംഭവിച്ചത്. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളെ രണ്ടായി പിളർത്തി മലവെള്ളം പാഞ്ഞെത്തിയപ്പോൾ ഇല്ലാതായത് നൂറു കണക്കിന് മനുഷ്യജീവനുകളാണ്. ഒരു പ്രദേശമാകെ മണ്ണിനടിയിലേക്ക് പോയ അതിഭയാനകമായ അവസ്ഥ കേരളത്തെ പോലെ പ്രവാസികളെയും ഞെട്ടിച്ചു. മുഴുവൻ പ്രവാസികളുടെയും മനസ് വയനാട്ടിലാണ്. മലയാളികൾ നാട്ടിലേക്കും തിരിച്ച് പ്രവാസ ലോകത്തേക്കും ഫോൺ വിളികളുടെ തിരക്കിലായിരുന്നു. പക്ഷേ, എല്ലാം തകർത്തെറിഞ്ഞ വയനാട്ടിലേക്കുള്ള ടെലികമ്യൂണിക്കേഷൻ സംവിധാനവും താറുമാറായി.വയനാട്ടുകാരായ നിരവധി പ്രവാസികൾ എല്ലാ ഗൾഫ് നാടുകളിലും ജോലി ചെയ്യുന്നുണ്ട്. സ്കൂളുകൾക്ക് അവധിയായതിനാൽ പലരും നാട്ടിൽ തന്നെയുണ്ട്. മലവെള്ളപ്പാച്ചിലിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട നിരവധി പ്രവാസികളാണുള്ളത്. ദുരന്തത്തിന്റെ വ്യാപ്തിയും എത്രപേരുടെ ജീവൻ പൊലിഞ്ഞുവെന്നും കൃത്യമായി അറിഞ്ഞിട്ടില്ല. ഒരു പ്രദേശം പൂർണമായും ഒറ്റപ്പെട്ട് കിടക്കുകയാണ്. വയനാടിനെ ഓർത്ത് തേങ്ങുകയാണ് ഗൾഫിലെ മലയാളി പ്രവാസികൾ. യുഎഇ, സൗദി, ഖത്തർ, ബഹ്റൈൻ, കുവൈത്ത്, ഒമാൻ എന്നിവിടങ്ങളിലെല്ലാം ഒട്ടേറെ വയനാട്ടുകാർ ജോലി ചെയ്യുന്നു. ഇവരെല്ലാം സംഭവമറിഞ്ഞതു മുതൽ പ്രാർഥനയിലാണ്. ഉറ്റവർക്കും നാട്ടുകാർക്കും വേണ്ടി. ഇവരിൽ പലരുടെയും കുടുംബാംഗങ്ങളെയും ബന്ധുക്കളെയും പ്രകൃതിദുരന്തം ബാധിച്ചിട്ടുണ്ട്. പുത്തുമല ദുരന്തത്തിന്റെ ഞെട്ടലിൽ നിന്നും പൂർണമായും മുക്തി പ്രാപിക്കുന്നതിന് മുമ്പാണ് തൊട്ടടുത്ത പ്രദേശത്ത് അതിഭയാനകമായ ഉരുൾപൊട്ടലുണ്ടായിരിക്കുന്നത്. വയനാടിനെ നെഞ്ചോട് ചേർത്ത് പിടിക്കാനും ആശ്വസിപ്പിക്കാനുമായി പ്രവാസികൾ ഒരുക്കിലാണ്. പ്രളയകാലത്ത് കേരളത്തിന് താങ്ങായി നിന്ന പ്രവാസി സമൂഹം മുഴുവനായും വയനാടിന് താങ്ങായി മാറുമെന്നതിൽ സംശയമില്ല. എന്നിരുന്നാലും നഷ്ടപ്പെട്ടവരെ ഓർത്തുള്ള തേങ്ങലുകൾ നൊമ്പരമായി അവശേഷിക്കും.

## ആശ്വാസ പദ്ധതി ഒരുക്കും: അബുദാബി കെഎംസിസി

അബുദാബി: ദുരന്തം വിതച്ച വയനാടിന് സമാശ്വാസമേകാൻ അബുദാബി കെഎംസിസി പദ്ധതി ആവിഷ്കരിക്കും. സർവതും നഷ്ടപ്പെട്ടവർക്ക് വേണ്ടത് പുനരധിവാസമാണ്. കെഎംസിസി പ്രവർത്തകർ അവശ്യസാധനങ്ങൾ സ്വരൂപിക്കുന്നതിനേക്കാൾ പ്രാമുഖ്യം നൽകേണ്ടത് പുനരധിവാസത്തിനുള്ള സമാഹരണത്തിനാണ്. കഴിഞ്ഞ പ്രളയ കാലങ്ങളിൽ പ്രവാസ സമൂഹം പല വിഷമഘട്ടത്തിലും കൈകോർത്തിട്ടുണ്ട്. അതിനേക്കാൾ കാര്യക്ഷമതയോടെ കാരുണ്യം ഒഴുകേണ്ടതുണ്ടെന്നും അബുദാബി കെഎംസിസി പ്രസിഡന്റ് ഷുക്കൂറലി കല്ലുങ്ങൽ, ജനറൽ സെക്രട്ടറി സി.എച്ച് യൂസുഫ്,ട്രഷറർ പി.കെ അഹമ്മദ് എന്നിവർ അറിയിച്ചു. സർവം നഷ്ടപ്പെട്ടവർക്ക് കിടന്നുറങ്ങാൻ എത്രയും വേഗം വീടുകൾ നിർമിച്ചു നൽകാനുള്ള സമീപനം സർക്കാറിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതുണ്ട്. വയനാട് ജനതയ്ക്കൊപ്പം കെഎംസിസിയുടെയും പ്രവാസ സമൂഹത്തിന്റെയും നന്മനിറഞ്ഞ പ്രവർത്തനങ്ങൾ താങ്ങായിട്ടുണ്ടാകുമെന്നും നേതാക്കൾ അറിയിച്ചു.

## വയനാട് ദുരന്തം വേദനാജനകം

### അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ

അബുദാബി: മനസാക്ഷിയെ ഞെട്ടിച്ച പ്രകൃതി ദുരന്ത വാർത്തയാണ് വയനാട്ടിലെ മേപ്പാടിയിൽ നിന്ന് കേൾക്കാനായത്. ഭീകരമായ മലവെള്ളപ്പാച്ചിലിൽ ചൂരൽമല,മുണ്ടക്കൈ ഭാഗങ്ങൾ ഒന്നാകെ ഭൂമി വിഴുങ്ങിയ അവസ്ഥയിലാണുള്ളത്. നിരവധി മനുഷ്യജീവനുകൾ നഷ്ടമായി. ഒട്ടേറെ ആളുകൾ ചികത്സയിലാണ്. വീടുകളും കെട്ടിടങ്ങളും നാമാവശേഷമായി. രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ടവർ പോലും വിറങ്ങലിച്ചു നിൽക്കുന്ന കാഴ്ച ഭയാനകമാണ്. പൊതു സമൂഹം എല്ലാം മറന്ന് ഒന്നിച്ചുനിൽക്കേണ്ട സമയമാണിത്. വയനാട്ടിൽ മാത്രമല്ല മഴക്കെടുതി മൂലം നിരവധി കുടുംബങ്ങൾ മാറിത്താമസിക്കാനും മറ്റും നെട്ടോട്ടമൊടുകയാണ്. സന്നദ്ധ പ്രവർത്തകർക്ക് സൗകര്യം ഒരുക്കാനും സേവന പ്രവർത്തനങ്ങളിൽ ഒന്നിച്ചു നിൽക്കാനും അവരെ സഹായിക്കാനും നമുക്ക് സാധിക്കണം. വയനാട്ടിലെ പ്രകൃതി ദുരന്തത്തിൽ വേദനിക്കുന്നവരെ ചേർത്തുപിടിക്കാൻ അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിന് കീഴിൽ യോജിച്ച സംവിധാനം ഒരുക്കുമെന്ന് ഭാരവാഹികളായ പി.ബാവഹാജി, ടി.മുഹമ്മദ് ഹിദായത്തുല്ല, ബി.സി അബൂബക്കർ എന്നിവർ അറിയിച്ചു.

## ദുരന്ത ഭൂമിയിലേക്ക് ആശ്വാസമെത്തിക്കും

### ദുബൈ കോഴിക്കോട് ജില്ലാ കെഎംസിസി

ദുബൈ: വയനാട്ടിലും കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിലുമുള്ളവർ അപ്രതീക്ഷിത പ്രകൃതി ദുരന്തത്തെ തുടർന്ന് എന്ത് ചെയ്യണമെന്നറിയാതെ നിസഹായ അവസ്ഥയിലാണ്. പ്രവാസ ലോകത്തെ ഏറ്റവും വലിയ സംഘടനയും ജീവകാരുണ്യ പ്രവർത്തന രംഗത്തെ ഏറ്റവും വലിയ കൂട്ടായ്മയുമായ കെഎംസിസി സാന്ത്വനവുമായി രംഗത്തിറങ്ങും. രക്ഷാപ്രവർത്തനത്തോടൊപ്പം ജീവൻ നിലനിർത്താൻ ആവശ്യമായ സാധന സാമഗ്രികളും ഭക്ഷണങ്ങളും ദുരന്ത ഭൂമിയിലുള്ളവർക്ക് എത്തിക്കേണ്ടതുണ്ട്. അതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്ന് ദുബൈ കെഎംസിസി കോഴിക്കോട് ജില്ലാ പ്രസിഡന്റ് കെ.പി മുഹമ്മദും ജനറൽ സെക്രട്ടറി സയ്യിദ് ജലീൽ മഷ്ഹൂർ തങ്ങളും അറിയിച്ചു.

## നിയമലംഘനം നടത്തിയ ഹജ്ജ് ഓപ്പറേറ്റർമാരുടെ ലൈസൻസ് റദ്ദാക്കി



ദുബൈ: ശരിയായ രീതിയിൽ ഹജ്ജ് സർവീസ് നടത്താതിരുന്ന നിയമലംഘനം നടത്തിയ ഹജ്ജ് ഓപ്പറേറ്റർമാർക്കെതിരെ നടപടി യുഎഇയിലെ നാല് ഹജ് ഓപ്പറേറ്റർമാരുടെ ലൈസൻസ് ജനറൽ അതോറിറ്റി ഫോർ ഇസ്‌ലാമിക് അഫയേഴ്സ് വകുപ്പാണ് ലൈസൻസ് റദ്ദാക്കിയത്. നിയമങ്ങൾ ലംഘിച്ചതിന് 19 പേർക്ക് പിഴ ചുമത്തിയതായും അധികൃതർ അറിയിച്ചു. കഴിഞ്ഞ ഹജ് സീസണിലെ തീർഥാടകരുടെ പരാതികളുടെ അടിസ്ഥാനത്തിലാണ് നടപടി. ഹജ്ജ് ഓപ്പറേറ്റർമാർ തീർഥാടകരുമായി ഒപ്പിട്ട കരാറുകൾ കൃത്യമായി പാലിക്കണം എന്നും അധികൃതർ വ്യക്തമാക്കി. കരാറിൽ പറഞ്ഞിട്ടുള്ളതും അംഗീകരിച്ചതുമായ സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ തയ്യാറാകണം. കരാർ ലംഘനവും തീർഥാടകരോടുള്ള അവഗണനയും രാജ്യത്തിന്റെ മൂല്യങ്ങൾക്കും സമീപനത്തിനും വിരുദ്ധമാണെന്നും അതോറിറ്റി സൂചിപ്പിച്ചു. ഹജ്ജ് തീർഥാടകരെ ആകർഷിക്കുന്നതിനായി ഓപ്പറേറ്റർമാരുടെ സേവനങ്ങൾ നവീകരിക്കണമെന്നും അധികൃതർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## യുഎഇയിൽ ഡാവിൻസി ഗ്ലോ ആഗസ്റ്റിൽ ദൃശ്യമാകും



അബുദാബി: യുഎഇ നിവാസികൾക്ക് പ്രപഞ്ച പ്രതിഭാസമായ 'ഡാവിൻസി ഗ്ലോ' ആഗസ്റ്റ് മാസത്തിൽ ദൃശ്യമാകും. സാധാരണയായി അമാവാസി കഴിഞ്ഞ് കുറച്ച് ദിവസങ്ങൾക്ക് ശേഷമാണ് ഇത് കൂടുതലായും ദൃശ്യമാകുന്നത്. യുഎഇയിലെ അടുത്ത അമാവാസി ആഗസ്റ്റ് 4 നാണ്. ഡാവിൻസി ഗ്ലോ അല്ലെങ്കിൽ 'എർത്ത് ഷൈൻ' എന്നത് ചന്ദ്രന്റെ ഒരു വശത്ത് അതിശക്തമായ ഒരു തിളക്കം പ്രത്യക്ഷപ്പെടുകയും അത് പ്രകാശപൂരിതമാകുകയും ചെയ്യുന്ന പ്രതിഭാസമാണ്. പതിനാറാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇത് സംബന്ധമായ വിശദീകരണം നൽകിയതിനാൽ ലിയോനാർഡോ ഡാവിഞ്ചിയുടെ പേരിലാണ് ഈ പ്രതിഭാസം അറിയപ്പെടുന്നത്. ഈ അത്ഭുത പ്രതിഭാസം സൂര്യോദയത്തിന് തൊട്ടുമുമ്പും സൂര്യാസ്തമയത്തിന് ശേഷവും മാത്രമേ തെളിയുകയുള്ളൂ. ഏകദേശം 500 വർഷങ്ങൾക്ക് മുമ്പ് ലിയോനാർഡോ ഡാവിഞ്ചി 'ഡാവിൻസി ഗ്ലോ' എന്നറിയപ്പെടുന്ന വിചിത്രമായ തിളക്കം നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിരുന്നു എന്നാണ് നാസ പറയുന്നത്. ഈ പ്രതിഭാസം സാധാരണയായി വസന്തകാലത്താണ് അതിന്റെ ഉന്നതിയിലെത്തുന്നത്.

# വീണ്ടും വിമാനക്കൊള്ള: നാട്ടിൽ നിന്നുള്ള മടക്കയാത്രക്ക് നിരക്ക് അഞ്ചിരട്ടി



ദുബൈ: വിമാനയാത്രാ നിരക്ക് സംബന്ധിച്ച് ഗൾഫ് നാടുകളിലും ഇന്ത്യൻ പാർലമെന്റിലും ഗൗരവമായ ചർച്ചകൾ നടക്കുന്ന ഘട്ടത്തിലും വിമാനക്കൂലിയിൽ കൊള്ള നടത്താനൊരുങ്ങി കമ്പനികൾ. വേനലവധിക്ക് ശേഷം പ്രവാസികളുടെ മടക്കയാത്ര കണക്കാക്കി ടിക്കറ്റ് നിരക്കുകൾ കുത്തനെ ഉയർത്തിയിരിക്കുകയാണ്. മടക്കയാത്രാ ടിക്കറ്റ് നിരക്ക് 5 ഇരട്ടി വരെയാക്കി. ആഗസ്റ്റ് 10നു ശേഷം നാട്ടിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കുള്ള ടിക്കറ്റ് നിരക്കിലാണു നീതീകരിക്കാനാവാത്ത ഈ വർധന. ആഗസ്റ്റ് 11നു ദുബൈയിൽ നിന്നു കൊച്ചിയിലേക്കുള്ള എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിന്റെ നിരക്ക് 387 ദിർഹമാണ്. അതേ സമയം തിരികെ ദുബൈയിലേക്ക് അതേ വിമാനത്തിൽ യാത്ര ചെയ്യാൻ 1807 ദിർഹം നൽകണം. കഴിഞ്ഞ ദിവസം ബുക്ക് ചെയ്തവർക്കാണ് ഈ അനുഭവം. ഇനിയും നിരക്ക് വർധിക്കുമെന്നാണ് പറയുന്നത്. ആവശ്യക്കാർ വർധിക്കുന്നതനുസരിച്ച് ടിക്കറ്റ് നിരക്കും കൂടും. അതേസമയം, ഗൾഫിൽനിന്നു ഡൽഹി, മുംബൈ, ബെംഗളൂരു, ഹൈദരാബാദ് തുടങ്ങിയ മറ്റു സ്ഥലങ്ങളിലേക്കു സീസൺ സമയത്തു പോലും കേരളത്തിലേക്കുള്ള അത്ര നിരക്ക് ഉണ്ടാവാറില്ല. ഉയർന്ന നിരക്കു കാരണം ഡൽഹിയിലും മുംബൈയിലും ഇറങ്ങിയ ശേഷം കേരളത്തിലെത്തുന്ന പ്രവാസികളും ഏറെയാണ്. നാലു അംഗങ്ങളുള്ള ഒരു കുടുംബം നാട്ടിൽനിന്നു ഗൾഫിലെത്തണമെങ്കിൽ ഇപ്പോഴത്തെ നിരക്ക് പ്രകാരം 1.7 ലക്ഷം രൂപയെങ്കിലും മുടക്കണം.

## മെട്രോ, ട്രാം പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ സ്മാർട്ട് വാഹനങ്ങൾ റോന്തുചുറ്റും

ദുബൈ: ദുബൈ മെട്രോ, ട്രാം നെറ്റ്‌വർക്കുകൾക്കുള്ളിലെ ലംഘനങ്ങൾ, നിയന്ത്രിത പ്രവർത്തനങ്ങൾ, നാശനഷ്ടങ്ങൾ എന്നിവ കണ്ടെത്തുന്നത് സ്മാർട്ട്' പരിശോധന വാഹനങ്ങൾ നിരത്തിലിറക്കും. റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റി ക്യാമറകൾ ഘടിപ്പിച്ചതും നൂതന രഹസ്യാന്വേഷണ സംവിധാനങ്ങൾ ഉള്ളതുമായ വാഹനങ്ങളുടെ ട്രയൽ ഓപ്പറേഷൻ ആരംഭിച്ചു. ദുബൈയിലെ റെയിൽ അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കാൻ സ്മാർട്ട് വാഹനങ്ങൾ സഹായിക്കുമെന്ന് റെയിൽ റൈറ്റ് ഓഫ് വേ ഡയറക്ടർ അബ്ദുൽറഹ്മാൻ അൽ ജാനാഹി പറഞ്ഞു.

ഈ സാങ്കേതികവിദ്യ പരിശോധനകളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക മാത്രമല്ല, റെയിൽ സേവനങ്ങളുടെ സുരക്ഷിതത്വവും വിശ്വാസ്യതയും ഉറപ്പാക്കിക്കൊണ്ട് എന്തെങ്കിലും പ്രശ്നങ്ങൾ വേഗത്തിൽ തിരിച്ചറിയാനും പരിഹരിക്കാനും സഹായിക്കും. സ്മാർട്ട് ഇൻസ്പെക്ഷൻ വെഹിക്കിൾ, റെയിൽ ശൃംഖലയുടെ പുരോഗതി നിലനിർത്താൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. പരിശോധനാ മേഖലകളുടെ പൂർണ്ണമായ കവറേജ് കൈവരിക്കുക, റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന്റെ ഇരട്ടി വേഗത, ഔട്ട്പുട്ടുകളുടെ വിശ്വാസ്യത ഉറപ്പാക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## സൽമാൻ രാജാവിന്റെ പേരിൽ സൗദിയിൽ കൂറ്റൻ സ്റ്റേഡിയം



റിയാദ്: സൗദി ഭരണാധികാരി സൽമാൻ രാജാവിന്റെ പേരിൽ കൂറ്റൻ സ്റ്റേഡിയം നിർമ്മിക്കുന്നു. 92,000 പേർക്ക് ഇരിക്കാൻ സാധിക്കുന്ന കിംഗ് സൽമാൻ സ്റ്റേഡിയമാണ് തലസ്ഥാന നഗരമായ റിയാദിൽ നിർമ്മിക്കുക. 2029ൽ പദ്ധതി പൂർത്തിയാകും. റോയൽ കമ്മീഷനും കായിക മന്ത്രാലയവും ചേർന്നാണ് കിംങ് സൽമാൻ സ്റ്റേഡിയത്തിന്റെ ഡിസൈൻ പുറത്തിറക്കിയത്. ലോകത്തെ ഏറ്റവും വലിയ സ്റ്റേഡിയങ്ങളിൽ ഒന്നാകും കിംഗ് സൽമാൻ സ്റ്റേഡിയം. 6,60,000 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണത്തിലാണ് സ്റ്റേഡിയം നിർമ്മിക്കുന്നത്. ഉത്തര റിയാദിൽ കിംഗ് അബ്ദുൽ അസീസ് പാർക്കിന് സമീപമാണ് കിംഗ് സൽമാൻ സ്റ്റേഡിയം നിർമ്മിക്കുന്നത്. ഇത് സൗദി ദേശീയ ടീമിന്റെ പ്രധാന വേദിയായിരിക്കും. പ്രധാന കായിക മത്സരങ്ങളും പ്രവർത്തനങ്ങളും ഇവിടെയാകും സംഘടിപ്പിക്കുക. പ്രധാന സ്റ്റേഡിയത്തിൽ 150 സീറ്റുകളുള്ള ഒരു രാജകീയ ബോക്സ്, 120 ഹോസ്പിറ്റാലിറ്റി സ്യൂട്ടുകൾ, 300 വിഐപി സീറ്റുകൾ, വിശിഷ്ട വ്യക്തികൾക്കുള്ള 2,200 സീറ്റുകൾ എന്നിവയുൾപ്പെടെ 92,000 പേർക്ക് ഇരിക്കാനുള്ള സൗകര്യമാണ് ഉണ്ടാവുക. കാണികൾക്കുള്ള ഇരിപ്പിടങ്ങളിലും സ്റ്റേഡിയത്തിന്റെ ഗ്രൗണ്ടിലും സുസ്ഥിരമായ കൂളിംഗ് സംവിധാനവുമൊരുക്കും. സ്റ്റേഡിയത്തിന്റെ മുകൾ ഭാഗം സ്ക്രീനുകളാൽ ചുറ്റപ്പെട്ടിരിക്കും. സ്റ്റേഡിയത്തിന്റെ മേൽക്കൂരയിൽ കിംഗ് അബ്ദുൽ അസീസ് പാർക്കിന്റെ വേറിട്ട കാഴ്ച സമ്മാനിക്കുന്ന നടപ്പാതയുമുണ്ടാകും. വോളിബോൾ, ബാസ്കറ്റ്ബോൾ, പാഡൽ കോർട്ടുകൾ തുടങ്ങിയ ഔട്ട്ഡോർ കോർട്ടുകൾക്ക് പുറമെ, വിവിധ കായിക വിനോദങ്ങൾ പരിശീലിക്കാനുള്ള രണ്ട് റിസർവ് മൈതാനങ്ങൾ, ആരാധകർക്കുള്ള അരീനകൾ, ഇൻഡോർ ജിം, ഒളിംപിക് സ്വിമ്മിംഗ് പൂൾ, അത്‌ലറ്റിക്സ് ട്രാക്ക് തുടങ്ങി അനുബന്ധ സ്പോർട്സ് സ്ഥാപനങ്ങളും സ്റ്റേഡിയത്തിന് സമീപമുണ്ടാകും.

## ലോകത്തിലെ ഏറ്റവും സുരക്ഷിത നഗരങ്ങളിൽ മൂന്നെണ്ണവും ഗൾഫിൽ

അബുദാബി: ലോകത്തെ ഏറ്റവും സുരക്ഷിതമായ മൂന്ന് നഗരങ്ങളും ഗൾഫ് മേഖലയിൽ. ഒന്നാം സ്ഥാനത്തുള്ളത് അബുദാബി, രണ്ടാം സ്ഥാനത്ത് അജ്മാൻ, മൂന്നാം സ്ഥാനത്ത് ഖത്തർ തലസ്ഥാനാമായ ദോഹ എന്നീ നഗരങ്ങളാണ് ആദ്യ സ്ഥാനങ്ങളിൽ ഇടം പിടിച്ചത്. ഓൺലൈൻ ഡാറ്റാബേസ് സ്ഥാപനമായ നംബയോ തയാറാക്കിയ അർധവാർഷിക ക്രൈം ഇൻഡെക്സിലാണ് ജിസിസി നഗരങ്ങൾ മികച്ച പ്രകടനം കാഴ്ചവച്ചത്. പട്ടിക പ്രകാരം ഏറ്റവും കുറ്റകൃത്യങ്ങൾ കുറഞ്ഞ നഗരങ്ങളിൽ ഒന്നാം സ്ഥാനത്ത് യുഎഇ നഗരമായ അബുദാബിയാണ്. മൂന്നാം സ്ഥാനത്തുള്ള ഖത്തർ തലസ്ഥാനമായ ദോഹയുടെ ക്രൈം ഇൻഡക്സ് 16.1 ആണ്. കവർച്ച, അക്രമം, പൊതുമുതൽ നശിപ്പിക്കൽ എന്നിവ അടിസ്ഥാനമാക്കിയാണ് പട്ടിക തയാറാക്കിയിരിക്കുന്നത്. കുറ്റകൃത്യങ്ങളുടെ നിരക്ക് 20 ൽ കുറഞ്ഞ നഗരങ്ങളെ ഏറ്റവും സുരക്ഷിതമായാണ് കണക്കാക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 311 നഗരങ്ങളാണ് പട്ടികയിലുള്ളത്. ദക്ഷിണാഫ്രിക്കൻ നഗരങ്ങളായ പീറ്റർമെരിറ്റ്സ്ബർഗ്, പ്രിട്ടോറിയ എന്നിവയാണ്കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതലുള്ള നഗരങ്ങൾ.

**നീ** ക്ഷമിക്കുക. സുകൃതവാൻമാരുടെ പ്രതിഫലം അല്ലാഹു നഷ്ടപ്പെടുത്തിക്കളയുകയില്ല; തീർച്ച.
( വിശുദ്ധ ഖുർആൻ: 01: 115 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 മുഹറം 25 • 1199 കർക്കിടകം 16

# ഹൃദയം തകർന്ന് വയനാട്

ചൂരൽമലയിലും മുണ്ടക്കൈയിലുമുണ്ടായ ഉരുൾപൊട്ടൽ വയനാടിന്റെ ഹൃദയം തകർത്തിരിക്കുകയാണ്. 2019ൽ നിരവധി പേരുടെ ജീവനെടുത്ത പുത്തുമലയിൽ നിന്ന് മൂന്നു കിലോമീറ്റർ മാത്രം ദൂരമുള്ള പ്രദേശങ്ങളിലുണ്ടായ ദുരന്തത്തിൽ നൂറുക്കണക്കിനാളുകളാണ് മണ്ണിലടിയിലകപ്പെട്ടത്. കിലോമീറ്ററുകൾക്കപ്പുറത്ത് ചാലിയാറിന്റെ വിവധ ഭാഗങ്ങളിൽ നിന്നാണ് പല മൃതദേഹങ്ങളും കണ്ടെത്തിയത് എന്നതു തന്നെ ദുരന്തത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നുണ്ട്. കഴുത്തും കൈകാലുകളുമെല്ലാം വേർപ്പെട്ട രീതിയിലായിരുന്നു മൃതദേഹങ്ങളിൽ പലതും. ഉരുൾപൊട്ടലിന്റെ പ്രഭവ കേന്ദ്രമായ മുണ്ടക്കൈ പുഞ്ചിരിവട്ടം പ്രദേശത്ത് ഒന്നും അവശേഷിക്കുന്നില്ലെന്നാണ് അവിടെ കുടുങ്ങിപ്പോയവർ നൽകുന്ന വിവരം. ലയത്തിൽ ജോലി ചെയ്തുകൊണ്ടിരുന്ന ഇതര സംസ്ഥാന തൊഴിലാളികളുൾപ്പെടെ നിരവധി പേർ ഇവിടെ താമസക്കാരായുണ്ടായിരുന്നു. പ്രദേശത്തേക്ക് എത്തിപ്പെടാനുള്ള ഏക ആശ്രയമായ പാലം തകർന്നുപോയതോടെ രക്ഷാ പ്രവർത്തകർക്ക് ഈ പ്രദേശത്തേക്ക് ഇന്നലെ വളരെ വൈകിയാണ് എത്താൻ സാധിച്ചത്. രക്ഷിക്കണമെന്ന് ഫോണിലൂടെ നിലവിളിച്ചവരെ പിന്നീട് ബന്ധപ്പെടാൻ പോലും സാധിച്ചില്ല. കുട്ടികളെയെങ്കിലും രക്ഷപ്പെടുത്തണമേയെന്നായിരുന്നു ആ ഫോണുകളിൽ നിന്ന് അവസാനമായി ഉയർന്നുകേട്ട വിലാപം. താൽക്കാലിക പാലം നിർമിക്കാനുള്ള ശ്രമം കരസേനയും ഹെലികോപ്റ്റർ വഴിയുള്ള രക്ഷാപ്രവർത്തനത്തിന് വ്യോമസേനയും ദ്രുതഗതിയിലുള്ള ശ്രമങ്ങളാണ് നടത്തിയത്. ചൂരൽമല അങ്ങാടി ഒറ്റരാത്രികൊണ്ട് ഇല്ലാതായിരിക്കുകയാണ്. മരണപ്പെട്ടവരുടെ മൃതദേഹങ്ങൾപോലും കാണാനില്ലാത്ത അവസ്ഥയാണ് ഇവിടെയുള്ളത്.

ഇതിനുമുമ്പ് നാടിനെ പിടിച്ചുകുലുക്കിയ കവളപ്പാറ, പുത്തുമല ഉരുൾപ്പൊട്ടലുകൾക്ക് സമാനമാണ് മുണ്ടക്കൈ ചൂരൽമല പ്രദേശത്തുണ്ടായിരിക്കുന്ന ദുരന്തവും. സഞ്ചാരികളെ മാടിവിളിക്കുന്ന കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യത്തോടൊപ്പം അതീവ ദുർബല പരിസ്ഥിതി പ്രദേശമെന്ന പ്രത്യേകതയും ഈ പ്രദേശങ്ങൾക്കുണ്ട്. ഇത്തവണ വടക്കൻ മലബാറിൽ പെയ്തുകൊണ്ടിരിക്കുന്നത് കനത്ത മഴയാണ്. ശരാശരി ലഭിക്കേണ്ട മഴയേക്കാൾ 50 ശതമാനം മുതൽ 70 ശതമാനം അധികമാണ് ഇക്കഴിഞ്ഞ ഒരാഴ്ച്ച ലഭിച്ചത്. അതോടൊപ്പം കഴിഞ്ഞ രാത്രിയിലുണ്ടായ അതിതീവ്ര മഴകൂടിയായതോടെ ദുരന്തം എത്തിച്ചേരുകയായിരുന്നു. തലേന്നു രാത്രി കനത്ത മഴ ആരംഭിച്ചതോടെ തന്നെ പ്രദേശവാസികൾ അപകടംമണത്തിരുന്നു. രോഗികളും വൃദ്ധരും കുട്ടികളുമൊക്കെയുള്ള വീടുകളിൽ നിന്ന് പരസ്പരം ബന്ധപ്പെട്ടുകൊണ്ടിരുന്നുവെങ്കിലും ഈ രാത്രിപുലരുവോളം ദുരന്തങ്ങളുണ്ടാവില്ലെന്ന വിശ്വാസത്തിൽ അവർ ഉറങ്ങാൻ കിടക്കുകയായിരുന്നു. എന്നാൽ അർധ രാത്രിയോടെ ദുരന്തം ഒന്നിനു പിറകെ ഒന്നായി സംഭവിക്കുകയായിരുന്നു.

പുലർച്ചയോടെ പുറംലോകം വിവരമറിഞ്ഞതോടെ ഔദ്യോഗിക സംവിധാനങ്ങളും സന്നദ്ധപ്രവർത്തകരും പ്രദേശത്തേക്ക് കുതിച്ചെത്തിയെങ്കിലും വിറങ്ങലിക്കുന്ന കാഴ്ച്ചക്കാണ് അവർക്ക് സാക്ഷ്യം വഹിക്കേണ്ടിവന്നത്. അതീവ ദുഷ്കരമായ സാഹചര്യമായിരുന്നിട്ടുപോലും സാധ്യമായ എല്ലാ രക്ഷാ പ്രവർത്തനങ്ങളും പൊടുന്നനെ തന്നെ നടക്കുകയുണ്ടായി. കരസേനയും വ്യോമ സേനയുമെത്തിയതോടെ രക്ഷാപ്രവർത്തനങ്ങൾക്ക് ദിശാബോധം കൈവരുകയും പരമാവധി മൃതദേഹങ്ങളും കുടുങ്ങിക്കിടന്നവരെയും രക്ഷിക്കാൻ സാധിക്കുകയുമുണ്ടായി. എങ്കിലും അപകടത്തിൽ പെട്ടവരിൽ ഭൂരിപക്ഷത്തെയും ഇന്നലെ രക്ഷിക്കാനായിട്ടില്ല. പ്രദേശത്തെ മദ്രസകളിലും റിസോട്ടുകളിലുമൊക്കെ അഭയംതേടിയവരെ രക്ഷിക്കാനുള്ള ശ്രമങ്ങൾ രാത്രി വൈകിയും തുടരുകയാണ്.

ദുരന്തബാധിതപ്രദേശങ്ങളിൽ മലയാളി നടത്തുന്ന രക്ഷാപ്രവർത്തനങ്ങൾ ലോകത്തിനു തന്നെ മാതൃകയാണ്. അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ഉരുൾപ്പൊട്ടൽ വാർത്തപരന്നയുടനെ നാടൊന്നാകെ മേപ്പാടിയിലേക്ക് ഒഴുകിയെത്തിയത്. എന്നാൽ ജനങ്ങളുടെ ഒഴുക്ക് ദുരന്ത നിവാരണ പ്രവർത്തനത്തെ ബാധിക്കുന്നുവെന്ന പ്രദേശത്തുനിന്നുള്ള റിപ്പോർട്ടുകൾ അതീവ ഗൗരവതരമാണ്. വാഹനങ്ങളുടെ ആധിക്യം മൃതദേഹങ്ങളെയും രോഗികളേയും വഹിച്ചുകൊണ്ടുള്ള ആംബുലൻസുകളുടെ യാത്രക്ക് ഭംഗംവരുത്തുന്നുവെന്നത് ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതാണ്. വടക്കൻ മലബാറിൽ തിമിർത്തു പെയ്തുകൊണ്ടിരിക്കുന്ന മഴ വലിയ മുന്നറിയിപ്പായി നാം കാണേണ്ടതുണ്ട്. ഓരോ പ്രദേശത്തെയും സാഹചര്യങ്ങൾ വിലയിരുത്തി ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കേണ്ടതുൾപ്പെടെയുള്ള മുന്നൊരുക്കങ്ങളിൽ എല്ലാവരും കർമ നിരതമാകേണ്ട സമയമാണിത്.

# വയനാടിന്റെ ഉള്ളുപൊട്ടുമ്പോൾ...

**ലുഖ്മാൻ മമ്പാട്**

തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018 ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. മഹാപ്രളയത്തിന്റെ നൂറാം വാർഷിക വേളയിൽ ഒരു കുഞ്ഞു മേഖലയിൽ, മേപ്പാടിയിൽ ദുരന്തങ്ങളുടെ ദുരന്തമായി ഉരുൾപൊട്ടിയിരിക്കുന്നു; ഉള്ളുപൊട്ടി തോരാക്കണ്ണാരായിരിക്കുന്നു. 2019 ഓഗസ്റ്റ് എട്ടിനായിരുന്നു വയനാടിനെ പിടിച്ചുലച്ച പുത്തുമല ദുരന്തം നടന്നത്. 17 ജീവനെടുത്ത ആ ഉരുൾപൊട്ടൽ നടന്നിട്ട് അഞ്ച് വർഷം തികയാൻ ഒരാഴ്ച ബാക്കിയുള്ളപ്പോഴാണ് തൊട്ടടുത്ത മേപ്പാടിയിൽ സമാന ദുരന്തം കൂടുതൽ തീവ്രമായി കുത്തിയൊലിച്ചത്.

ഉത്തരകർണാടകയിൽ കാർവാർ അങ്കോള ഷിരൂർ മേഖലകളിലെ മണ്ണിടിച്ചിലും രക്ഷാദൗത്യവും അകലെ നിന്ന് നോക്കിക്കണ്ട മലയാളികളുടെ മൂക്കിൻതുമ്പിലാണ് ദുരന്തം മുട്ടിവിളിച്ചത്. അതിതീവ്രമായ മഴയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഒരു പ്രദേശം മുഴുവൻ ഇല്ലാതായി. രാത്രി ഉറങ്ങാൻ കിടന്ന കുഞ്ഞുങ്ങൾ അടക്കമുള്ളവരാണ് നേരം പുലരുന്നതിന് മുൻപ് ജീവൻ നഷ്ടപ്പെട്ട് മണ്ണിൽ പുതഞ്ഞുപോയത്. പുലർച്ചെ രണ്ടിനാണ് ആദ്യ ഉരുൾപൊട്ടലുണ്ടായത്. തുടർന്ന് 4.10 ഓടെ വീണ്ടും ഉരുൾപൊട്ടി. മേപ്പാടിയും മുണ്ടക്കൈയും ചൂരൽമല ഉൾപ്പെടെ പ്രദേശത്തെ പല സ്ഥലങ്ങളും ഒറ്റപ്പെട്ടു. ചൂരൽമല, മുണ്ടക്കൈ റോഡ് ഒലിച്ചുപോയി. ഇവിടെയുള്ള വെള്ളാർമല ജി.വി.എച്ച് സ്കൂൾ പൂർണമായും മണ്ണിനടിയിലായി. ഇരുവഴിഞ്ഞിപ്പുഴ രണ്ടായി. വീടുകൾക്കും ജീവനോപാധികൾക്കുമേറ്റത് വലിയ നാശനഷ്ടമാണ്. മേപ്പാടി മുണ്ടക്കൈ, ചൂരൽമല മേഖലയിൽ കാണപ്പെടുന്നത് ബ്ലാക്ക് ലാറ്ററേറ്റ് എന്ന വിഭാഗത്തിൽ പെടുന്ന മണ്ണാണ്. കാഠിന്യം കുറവായതിനാൽ വെള്ളം ആകിരണം ചെയ്യും. അധികമായാൽ പെട്ടന്നു പുറന്തള്ളും. കനത്തമഴയിൽ കുതിരുമ്പോൾ ചായയിൽ മുക്കിയ ബണ്ണുപോലെയാവുന്നതോടെ വെള്ളം താങ്ങാതെ അണക്കെട്ടുപോലെ പൊട്ടുമെന്ന് വിദഗ്ധർ പറയുന്നു.

> മേപ്പാടി മുണ്ടക്കൈ, ചൂരൽമല മേഖലയിൽ കാണപ്പെടുന്നത് ബ്ലാക്ക ലാറ്ററേറ്റ് എന്ന വിഭാഗത്തിൽ പെടുന്ന മണ്ണാണ്. കാഠിന്യം കുറവായതിനാൽ വെളളം ആകിരണം ചെയ്യും. അധികമായാൽ പെട്ടന്നു പുറന്തള്ളും. കനത്തമഴയിൽ കുതിരുമ്പോൾ ചായയിൽ മുക്കിയ ബണ്ണുപോലെയാവുന്നതോടെ വെള്ളം താങ്ങാതെ അണക്കെട്ടുപോലെ പൊട്ടുമെന്ന് വിദഗ്ധർ പറയുന്നു.

കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ലഭിക്കുന്ന മഴയുടെ തീവ്രതയിലും അളവിലും ഇടവേളയിലുമെല്ലാം വ്യത്യാസമുണ്ടായപ്പോൾ അതിന്റെ പ്രത്യാഘാതങ്ങളും ഗുരുതരമായി. ജൂണിൽ പ്രതീക്ഷിച്ച മഴ ലഭിച്ചില്ലെങ്കിലും ജൂലൈയിൽ കനത്ത മഴയാണ് ലഭിച്ചത്. ദിവസങ്ങളായി തുടരുന്ന കനത്തമഴയെത്തുടർന്ന് റെഡ് അലർട്ട് അടക്കം അതീവജാഗ്രത മുന്നറിയിപ്പിലായിരുന്നു വയനാട് ജില്ല. തിങ്കളാഴ്ച ഓറഞ്ച് അലെർട്ട് മാത്രവും. മഴ കനത്തതിനാൽ ഏതാനും പേരെ മാറ്റിപാർപ്പിച്ചിരുന്നെങ്കിലും ഓറഞ്ച് അലർട്ടാണ് നിലനിന്നിരുന്നതെന്നതിനാൽ വലിയ മുൻകരുതലുണ്ടായില്ല.



64 മുതൽ 204 വരെ മില്ലിമീറ്റർ മഴ പെയ്യും എന്നായിരുന്നു മുന്നറിയിപ്പ്. എന്നാൽ ആദ്യത്തെ 24 മണിക്കൂറിനുള്ളിൽ 200 മില്ലി മീറ്ററും അടുത്ത 24 മണിക്കൂറിനുള്ളിൽ 372 മില്ലിമീറ്റർ മഴയുമാണ് ഇവിടെ പെയ്തത്. 48 മണിക്കൂറിനുള്ളിൽ 572 മില്ലിമീറ്റർ മഴ. കഴിഞ്ഞ 24 മണിക്കൂറിനകം ലഭിച്ച 372 മില്ലീ മീറ്റർ മഴ പോലും മഴ കുറഞ്ഞ കേരളത്തിലെ ഒരു സ്ഥലത്ത് ഒരു മാസം ലഭിക്കുന്ന മഴയിലേറെയാണ്.

13 ഡിഗ്രിയിലേറെ ചെരിവുള്ള കാഠിന്യമില്ലാത്ത പ്രദേശത്ത് ഇത്രയധികം മഴ ഒന്നിച്ച് ലഭിക്കുമ്പോൾ അതൊരു ജലബോംബ് മാത്രമല്ല, പൊട്ടിയാൽ ആറ്റംബോംബിന് സമാനമാണ്. പ്രത്യേകിച്ചും സോയിൽ പൈപ്പിംഗ് പ്രതിഭാസവും ദുരന്തത്തിന്റെ വ്യാപ്തി കൂട്ടി. താഴ്‌വാരത്തെ വലിയ മരങ്ങൾ മുറിക്കപ്പെട്ട് വേര് ഉണങ്ങി പൊത്ത് രൂപപ്പെടുകയും മഴ പെയ്യുമ്പോൾ അതിൽ വെള്ളം നിറഞ്ഞ് ചെറു ഡാമാവുകയും ചെയ്യും. ആയിരം ലിറ്റർ വരെ വെള്ളമുള്ള ഇത്തരം സോയിൽ പൈപ്പിംഗാണ് പുത്തുമലയിലെ ഉരുൾപൊട്ടലിന് കാരണമെന്നാണ് കണ്ടെത്തിയത്. മുണ്ടക്കൈയിലെ ഉരുൾപൊട്ടലിന്റെ കാരണം ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. പക്ഷെ, ഭൂ പ്രകൃതി വെച്ചു നോക്കുമ്പോൾ ഏറെക്കുറെ സമാനമാണെന്ന് വിദഗ്ധർ പറയുന്നു.

ഹൃദയവായ്പുപോലെ ഇരകളെ നെഞ്ചോട് ചേർക്കുമ്പോഴും പഞ്ചഭൂതാത്മക പ്രകൃതിയെ സംരക്ഷിച്ച് ആരാധിച്ചിരുന്ന നാടിന് ഇതെന്തുപറ്റിയെന്ന ചോദ്യമുയരുകയാണ്. പ്രകൃതിനാശം വരുത്തി നടപ്പാക്കിയ വികസന പദ്ധതികളും ചൂഷണങ്ങളുമെന്ന് കാടടച്ച് ആരോപണം ഉന്നയിക്കാം. പക്ഷെ, അതു മാത്രമാണോ ഇത്തരം പ്രകൃതി ദുരന്തങ്ങൾക്ക് കാരണം. വിഖ്യാത പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ. മാധവ് ഗാഡ്ഗിലിന്റെ റിപ്പോർട്ടും പരിസ്ഥിതിലോല മേഖലയുമെല്ലാം വീണ്ടും ചർച്ചയാവുകയുമാണ്. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ കൃത്യമായി അടയാളപ്പെടുത്തി വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ടായിരുന്നു ഡോ. മാധവ് ഗാഡ്ഗിലും 14 പേരും ചേർന്ന് തയാറാക്കിയത്.

പശ്ചിമഘട്ട സംരക്ഷണത്തിന് 2013ൽ ഡോ. മാധവ് ഗാഡ്ഗിൽ അധ്യക്ഷനായി കേന്ദ്രത്തിനു സമർപ്പിച്ച റിപ്പോർട്ടിൽ ഉരുൾപൊട്ടലടക്കമുള്ള മുന്നറിയിപ്പുകളുണ്ടായിരുന്നു. പക്ഷേ ഭരണകൂടങ്ങൾ ആ പ്രവചന സ്വഭാവമുള്ള റിപ്പോർട്ട് അവഗണിച്ചപ്പോൾ അദ്ദേഹം പറഞ്ഞു; ഞാൻ പറയുന്നത് സംഭവിക്കാൻ യുഗങ്ങൾ വേണ്ട. നാലോ അഞ്ചോ കൊല്ലം മതി. ആയുസുണ്ടെങ്കിൽ ഞാനുമത് കാണും. ഈ വേദനയും മരവിപ്പും മാറുമ്പോൾ എല്ലാം മറക്കുന്നതാണ് പ്രശ്നം. വയനാട്ടിലെ 23 ൽ 12 പഞ്ചായത്തുകളും റെഡ് സോണുകളിൽ ഉൾപ്പെട്ടവയാണെന്ന് പല പഠനങ്ങളും പറയുന്നുണ്ട്. ഇപ്പോൾ ദുരന്തമുണ്ടായ മേപ്പാടിയും ഇതിൽപ്പെടും.

ജൂലൈ - ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018ൽ കേരളത്തിൽ വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 ഉം തുറന്നുവിടേണ്ടി വന്നത്. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ അഞ്ചു ഷട്ടറുകൾ ഒരുമിച്ചു തുറന്നത്.

കനത്ത മഴയിലും, പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേർ ആശുപത്രിയിലായതായുമാണ് കണക്ക്. പ്രളയത്തേയും തൽഫലമായുണ്ടായ കെടുതികളെയും തുടർന്ന് കേരളത്തിന് ഏകദേശം 40,000 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. ഇപ്പോഴുണ്ടായ വയനാട് ദുരന്തത്തിന്റെ വ്യാപ്തി ഇന്നേവരെ കേരളം കണ്ടിട്ടില്ലാത്തത്ര വലുതാണ്. അരികിൽ വലിയമലയോ കുന്നുകളോ ഇല്ലാത്തതിനാൽ ചൂരൽമല നിവാസികൾ ഒരു ഉരുൾപൊട്ടലിന്റെ സാധ്യത ഒരിക്കലും ആലോചിച്ചിരുന്നില്ല. എന്നാൽ, കിലോമീറ്ററുകൾ അകലെയുള്ള മുണ്ടക്കൈ അപ്പാടെ ഒഴുകി എത്തിയാണ് നിരവധിപേരുടെ ജീവനുകൾ കവർന്നത്.

കുഞ്ഞുങ്ങൾ അടക്കം നിരവധിപേരെ കാണാനില്ലെന്ന സ്ത്രീകളുടെ നിലവിളിയാണ് ചൂരൽമല അങ്ങാടിയിൽ നിന്നുയരുന്നത്. ചൂരൽമലയിലും മുണ്ടക്കൈയിലുമായി രക്ഷപ്പെടാൻ സാധ്യതകാത്ത് കഴിയുന്നവരെയും പരിക്കേറ്റവരെയും സുരക്ഷിത തീരത്തേക്ക് വഴിനടത്താൻ വലിയ കൂട്ടായ്മയാണ് രൂപപ്പെട്ടത്. പാണക്കാട് സയ്യിദ് സാദിഖലി തങ്ങളും മന്ത്രിമാരുമെല്ലാം വൈകാതെ അവിടെയെത്തി. രാഹുൽഗാന്ധി ഉൾപ്പെടെ ഇവിടെയെത്തും. ഡ്രോണുകളും പൊലീസ് നായകളും ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനം സൈന്യത്തിന്റെ മദ്രാസ് എൻജിനീയറിങ് ഗ്രൂപ്പ് (എം.ഇ.ജി) ബെംഗളുരുവിൽനിന്നെത്തുമ്പേൾ വലിയ പ്രതീക്ഷയുണ്ട്.

ചൂരൽമലയിലെ പാലം തകർന്നതോടെ ഒറ്റപ്പെട്ട മേഖലയിൽ രക്ഷാ സംഘമെത്തി ദൗത്യം നിർവഹിക്കുന്നതിന്റെ കഷ്ടപ്പാട് ചില്ലറയല്ല. കണ്ടെടുത്ത മൃതദേഹങ്ങൾ നൂറു കവിഞ്ഞിരിക്കുന്നു. അത്രത്തോളം പേരെ കാണാനുമില്ല. ലെഫ്റ്റനന്റ് കേണലിന്റെ നേതൃത്വത്തിലുള്ള സൈനിക ടീം പുഴ മുറിച്ച് കടന്ന് മുണ്ടക്കൈ മാർക്കറ്റ് മേഖലയിലെത്തി. അവിടെ കുടുങ്ങിക്കിടന്ന പരിക്കേറ്റ മുഴുവനാളുകളെയും രക്ഷപ്പെടുത്തുന്നു. എൻ.ഡി.ആർ.എഫിന്റെ 60 അംഗ ടീമിന് പുറമെ ഇന്ന് കൂടുതൽ വിദഗ്ധർ എത്തും. നാമൊന്നായ് ഈ ദുരന്തവും മറികടക്കും; നാളെ പ്രകൃതിയെയും നമ്മിലൊരാളായി കണ്ടേ മതിയാവൂ.

## പോസ്റ്റ് ബോക്സ്

chandrikapostbox@gmail.com

# ഇനിയുമെത്ര നാൾ!

'തലയിലും നെഞ്ചിലും വെടിയേറ്റ് പിടയുന്ന പിഞ്ചുകുഞ്ഞുങ്ങളാണ് ഓരോ ദിവസവും ഞങ്ങളുടെ മുന്നിൽ എത്തുന്നത്. ഗസ്സയിൽ നിന്ന് മടങ്ങിവന്ന് ആഴ്ചകൾ പിന്നിട്ടിട്ടും ഞങ്ങളിൽ പലരെയും അവിടുത്തെ കാഴ്ചകൾ വേട്ടയാടി കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ ഉറക്കം കെടുത്തുകയാണ് ആ കാഴ്ചകളും കണ്ണീരുകളും, നമ്മുടെ ആയുധങ്ങളാൽ മുറിവേറ്റ് വികൃതമാക്കപ്പെട്ട കുട്ടികൾ, അവരെ രക്ഷിക്കാൻ ഞങ്ങൾക്കു മുന്നിൽ അലമുറയിട്ട് കരയുന്ന അമ്മമാർ, അവരെ ആശ്വസിപ്പിക്കാൻ പോലും കഴിയാതെ നിസ്സഹായരായി പോകുന്ന നിമിഷങ്ങളായിരുന്നു അത്'.ഗസ്സയിൽ സന്നദ്ധ സേവനം നടത്തിയ അമേരിക്കൻ ഡോക്ടർമാർ, വംശവെറിയിൽ നിശബ്ദത വെടിയണമെന്നും വെടിനിർത്തലിന് ആഹ്വാനം ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് യു.എസ് പ്രസിഡന്റിനും,വൈസ് പ്രസിഡണ്ടിനും അയച്ച കത്തിലെ വരികളായിരുന്നു ഇത്.ഫലസ്തീനിൽ ഏകദേശം 92,000ത്തോളം,അതായത് പുറത്തുവന്ന കണക്കുകളുടെ ഇരട്ടിയിലധികം മരണം ഇതിനകം സംഭവിച്ചു കഴിഞ്ഞുവെന്നും കത്തിൽ കാണാൻ കഴിയും.

ആധുനികലോകം ഇത്രയേറെ പുരോഗമനങ്ങൾ കൈവരിച്ചിട്ടു കൂടി, നാൾക്കുനാൾ രാജ്യങ്ങൾ തമ്മിൽ വിവിധ മേഖലകളിലായി പരസ്പരം മത്സരിച്ചു കൊണ്ടിരിക്കുമ്പോൾ മനപ്പൂർവ്വം ഒന്നും കാണാത്തതുപോലെ നടിക്കുകയാണോ രാജ്യ തലവന്മാർ? ഒരു ദിവസം മാത്രം 30ലധികം കൊലപാതകങ്ങൾക്കാണ് ഗസ്സയിലെ തെരുവോരങ്ങൾ സാക്ഷിയായി കൊണ്ടിരിക്കുന്നത്.അതിൽ സഹോദരി സഹോദരങ്ങളുണ്ട്, അമ്മമാരുണ്ട്,മുലകുടി പോലും മാറാത്ത പിഞ്ചു കുഞ്ഞുങ്ങളുമുണ്ട്,നടക്കാൻ പോലും ശേഷിയില്ലാത്ത വൃദ്ധകളുമുണ്ട്. ഇതിനൊരറുതി വേണ്ടേ? ആർക്കാണ് നെതന്യാഹു എന്ന കാപാലികന്റെ അഴിഞ്ഞാട്ടത്തിന് തടയിടാൻ കഴിയുക? വെടി നിർത്താനും യുദ്ധം അവസാനിപ്പിക്കാനും പല രാജ്യങ്ങളും അഭ്യർത്ഥിക്കുന്നതായി കാണുന്നുണ്ട്.എന്നാൽ ഇസ്രായേലിന്റെ ചലനത്തെ ഒരു സെക്കൻഡ് പോലും വൈകിപ്പിക്കാൻ ലോകരാജ്യങ്ങൾക്ക് കഴിയാത്തത് എന്തുകൊണ്ടാണ്?ആധുനിക സാങ്കേതിക വിദ്യകളിലായാലും സൈനികശക്തികളിലായാലും നൂതന കണ്ടുപിടിത്തങ്ങളിലായാലും ഇസ്രായേലിനേക്കാൾ കരുത്തും ശക്തിയും കെട്ടുറപ്പുള്ള എത്രയെത്ര രാജ്യങ്ങൾ ഇന്ന് ലോകത്തുണ്ട്?ഒരുപക്ഷെ,മൗനമായിരിക്കാം അവരുടെ ആയുധം.കാരണം,വൃത്തികെട്ട രാഷ്ട്രീയ ചൂതാട്ടങ്ങൾക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ് ഓരോ രാഷ്ട്രീയ തലവന്മാരും എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിനൊരന്ത്യം ഉണ്ടാകുമോ? ഇനിയും എത്ര നാൾ കാത്തിരിക്കണം തൂവെള്ള വസ്ത്രവുമണിഞ്ഞു തന്റെ കൂട്ടുകാരിയുടെ കൈകൾ കോർത്തുകൊണ്ട് അവരുടെ ഹൃദയങ്ങൾ പുഞ്ചിരി തൂകുന്നത് കാണാൻ. പുകയിലും മാലിന്യങ്ങളിലും പെട്ട് മാരകമായ ഹെപ്പറ്റൈറ്റിസ്,പോളിയോ പോലുള്ള മാരകമായ പകർച്ചവ്യാധികൾ അനുദിനം വർദ്ധിച്ചു വരാൻ സാധ്യതയുള്ളതായി ഡബ്ലിയു.എച്ച്.ഒ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. നെതന്യാഹുവിന്റെയും കാപാലികരുടെയും ക്രൂരമ്പുപോലെ ഹൃദയത്തിൽ തറച്ചുകയറുന്ന വെടിയുണ്ടകൾ,സ്വന്തം മാതാവിനെ പോലും തിരിച്ചറിയാത്ത ചെന്നായ്ക്കളുടെ കഠിന പീഡനം,മുലകുടി മാറാത്ത പിഞ്ചു പൈതലിനെ പോലും വെറുതെ വിടാത്ത നാരദന്മാരുടെ കാലൊച്ചകൾ,പടർന്നുപിടിക്കുന്ന മാരകമായ പകർച്ചവ്യാധികൾ,മനസ്സിലും ശരീരത്തിലും ഒരുപോലെ വേദനകൾ മാത്രം.ഫലസ്തീനികൾക്ക് മറികടക്കാൻ ഏറെയുണ്ട്.

സ്വന്തം വീട്ടിൽ അന്തിയുറങ്ങുന്ന തന്റെ കുഞ്ഞിനെയായിരുന്നു അവർ കൊന്നുകളഞ്ഞിരുന്നത് എങ്കിൽ,അടുക്കളയിൽ തനിക്കുവേണ്ടി ഭക്ഷണം പാകം ചെയ്യുന്ന ഗർഭിണിയായ ഭാര്യയെയായിരുന്നു അവർ ക്രൂര ബലാത്സംഗത്തിനിരയാക്കിയിരുന്നത് എങ്കിൽ,വാർദ്ധക്യം മൂലം തളർന്നു കിടക്കുന്ന സ്വന്തം മാതാവിനെയായിരുന്നു അവർ മർദ്ദിച്ചിരുന്നത് എങ്കിൽ ഒരു നിമിഷം പോലും വെറുതെ ഇരിക്കാൻ നമുക്ക് കഴിയുമായിരുന്നോ!? അന്യായത്തിന്റെയും നീതിനിഷേധത്തിന്റെയും വംശവെറിയുടെയും പിന്നിൽ കറുത്ത കരങ്ങളുമായി പതിയിരിക്കുന്ന കാപാലികന്റെ അംഗവിഛേദനം നടത്താൻ എനിക്കൊരവസരം ലഭിക്കുമായിരുന്നെങ്കിൽ അറുത്തെടുത്ത ആ തല ഉയർത്തിപ്പിടിച്ചുകൊണ്ട് ലോകത്തോട് ഞാൻ വിളിച്ചു പറയുമായിരുന്നു,'ഹേ,ലോകരെ നിങ്ങളിൽ ഏറ്റവും മഹോന്നതൻ ഞാൻ അല്ലാതെ മറ്റാര്'.

അൽത്താഫ് വെള്ളമുണ്ട.

# മഴക്കുഴികളും നരകയാത്രയും

സംസ്ഥാനത്ത് മഴക്കെടുതിക്കൊപ്പം നരക തുല്യമായ റോഡ് യാത്രയും ജനങ്ങളെ ആകെ വലയ്ക്കുന്നു. ഗ്രാമ, നഗര വ്യത്യാസമില്ലാതെ റോഡുകളിൽ പലതും തകർന്നു തരിപ്പണമായ നിലയി ലാണ്. വെള്ളക്കെട്ടും ഗർത്തങ്ങളും അപകടം വാ പിളർന്നു നിൽക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു. സ്കൂൾ കുട്ടികളടക്കം നിത്യേന യാത്ര ചെയ്യുന്ന പല റോഡുകളുടേയും അവസ്ഥ കുടുംബങ്ങളുടെ ഉറക്കം കളയുന്ന നിലയിലായിട്ടും അധികാരികൾ മയക്കത്തിലാണെന്നതാണ് നാടിന്റെ ദയനീയാവസ്ഥ. ദേശീയ പാതകളിലും പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളിലുമെല്ലാം ജനം കനത്ത വെല്ലുവിളി നേരിടേണ്ടിവരുന്നു. വടക്കൻ കേരളത്തിൽ പുരോഗമിക്കുന്ന ദേശീയ പാതയിലെ പല നിർമാണ പ്രവർത്തനങ്ങളും ആളുകളുടെ യാത്രയ്ക്കുണ്ടാക്കുന്ന തടസങ്ങൾ ചില്ലറയല്ല. മേൽപ്പാല നിർമാണത്തിന്റേയും മറ്റും ഭാഗമായുണ്ടാകുന്ന ഗതാഗതക്കുരുക്കിന് യാതൊരു പരിഹാര വുമില്ല.

സംസ്ഥാനത്ത് ഏകദേശം ഒന്നരലക്ഷം കിലോമീറ്ററിനടുത്ത് റോഡ് ഉള്ളതായാണ് കണക്ക്. റോഡ് സാന്ദ്രതയിൽ ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടിയോളംവരും ഇത്. റോഡുകൾ സഞ്ചാരയോഗ്യമല്ലാതാകുമ്പോൾ ഉത്തരവാദിത്വ തർക്കം സ്ഥിരസംഭവമാണ്. റോഡുകളുടെ മോശം അവസ്ഥയ്ക്കു പൊതുമരാമത്ത് വകുപ്പിലെ ഭിന്നതയാണ് കാരണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഒരിക്കൽ കുറ്റപ്പെടുത്തിയിരുന്നു. സംസ്ഥാനത്തെ എല്ലാ റോഡുകളുടേയും ഉത്തരവാദിത്വം തങ്ങൾക്കില്ലെന്ന നിലപാടാണ് വകുപ്പിന്റേത്. പൊതുമരാമത്ത് വകുപ്പ് ദേശീയ പാത അധികൃതരേയും അവർ തിരിച്ചും കുറ്റപ്പെടുത്തുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു. റോഡിന്റെ ഉത്തരവാദിത്വം ആർക്കാണെങ്കിലും നടുവൊടിയുന്നതു ജനത്തിന്റേയാണ്. റോഡുകൾ സഞ്ചാര യോഗ്യമാക്കുന്നതിൽ ഓരോ ജനപ്രതിനിധിക്കും ഉത്തരവാദിത്വമുണ്ട്. കൂട്ടുത്തരവാദിത്വത്തോടെ ജനപ്രതിനിധികളും വകുപ്പുകളും നിന്നാൽ മാത്രമേ കുളമായി കിടക്കുന്ന റോഡുകൾക്ക് ശാപമോക്ഷം ഉണ്ടാകൂ. നിലവിൽ സംസ്ഥാനത്ത് ദേശീയ പാതയിലടക്കം നാലായിരത്തിൽ അധികം കിലോമീറ്റർ റോഡുകളിൽ പണി നടക്കുന്നതായാണ് സർക്കാരിന്റെ അറിയിപ്പ്. ഇതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനുള്ള നടപടികൾ ഉറപ്പാക്കണം.

അസ്‌ലം കണ്ണത്ത്

## അടിക്കുറിപ്പ്

രാഹുൽ ഗാന്ധിയും ബജറ്റിന്റെ അലുവയും...
പുതിയ ലോകസഭയിൽ രാഹുൽ ഗാന്ധിയുടെ പ്രസംഗരീതി ആകെ മാറിയിരിക്കുന്നു. വിഷയങ്ങളുടെ കൃത്യമായ തിരഞ്ഞെടുപ്പ്, ഭംഗിയുള്ള ഭാഷ, കൂസാത്ത ഭാവം, കത്തിക്കയറുന്ന പ്രസംഗം, മനോഹരമായ ഉപമകൾ, കേട്ടിരിക്കേണ്ടതാണ്.
ഇത്തവണത്തെ പ്രസംഗം ബജറ്റിനോടനുബന്ധിച്ച അലുവ വിതരണത്തെ പറ്റിയാണ്. ഈ വിഷയത്തെ അദ്ദേഹം ബജറ്റാകുന്ന അലുവ ആര് വീതം വെക്കുന്നു, ആർക്കു വീതം വെക്കുന്നു എന്ന തലത്തിലേക്ക് ഉയർത്തുന്നു.
ഇത്തവണ സംഗതി പൊടി പാറും.

**മുരളി തുമ്മാരുകുടി**

## ചരിത്രത്തിൽ ഇന്ന്

1658 ഔറംഗസീബ് മുഗള ചക്രവർത്തിയായി സ്വയം അവരോധിതനായി.
1959 വിമോചന സമരത്തെത്തുടർന്ന് ഇ.എം.എസ്. മന്ത്രിസഭയെ പുറത്താക്കി കേരളത്തിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 109 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



ചാലിയാർ പുഴയിൽ നിന്നും കണ്ടെടുത്ത മൃതദേഹം ആംബുലൻസിൽ എത്തിക്കാൻ തലപ്പാലി തോട് കടത്തുന്നു

## ദുരന്തമൊഴിയാതെ മുണ്ടക്കൈ മേഖല

ചൂരൽമല(വയനാട്): മുണ്ടക്കൈ, പുത്തുമല, ചൂരൽമല തുടങ്ങിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന വെള്ളരിമല വില്ലേജ് പരിധിയിൽ ഇത് മൂന്നാമത്തെ വലിയ ഉരുൾപൊട്ടൽ. 1984ലെ ആദ്യ ഉരുൾപൊട്ടലിൽ 14 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. അഞ്ച് വർഷങ്ങൾക്ക് മുമ്പ് 2019 ആഗസ്ത് എട്ടിനുണ്ടായ രണ്ടാമത്തെ ഉരുൾപൊട്ടലിൽ 17 പേരും മരണത്തിന് കീഴടങ്ങി. ഇവരിൽ അഞ്ചുപേരുടെ മൃതദേഹങ്ങൾ ഇനിയും കണ്ടെത്താനായിട്ടില്ല. 14 പേരുടെ മരണത്തിനിടയാക്കിയ 1984ലെ മുണ്ടക്കൈ ഉരുൾപ്പൊട്ടലിന്റെ നടുക്കം ഇന്നും പഴയതലമുറ നടുക്കത്തോടെയാണ് ഓർക്കുന്നത്. വയനാട്ടിൽ തന്നെ ആദ്യമായുണ്ടായ വൻ ഉരുൾപ്പൊട്ടലായിരുന്നു അന്നുണ്ടായത്. 1984 ജൂലൈ ഒന്നിന് ഉച്ചക്ക് രണ്ടരയോടെയായിരുന്ന മുണ്ടക്കൈയിൽ ഉരുൾപ്പൊട്ടിയത്. എന്നാൽ ജൂലൈ രണ്ടിനായിരുന്നു സംഭവം പുറംലോകം അറിഞ്ഞത്. ഷാജി, പാപ്പച്ചൻ, വിക്രംസിംഗ് എന്നീ കരിമറ്റം എസ്റ്റേറ്റ് തൊഴിലാളികളും, പ്രദേശത്തെ 11 പേരുമാണ് ആ ദുരന്തത്തിൽ മരണപ്പെട്ടത്. 1984 ജൂലൈ ഒന്നിന് 24 മി.മീറ്റർ മഴയാണ് മുണ്ടക്കൈയിൽ പ്രദേശത്ത് രേഖപ്പെടുത്തിയത്.

കേരള വാർത്തകൾ

# ഒറ്റയുറക്കിൽ ഇല്ലാതായി ഒരു നാട്

### പച്ചക്കാഴ്ചകളുടെ പകിട്ടായിരുന്ന മുണ്ടക്കൈ ഇന്നലെ പ്രകൃതിക്കലിയിൽ പൊട്ടിയടരുകയായിരുന്നു

ചൂരൽമല (വയനാട്): കനത്തു പെയ്ത മഴയിൽ അത്താഴം കഴിച്ച് കിടന്നവരുടെ മുന്നിൽ ഒറ്റയുറക്കിൽ ഇല്ലാതാവുകയായിരുന്നു മുണ്ടക്കൈ എന്ന തോട്ടം മേഖല. ഒറ്റ രാത്രി കൊണ്ട് ഒരു നാട് തന്നെ ഇല്ലാതായ കാഴ്ച. പച്ചക്കാഴ്ചകളുടെ പകിട്ടായിരുന്ന മുണ്ടക്കൈ ഇന്നലെ അക്ഷരാർത്ഥത്തിൽ പ്രകൃതിക്കലിയിൽ പൊട്ടിയടരുകയായിരുന്നു. അറ്റം കാണാത്ത വൻമരങ്ങൾക്കും പാറക്കൂട്ടങ്ങൾക്കുമൊപ്പം കുതിച്ചെത്തിയ ചളിമണ്ണ് മുണ്ടക്കൈയിൽ ജീവിതം തുന്നിയിരുന്നവരെ വാരിയെടുത്ത് ചാലിയാർ പുഴയോളം ഒഴുകി.മുണ്ടക്കൈയിലും പരിസരങ്ങളിലും ദിവസങ്ങളായി തുടരുന്ന തോരാമഴക്ക് കഴിഞ്ഞ രാത്രിയോടെ കനം കൂടി വന്നിരുന്നു. തിരിമുറിയാത്ത മഴയിലും കലിയൊടുങ്ങാത്ത കാറ്റിലും തേയില തളിർത്തുനിൽക്കുന്ന പച്ചക്കുന്നുകൾ ഇളകിത്തുടങ്ങി. വീടുകളിലും ലയങ്ങളിലും പതിവുപോലെ കിടന്നുറങ്ങിയവർക്ക് ഒന്നു കണ്ണു തുറക്കാനാവും മുന്നേ, ചളി നിറഞ്ഞ മലവെള്ളം കുതിച്ചെത്തുകയായിരുന്നു.

അർധരാത്രിയിൽ ആവർത്തിച്ചെത്തിയ ഉരുൾപൊട്ടലിൽ മേപ്പാടിയിൽ നിന്നും ആദ്യമെത്തുന്ന ചൂരൽമല ടൗണൊന്നാകെ തകർന്നുതരിപ്പണമായി. ടൗണിനോട് ഓരം ചേർന്നു തന്നെയുള്ള വെള്ളാർമല ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ ചില കെട്ടിട ഭാഗങ്ങളൊഴിച്ചാൽ പൂർണമായി തന്നെ തകർന്നു. ഒന്നാം നിലയോളം ചെളിയും മരത്തടികളും കൊണ്ട് നിറഞ്ഞു.

അർധരാത്രിയിൽ വലിയ ശബ്ദത്തിനൊപ്പം കുത്തിയൊലിച്ച് വന്ന മലവെള്ളപ്പാച്ചിലിൽ നിരവധി ജീവനുകളാണ് ഒഴുകിപോയത്. ഹൃദയഭേദകമായിരുന്നു ഇന്നലെ പകൽ മുണ്ടക്കൈയിലെയും ചൂരൽമലയിലേയും കാഴ്ചകൾ. ഒരു പ്രദേശമൊന്നാകെ ഒഴുകിപ്പോയതിന്റെ അവശേഷിപ്പുകളുടെ നൊമ്പരക്കാഴ്ചകളാണ് പ്രദേശത്താകെ. മൃതശരീരങ്ങൾക്കൊപ്പം ശരീരത്തിന്റെ ഭാഗങ്ങളടക്കം ഈ വെള്ളപാച്ചിലിനൊടുവിൽ ലഭിച്ചത് ഹൃദയം നുറുക്കുന്ന കാഴ്ചയായി. രക്ഷപ്പെട്ടവർ ബന്ധുക്കളെ തിരഞ്ഞൊഴുക്കിയ കണ്ണീരും, ദുരന്തഭൂമിയിലും, മേപ്പാടിയിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും എത്തിയവരുടെ മനസ് മരവിപ്പിച്ചു. നിരവധി പേർ ഇപ്പോഴും മണ്ണിനടിയിലാണെന്ന സംശയവും നോവുകൾ ബാക്കിയാക്കുകയാണ്. വെളിച്ചം വീഴുന്നതിന് മുന്നെ തന്നെ രക്ഷാപ്രവർത്തനം ആരംഭിച്ചുവെങ്കിലും വീണ്ടും ഉരുൾ പൊട്ടിയത് ദുരന്തത്തിന്റെ ആഴം കൂട്ടി. രാത്രി ഒന്നരക്കും രണ്ടിനുമിടയിലായിരുന്നു ആദ്യ ഉരുൾപൊട്ടലെങ്കിൽ, പിന്നീട് നാലരയോടെ രണ്ടാമതും വൻശക്തിയോടെ ഉരുൾപൊട്ടി. ഇത് ദുരന്തത്തിന്റെ തീവ്രത കൂട്ടി. എന്താണ് സംഭവിച്ചതെന്ന് തിരിച്ചറിയും മുന്നെ പലരും വെള്ളത്തിലും ചെളിയിലും മുങ്ങിപ്പോയി.

ചെമ്പ്ര, വെള്ളരിമലകളിൽ നിന്നായി ഉൽഭവിക്കുന്ന പുഴയുടെ തീരത്താണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. പുഴയുടെ തീരത്തോട് താമസിച്ചവരാണ് അപകടത്തിൽപ്പെട്ടത്. ഉരുൾപൊട്ടൽ നടന്നത് മുണ്ടക്കൈയിലാണെന്ന് പറയുമ്പോൾ പോലും കൃത്യമായി എവിടെയാണെന്ന കാര്യത്തിൽ വ്യക്തതയില്ല. ഉരുൾപൊട്ടലിന് പിന്നാലെ നിലമ്പൂർ പോത്തുകല്ലിലെ ചാലിയാർ പുഴയിൽ നിന്ന് മാത്രം നിരവധി മൃതദേഹങ്ങളാണ് കിട്ടിയത്. കുനിപ്പാലയിൽ നിന്ന് മൂന്ന് വയസ്സുള്ള കുട്ടിയുടെ മൃതദേഹമാണ് ആദ്യം കിട്ടിയത്. പിന്നീട് നദിയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് മൃതദേഹങ്ങൾ ലഭിക്കുകയായിരുന്നു.



മറുകരയിൽ അകപ്പെട്ട കുഞ്ഞിനെ എൻ.ഡി.ആർ.എഫ് സേന വടം കെട്ടി രക്ഷപ്പെടുത്തുന്നു

## ഉറ്റവർക്കായി കണ്ണീരോടെ

ചൂരൽമല (വയനാട്): അർധരാത്രിയിൽ കുതിച്ചെത്തിയ വൻമരങ്ങൾക്കും പാറക്കൂട്ടങ്ങൾക്കുമപ്പുറം പെട്ടുപോയ സ്വന്തക്കാരെ കാത്ത് കണ്ണീരോടെ മറുകരയിൽ കാത്തിരിക്കുന്നവർ രക്ഷാപ്രവർത്തകരുടെ കണ്ണ് നനയിച്ചു. മാതാപിതാക്കളും സഹോദരങ്ങളും മറുകരയിൽ പെട്ടതറിഞ്ഞ് ചൂരൽമലയിലെത്തിയ ബന്ധുക്കൾക്ക് മുന്നിലൂടെ പുന്നപ്പുഴ രൗദ്രഭാവത്തോടെ കുത്തിയൊലിച്ചൊഴുകുകയായിരുന്നു. ആദ്യ ഉരുൾപൊട്ടൽ മുതൽ കുത്തിയൊലിച്ചെത്തിയ മലവെള്ളപ്പാച്ചിലിന് മുന്നിൽ നിസഹായരാവർക്ക് മൊബൈൽ ഫോണിലൂടെയുള്ള ആശയവിനിമയം ആശ്വാസം പകർന്നു. പുലർച്ചെ ഒന്നര മണി മുതൽ മൊബൈൽ ഫോണുകളിലൂടെ ബന്ധം പുതുക്കിയവർക്ക്, പിന്നീട് ഫോൺ സ്വിച്ച് ഓഫായിത്തുടങ്ങിയതോടെ ആധി പെരുകി.

അതിനിടെ കുടുംബാംഗങ്ങൾ മരണപ്പെട്ട വിവരവുമായി മുണ്ടക്കൈയിലും അട്ടമലയിലും കുടുങ്ങിയവർ കരഞ്ഞുകൊണ്ട് ചൂരൽമലയിലെ ബന്ധുക്കളെ ഫോൺ ചെയ്യുന്നുണ്ടായിരുന്നു.

രാവിലെ എൻ.ഡി.ആർ.എഫ് സംഘമെത്തി വടമുപയോഗിച്ച് രക്ഷാപ്രവർത്തനം നടത്താൻ ശ്രമം തുടങ്ങിയെങ്കിലും മണിക്കൂറുകൾ കഴിഞ്ഞിട്ടും ഫലം കാണാതായതോടെ ബന്ധുക്കൾ പ്രതിഷേധിക്കാൻ തുടങ്ങി. മൃതദേഹങ്ങൾക്കും പരിക്കേറ്റവർക്കും നടുവിൽ കുട്ടികൾ ഉൾപ്പെടെയുള്ളവർ നിസഹായരായി കാത്തുനിൽക്കുന്നത് ഇപ്പുറത്തുനിന്ന് കണ്ണീരോടെ നോക്കിനിൽക്കാനേ ബന്ധുക്കൾക്ക് കഴിഞ്ഞുള്ളൂ. 'ശ്വാസം കിട്ടുന്നില്ല, ഞങ്ങളെ രക്ഷിക്കണേ എന്ന വീട്ടമ്മയുടെ നിലവിളിയാണ് ഉരുൾപൊട്ടലിനെ മറികടന്ന് ആദ്യം പുറത്തെത്തിയത്. ഭർത്താവും മകളും വീട്ടിൽ ചളിയിൽ അകപ്പെട്ടെന്ന് കരഞ്ഞുപറഞ്ഞ വീട്ടമ്മയുടെ സഹായത്തിനായുള്ള നിലവിളിയിൽ തന്നെ ദുരന്തത്തിന്റെ ആഴം വ്യക്തമായിരുന്നു. ഓടിയെത്തിയ പലർക്കും ആദ്യമൊന്നും മനസിലായില്ല, ചുറ്റിലും ചെളിയും വെള്ളവും മാത്രമാണെന്നായിരുന്നു പലരും തിരിച്ചറിഞ്ഞത്. വീട് ചെളിയിൽ മുങ്ങിയിരിക്കുകയാണ്. കൂടെയുള്ളവർക്ക് ജീവനുണ്ടോ എന്ന് പോലും അറിയില്ല. ഇത്തരത്തിൽ ഓർത്തെടുക്കാൻ പോലും ഭയപ്പെടുന്ന നിരവധി അനുഭവങ്ങളാണ് ദുരന്തഭൂമിയിൽ നിന്നും പ്രദേശവാസികൾ പറയുന്നത്. "എങ്ങനെയെങ്കിലും രക്ഷിക്കണം. മുണ്ടക്കൈയിൽ ഒരുപാട് ആളുകൾ മണ്ണിനടിയിലാണ്. വണ്ടിയെടുത്ത് വരാൻ പറ്റുമെങ്കിൽ പരമാവധിയാളുകൾ വാ.. ഇപ്പോ വന്നാൽ ജീവൻ രക്ഷിക്കാനാകുമെന്നും കരഞ്ഞു പറഞ്ഞു മറ്റുചിലർ. ഇതോടെ മേപ്പാടിയിൽ നിന്നടക്കം നിരവധി പേരാണ് രാത്രിയിൽ തന്നെ ചൂരൽമലയിലേക്ക് എത്തിയത്. മുണ്ടക്കൈയിലും ചൂരൽമലയിലും ഉരുൾപൊട്ടിയെന്ന വാർത്തയായിരുന്നു ആദ്യമെത്തിയത്. പാലവും റോഡും ഒലിച്ചുപോയെന്നും ചൂരൽമലയിൽ നിന്നും മുണ്ടക്കൈക്കുള്ള വഴി ഇല്ലാതായെന്നും ആ ഗ്രാമമൊന്നാകെ ഒറ്റപ്പെട്ടുവെന്നുമുള്ള വിവരങ്ങളും പിന്നാലെയെത്തി. മുന്നൂറിലേറെ കുടുംബങ്ങൾ താമസിച്ചിരുന്ന ഗ്രാമത്തിൽ നാമമാത്രമായ വീടുകളാണ് ബാക്കിയുള്ളതെന്ന വാർത്ത ഞെട്ടിക്കുന്നതായിരുന്നു. അവശേഷിക്കുന്ന വീടുകൾ നിറയെ ചെളിയും വെള്ളവും വന്ന് മൂടിയ നിലയിലാണ്. പ്രദേശത്തെ പല കുടുംബങ്ങളെയും കാണാത്ത സാഹചര്യവുമുണ്ട്.



ഉറ്റവരിലെത്താൻ പുഴക്ക് മറുകരയിൽ പ്രതീക്ഷയോടെ കാത്തിരിക്കുന്നവർ

## മരിച്ചവരിൽ ഏഴ് കുട്ടികൾ; ഒരു ഗർഭിണി

മേപ്പാടി: നാടിനെ നടുക്കിയ വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരണസംഖ്യ ഉയരുന്നു. മരിച്ചവരിൽ ഏഴ് കുട്ടികളാണ്. ഒറു ഗർഭിണിയുടെയും മൃതദേഹം കണ്ടെത്തി. പരിക്കേറ്റ ഇരുനൂറിലധികം പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. മേപ്പാടി മൂപ്പൻസ് മെഡിക്കൽ കോളജ്, മേപ്പാടി കുടുംബാരോഗ്യകേന്ദ്രം, സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി, കൽപ്പറ്റ ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് പരിക്കേറ്റവർ ചികിത്സയിൽ കഴിയുന്നത്. മരണസംഖ്യ ഇനിയും ഉയരാനാണ് സാധ്യത. നൂറോളം പേരെ കാണാതായതായുള്ള വിവരമുണ്ട്. തിങ്കളാഴ്ച രാത്രി ഒന്നരക്കും രണ്ട് മണിക്കുമിടയിലാണ് ഉരുൾപൊട്ടലുണ്ടായത്. ഇതിന് പിന്നാലെ പുലർച്ചെ നാല് മണിയോടെ രണ്ടാമതും ഉരുൾപൊട്ടി. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളാണ് ഉരുൾപ്പൊട്ടലിൽ തകർന്നു തരിപ്പണമായത്. ചൂരൽമല ടൗണിന്റെ ഭൂരിഭാഗം പ്രദേശങ്ങളും നാമാവശേഷമായി. ചൂരൽമല ടൗണിലെ വെള്ളാർമല ജി വി എച്ച് എസ് എസ് കെട്ടിടത്തിന്റെ ഭൂരിഭാഗവും തകർന്നു. ചൂരൽമലയിൽ നിന്നും മുണ്ടക്കൈയിലേക്കുള്ള പാലം ഒഴുകിപ്പോയത് പ്രതിസന്ധി വർധിപ്പിച്ചു. ആദ്യഘട്ടത്തിൽ ചൂരൽമലയിൽ പുഴക്ക് കുറുകെ വടം കെട്ടിയായിരുന്നു മൃതദേഹങ്ങളും പരിക്കുപറ്റിയവരെയും ആശുപത്രിയിലെത്തിച്ചത്. പിന്നീട് സൈന്യമെത്തിയാണ് മുണ്ടക്കൈയിലെ ട്രൂവാലി എസ്റ്റേറ്റ്, ബംഗ്ലാവ് അടക്കമുള്ള സ്ഥലങ്ങളിൽ കുടുങ്ങികിടന്ന നൂറുകണക്കിനാളുകളെ പുറത്തേക്കെത്തിച്ചത്. ആദ്യഘട്ടത്തിൽ കാലാവസ്ഥ പ്രതികൂലമായതിനാൽ എയർലിഫ്റ്റിങ് നടത്താനായില്ലെങ്കിലും വൈകിട്ടോതെ അതിന് പരിഹാരമായി. കോയമ്പത്തൂർ സോളൂരിൽ നിന്നുള്ള ഹെലികോപ്ടർ വൈകിട്ട് അഞ്ചരയോടെ ചൂരൽമലയിലെത്തി എയർലിഫ്ടിങ്ങ് നടപടികൾ തുടങ്ങി. 61 പേരടങ്ങിയ എൻ.ഡി. ആർ.എഫ് നാല് ടീം, അഗ്നിരക്ഷാ സേനയുടെ 320 അംഗ ടീം, വനംവകുപ്പിന്റെ 55 അംഗങ്ങൾ, പോലീസിന്റെ 350 അംഗ ടീം, ആർമിയുടെ 67 അംഗ ടീം തുടങ്ങിയവർ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നുണ്ട്. കൂടാതെ നൂറുകണക്കിനാളുകളും രക്ഷാപ്രവർത്തന ദൗത്യത്തിൽ ഏർപ്പെടുകയാണ്. ആർമിയുടെ താൽക്കാലിക പാലവും വൈകിട്ടോടെ റെഡിയായി. ഈ പാലത്തിലൂടെ ആളുകളെ ചൂരൽമലയിലേക്കും അവിടെനിന്ന് ആശുപത്രിയിലേക്കും എത്തിക്കുന്ന നടപടികളും വേഗത്തിലാക്കിയിട്ടുണ്ട്. ഇതേ പാലത്തിലൂടെ തന്നെ മുണ്ടക്കൈയിൽ കുടുങ്ങികിടക്കുന്നവരെയും ചൂരൽമലയിലേക്ക് എത്തിച്ചു.



മേപ്പാടി ആശുപത്രിയിൽ ബന്ധുക്കളെതേടിയെത്തിയവർ

## മലവെള്ളപ്പാച്ചിലിൽ നിന്ന് അതിസാഹസികമായ രക്ഷപ്പെടൽ

ചൂരൽമല(വയനാട്): മുണ്ടക്കൈയിൽ ഉരുൾപൊട്ടലിനെ തുടർന്ന് മണ്ണിൽ കുടുങ്ങിയ ആളെ മണിക്കൂറുകൾക്കുശേഷം അതിസാഹസികമായി രക്ഷപ്പെടുത്തി. ഉരുൾപൊട്ടലിൽ കല്ലും മണ്ണുമെല്ലാം വീടുകളും മറ്റും തകർത്തുകൊണ്ട് ഒഴുകിയ സ്ഥലത്തിന് സമീപത്തെ തലഭാഗം ഒഴികെ ബാക്കിയെല്ലാം ചെളിയിൽ കുടുങ്ങിയ ആളെയാണ് മണക്കൂറുകളുടെ സാഹസത്തിനൊടുവിൽ രക്ഷപ്പെടുത്തിയത്. മുണ്ടക്കൈ യുപി സ്കൂളിന് സമീപത്തായിരുന്ന ഇയാൾ ചെളിയിൽ കുടുങ്ങി കിടന്നത്.

ഉരുൾപ്പൊട്ടലിനെ തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലിന്റെ ഒഴുക്ക് ഈ ഭാഗത്ത് കുറഞ്ഞിരുന്നെങ്കിലും ചെളിയിൽ ആഴ്ന്നുപോവുകയായിരുന്നു. മുട്ടോളം ചെളിയിൽ കുടുങ്ങി നിന്നയാൾ രക്ഷപ്പെടുത്താൻ സഹായം അഭ്യർത്ഥിച്ചെങ്കിലും രക്ഷാപ്രവർത്തകർക്ക് ആദ്യം അടുത്തേക്ക് എത്താനായിരുന്നില്ല. കുടുങ്ങിയ ആൾ നിന്നിരുന്ന സ്ഥലത്തിന്റെ മറ്റിടങ്ങളിൽ ഒഴുക്കുണ്ടായിരുന്നെങ്കിലും ഇതിനെ അതിജീവിച്ച് രക്ഷാപ്രവർത്തകർ ഇയാളുടെ അടുത്തെത്തി ചെളിയിൽ നിന്ന് പുറത്തെടുക്കുകയായിരുന്നു. മണിക്കൂറുകളുടെ ആശങ്കകൾക്കൊടുവിൽ ആളെ രക്ഷിക്കാനായി.

## വയനാട് ദുരന്തം: ഡോക്യുമെന്ററി ഫെസ്റ്റ് ചുരുക്കി

തിരുവനന്തപുരം: വയനാട് ദുരന്തത്തിൽ മരിച്ചവരോടുള്ള ആദര സൂചകമായി 16 മത് ഐ.ഡി. എസ്.എഫ്.എഫ്.കെയുടെ ഔദ്യോഗിക ചടങ്ങുകൾ ഒഴിവാക്കി. ഇന്നലെ നടക്കാനിരുന്ന സെമിനാർ, മീറ്റ് ദ ഡയറക്ടർ, ഫേസ് റ്റു ഫേസ്, ഇൻ കോൺവർസേഷൻ എന്നിവ റദ്ദാക്കി. ഷെഡ്യൂൾ പ്രകാരമുള്ള പ്രദർശനങ്ങൾ മാത്രമാണ് നടന്നത്. മത്സര വിഭാഗത്തിലെ ചിത്രങ്ങൾക്കുള്ള പുരസ്കാരങ്ങൾ ഔപചാരിക ചടങ്ങില്ലാതെ ജേതാക്കൾക്ക് കൈമാറി.

## സ്പെഷ്യൽ ഓഫീസറെ നിയമിച്ചു

തിരുവനന്തപുരം: വയനാട് ജില്ലയിലുണ്ടായ വൻ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനു തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവുവിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു.

കേരള വാർത്തകൾ

# കേരളത്തിലെ ഏറ്റവും വലിയ ഉരുൾപൊട്ടൽ

## വയനാട്ടിലെ അഞ്ചാമത്തെ ഉരുൾപൊട്ടൽ

ചൂരൽമല(വയനാട്): മുണ്ടക്കൈയിൽ ഇന്നലെ ഉണ്ടായത് വയനാടിനെ നടുക്കിയ അഞ്ചാമത്തെ ഉരുൾപ്പൊട്ടൽ. ഇതിൽ മൂന്ന് തവണയും ഉരുൾപ്പൊട്ടിയത് മുണ്ടക്കൈ മേഖലയിൽ എന്നുള്ളത് ഏറെ നടുക്കുന്നതാണ്. ഇന്നലെയുണ്ടായത് സമാനതകളില്ലാതെ ദുരന്തമാണ്. മുണ്ടക്കൈ മേഖല കൂടാതെ പടിഞ്ഞാറത്തറ പഞ്ചായത്തിലെ കാപ്പിക്കളം, തവിഞ്ഞാൽ പഞ്ചായത്തിലെ വാളാംതോട് എന്നിവിടങ്ങളിലും വയനാട്ടിൽ വൻ ഉരുൾപ്പൊട്ടലും ആളപയവുമുണ്ടായി. 1984 ജൂലൈ ഒന്നിനാണ് ആദ്യമായി ചൂരൽമലയിൽ ഉരുൾപ്പൊട്ടൽ ഉണ്ടായത്. ഇതിൽ 14 മനുഷ്യ ജീവനുകളാണ് നഷ്ടപ്പെട്ടത്. തവിഞ്ഞാൽ വാളാംതോട് എന്ന പ്രദേശത്ത് ഉരുൾപ്പൊട്ടിയിരുന്നു. 1992ൽ പടിഞ്ഞാറത്തറ കാപ്പിക്കളത്ത് ഉണ്ടായ ദുരന്തത്തിൽ ഒരു കുടുംബത്തിലെ 11 പേർ മരിച്ചു. 11 ആദിവാസികളും മൂന്ന് എസ്റ്റേറ്റ് തൊഴിലാളികളും അന്ന് മരിച്ചു. കല്ലിന്റെ അറകളിൽ താമസിച്ച 11 ആദിവാസികളാണ് അന്ന് ദുരന്തത്തിന് ഇരയായത്. 2019ൽ സമീപ പ്രദേശമായ പുത്തുമലയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 17 പേരാണ് മരണപ്പെട്ടത്. ഇതിൽ അഞ്ച് ആളുകളെ ഇനിയും കണ്ടെത്തിയിട്ടില്ല. പുത്തുമല മുതിരത്തൊടി ഹംസ(58), പച്ചക്കാട് നാച്ചിവീട്ടിൽ അവറാൻ(62), പച്ചക്കാട് കണ്ണൻകാടൻ അബൂബക്കർ (62), പുത്തുമല എസ്റ്റേറ്റിലെ അണ്ണയ്യ(54), പച്ചക്കാട് എടക്കണ്ടത്തിൽ നബീസ(74) എന്നിവരെയാണ് ദേശീയ ദുരന്ത പ്രതികരണ സേനാംഗങ്ങളടക്കം ദിവസങ്ങളോളം തെരഞ്ഞിട്ടും കണ്ടെത്താൻ കഴിയാതെപോയത്. 2018ൽ കുറിച്യർമലയിൽ വലിയ ദുരന്തം ഉണ്ടായെങ്കിലും ജനവാസ പ്രദേശം അല്ലാത്തതിനാൽ ആളപായം ഉണ്ടായില്ല. ഏറ്റവും വലിയ ദുരന്തമാണ് ഇന്നലെയുണ്ടായത്. മുണ്ടക്കൈ എന്ന പ്രദേശം ദുരന്തത്തിൽ ഇല്ലാതായി.



ദുരന്ത ബാധിത പ്രദേശത്തുനിന്ന് ആളുകളെ രക്ഷിച്ചുകൊണ്ടുപോകുന്ന എൻ.ഡി.ആർ.എഫ് സേന

### ആകെയുള്ള പാലം തകർന്നു

## മുണ്ടക്കൈയിൽ എത്താനായത് ഉച്ചയോടെ

ചൂരൽമല(വയനാട്): നാടിനെ നടുക്കിയ ഉരുൾപ്പൊട്ടലിന്റെ പ്രഭവകേന്ദ്രമായ മുണ്ടക്കൈയിലേക്ക് എത്താനായത് ഇന്നലെ ഉച്ചയോടെ മാത്രം. തിങ്കളാഴ്ച അർദ്ധരാത്രിയിലും പുലർച്ചെയുമായി രണ്ട് തവണ ഉരുൾപൊട്ടിയതോടെ ചൂരൽമലയിൽ നിന്നും മുണ്ടക്കൈയിലേക്കുള്ള പാലം തകർന്നതാണ് പ്രതിസന്ധിയായത്. മുണ്ടക്കൈയിൽ എന്താണ് സംഭവിച്ചതെന്ന് പോലും വ്യക്തതയില്ലാത്ത സാഹചര്യമായിരുന്നു. ഉരുൾപൊട്ടലുണ്ടായ വേളയിലും തൊട്ടുമുമ്പും രക്ഷപ്പെട്ട് മുണ്ടക്കൈയിലെ റിസോർട്ടിലും, എസ്റ്റേറ്റ് ബംഗ്ലാവുകളിലും സ്ത്രീകളും കുട്ടികളുമടക്കം നൂറ് കണക്കിനാളുകളാണ് ഉണ്ടായിരുന്നത്. ഇവരിൽ പലരെയും സുരക്ഷിത സ്ഥാനത്തേക്ക് എത്തിച്ചത് ഏറെ വൈകിയായിരുന്നു. സൈന്യം എത്തിയതോടെയാണ് നൂറ് കണക്കിനാളുകളെ സുരക്ഷിത സ്ഥാനത്തേക്ക് എത്തിക്കാനായത്. വൈകിട്ട് അഞ്ച് മണിയോടെ പാലം തകർന്ന ഭാഗത്തിന്റെ മറുകരയിലെത്തിയ ഓരോരുത്തരെയും വടം കെട്ടി അതിലൂടെയാണ് ചൂരൽമല അങ്ങാടിയിലേക്ക് എത്തിച്ചത്. സ്ത്രീകളും കുട്ടികളുമടക്കം നിരവധി പേരെയാണ് ഇത്തരത്തിൽ സൈന്യത്തിന്റെ നേതൃത്വത്തിൽ മറുകരയിലെത്തിയത്.

## ശിഷ്യരെ കാത്ത് ഉണ്ണിമാഷ്

ചൂരൽമല (വയനാട്): തന്റെ ശിഷ്യരും, അവരുടെ രക്ഷിതാക്കളും ഉരുൾപ്പൊട്ടലിൽ നഷ്ടപ്പെട്ടതിന്റെ നടുക്കം മാറാതെ നാടിന്റെ പ്രിയഗുരു ഉണ്ണികൃഷ്ണൻ മാസ്റ്റർ. താൻ പഠിപ്പിച്ച മക്കളും രക്ഷിതാക്കളുമാണ് മരിച്ചുവീണതെന്നും, എല്ലാം എന്റെ പ്രിയപ്പെട്ടവരാണെന്നും, ഇനി ഞാനെങ്ങനെ പഠിപ്പിക്കുമെന്നും' മാഷ് ചോദിച്ചു. വെള്ളാർമല ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാളാണ് ഉണ്ണികൃഷ്ണൻ മാസ്റ്റർ. നാടിനേയും, നാട്ടുകാരെയും കുറിച്ച് പറയുമ്പോൾ മാസ്റ്ററുടെ കണ്ഠമിടറുകയാണ്. ഇനി ഞാനെങ്ങനെ അവിടെ നിൽക്കും? ഞാൻ പഠിപ്പിച്ച എന്റെ മക്കളും അവരുടെ രക്ഷിതാക്കളും വേണ്ടപ്പെട്ടവരുമാണ് മരിച്ചുവീണതും മണ്ണിനടിയിൽ കുടുങ്ങിക്കിടക്കുന്നതും. സ്നേഹിക്കാൻ മാത്രം അറിയുന്ന മനുഷ്യരാണിവരെന്നും മാസ്റ്റർ പറയുന്നു. കഴിഞ്ഞ 17 വർഷമായി ഉണ്ണികൃഷ്ണൻ മാസ്റ്റർ ഇവിടെ സേവനം ചെയ്യുന്നു.

ഉൾഗ്രാമമായ ചൂരൽമല വെള്ളാർമല ജി.വി.എച്ച്.എസ്.എസ് സ്കൂളിൽ 2006ൽ മലയാളം അധ്യാപകനായി എത്തിയതാണ് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ സ്വദേശിയായ ഉണ്ണികൃഷ്ണൻ മാസ്റ്റർ. ചൂരൽമല നിവാസികളുടെ സ്നേഹത്തിനുമുന്നിൽ സ്വന്തം നാടിനെ പോലും ഉപേക്ഷിച്ച് 17 വർഷമായി ഇവിടെ തന്നെ സേവനം തുടരുകയാണ് അദ്ദേഹം. 26 അധ്യാപകരുള്ള ഈ വിദ്യാലയത്തിൽ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി സർവീസുള്ളതും ഇദ്ദേഹത്തിനാണ്. സ്കൂളിനടുത്ത് തന്നെ ഷീറ്റ് മേഞ്ഞ കെട്ടിടത്തിലായിരുന്നു ഉണ്ണിമാഷും രണ്ട് സഹപ്രവർത്തകരും താമസിച്ചിരുന്നത്.

കഴിഞ്ഞ ആഴ്ച കനത്ത മഴ ആയതിനെ തുടർന്ന് സുരക്ഷ മൂവരും താമസം സ്കൂളിലേക്ക് മാറ്റി. അതിനിടെ കഴിഞ്ഞ ദിവസം അമ്മയുടെ ചേച്ചി മരിച്ചതിനെ തുടർന്ന് ഇദ്ദേഹം നാട്ടിൽ പോയി. കൂട്ടുകാർ താമസം മേപ്പാടിയിലേക്കും മാറ്റി. മരണാനന്തര ചടങ്ങുകൾ നടക്കുന്നതിനാൽ നാട്ടിൽ തുടരുന്നതിനിടെയാണ് ഇന്ന് പുലർച്ചെ ദുരന്ത വാർത്ത അറിയുന്നത്. ഉടൻ ട്രെയ്നിൽ വയനാട്ടിലേക്ക് തിരിക്കുകയായിരുന്നു.



നിലമ്പൂർ മുണ്ടേരി ചാലിയാർ പുഴയോരത്ത് നിന്ന് കണ്ടെത്തിയ മൃതദേഹാവശിഷ്ടങ്ങൾ കരക്കെത്തിക്കുന്ന രക്ഷാപ്രവർത്തകർ

## മരിച്ചവരിൽ പട്ടാമ്പി സ്വദേശിയും ഭാര്യയും

പട്ടാമ്പി: വയനാട്ടെ ചൂരൽമലയിലെ മണ്ണിടിച്ചിൽ മരിച്ചവരിൽ പട്ടാമ്പി സ്വദേശിയുടെ കുടുംബവും. 35വർഷം മുമ്പ് വയനാട്ടെ തേയിലത്തോട്ടത്തിൽ ജോലിക്ക് പോയ മുതുതല അണ്ണേൻകോട്ടിൽ രാം മോഹൻ (66), ഭാര്യ പ്രേമ (58) ആണ് മരിച്ചത്. രാത്രി ഉറങ്ങിക്കിടക്കുമ്പോഴാണ് സംഭവം. രാവിലെ നടന്ന തെരച്ചിലിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. രാംമോഹന്റെ പോസ്റ്റ്മോർട്ടം മേപ്പാടി ആസ്പത്രിയിൽനടന്നു. പ്രേമയുടെ പോസ്റ്റ്മോർട്ടം ഏറെ വൈകിയും നടന്നിട്ടില്ല. രാവിലെയാണ് സംസ്കാരം. ബന്ധുക്കൾ രാവിലെയോടെ അങ്ങോട്ട് തിരിക്കും. വയനാട് തന്നെയാണ് സംസ്കാരചടങ്ങുകൾ നടക്കുക.



മരിച്ച രാംമോഹൻ, പ്രേമ

രാംമോഹൻ വിശേഷദിവസങ്ങളിലും മറ്റും നാട്ടിൽ വരാറുണ്ട്. മുതുതല വില്ലേജിൽ കുടുംബസ്വത്തായി ലഭിച്ച സ്ഥലം ഇപ്പോഴും രാംമോഹന്റെ പേരിലുണ്ട്. രാംമോഹന്റെയും ഭാര്യയുടെയും മരണം മുതുതലയിലെ കണ്ണീരിലാഴ്ത്തി. നാട്ടിൽ സ്ഥിരതാമസമാക്കണമെന്നത് രാംമോഹന്റെ വലിയ ആഗ്രഹമായിരുന്നു. നാടുമായും വീടുമായും ബന്ധം നിലനിർത്തിപ്പോന്നതും നാട്ടിലേക്കുള്ള തിരിച്ചുവരവ് ആഗ്രഹിച്ചാണ്. കുടുംബസ്വത്തായി കിട്ടിയ സ്ഥലം നിലനിർത്തിയതും അതുകൊണ്ടാണ്. നാട്ടിൽ തിരിച്ചുവരുന്നതിനെ കുറിച്ച് ബന്ധുക്കളോടും സുഹൃത്തുക്കളോയും രാംമോഹൻ കാണുമ്പോഴൊക്കെ തന്റെ ആഗ്രഹം പങ്കിടാറുണ്ട്. അതിനിടെയാണ് ഉറങ്ങിക്കിടക്കെ രാംമോഹനെയും ഭാര്യയെയും ദുരന്തം തട്ടിയെടുത്തത്. മക്കൾ: വിപിൻദാസ്, വിഥുബാല. മരുമക്കൾ: ജിൽഷ, രാജേഷ്.

### പുത്തുമല ഉരുൾപൊട്ടൽ

## നോവിന്റെ അഞ്ചാം വർഷത്തിലും കാണാമറയത്ത് അഞ്ചു പേർ

ചൂരൽമല(വയനാട്): ഇന്നലെ ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈയുടെ സമീപപ്രദേശമായ പുത്തുമല പ്രകൃതിക്കലിയിൽ പൊട്ടിയടർന്നിട്ട് അഞ്ചു വർഷമാവുമ്പോഴും നാടിന്റെയാകെ വേദനയായി കാണാമറയത്തെ ആ അഞ്ചു പേർ. 2019ലെ പുത്തുമല ഉരുൾപൊട്ടലിൽ മരിച്ച 17 പേരിൽ അഞ്ച് ആളുകളുടെ മൃതദേഹങ്ങളെക്കുറിച്ചുള്ള സൂചനകൾ പോലും ഇനിയും കണ്ടെത്താനായില്ല. മണ്ണിന്റെ ആഴങ്ങളിൽ അന്ത്യവിശ്രമംകൊള്ളുന്ന ഇവരെക്കുറിച്ചുള്ള ഓർമകളിൽ നീറുകയാണ് ബന്ധുമിത്രാദികൾ. പുത്തുമല മുതിരത്തൊടി ഹംസ(58), പച്ചക്കാട് നാച്ചിവീട്ടിൽ അവറാൻ(62), പച്ചക്കാട് കണ്ണൻകാടൻ അബൂബക്കർ (62), പുത്തുമല എസ്റ്റേറ്റിലെ അണ്ണയ്യ(54), പച്ചക്കാട് എടക്കണ്ടത്തിൽ നബീസ(74) എന്നിവരെയാണ് ദേശീയ ദുരന്ത പ്രതികരണ സേനാംഗങ്ങളടക്കം ദിവസങ്ങളോളം തെരഞ്ഞിട്ടും കണ്ടെത്താൻ കഴിയാതെപോയത്.

2019 ആഗസ്ത് എട്ടിനു വൈകീട്ടാണ് മേപ്പാടി പച്ചക്കാട് ഉരുൾപൊട്ടി താഴ്‌വാരത്തെ പുത്തുമല ദുരന്തഭൂമിയായായത്. മണ്ണും കല്ലും മരവും കൂടിക്കലർന്നു കുത്തിയൊഴുകിയ ഉരുൾവെള്ളം അനേകം കുടുംബങ്ങളെയാണ് കണ്ണീരിലാക്കിയത്. 12 മൃതദേഹങ്ങൾ അടുത്ത ദിവസങ്ങളിൽ ദുരന്തഭൂമിയിൽനിന്നു കണ്ടെടുത്തു. കാണാതായ അഞ്ചുപേർ മൂന്നാണ്ടുകൾക്കിപ്പുറവും വയനാടിന്റെയാകെ വേദനയാണ്. ഉരുൾപൊട്ടലിൽ മരിച്ചതിൽ പുത്തുമല കുന്നത്തുകവല നൗഷാദിന്റെ ഭാര്യ ഹാജിറ(23), മണ്ണിൽവളപ്പിൽ ഷൗക്കത്തിന്റെ മകൻ മുഹമ്മദ് മിസ്തഹ് (മൂന്നര), എടക്കണ്ടത്തിൽ മുഹമ്മദിന്റെ മകൻ അയ്യൂബ്(44), ചോലശേരി ഇബ്രാഹിം(38), കാക്കോത്തുപറമ്പിൽ കുഞ്ഞിമുഹമ്മദിന്റെ മകൻ ഖാലിദ് (42), കക്കോത്തുപറമ്പിൽ ജുനൈദ്(20), പുത്തുമല ശെൽവൻ(60) എന്നിവരുടെ മൃതദേഹങ്ങൾ ആഗസ്ത് ഒമ്പതിനു കണ്ടെത്തി. തമിഴ്നാട് പൊള്ളാച്ചി ശെൽവകുമാറിന്റെ മകൻ കാർത്തിക്(27), പുത്തുമല തേയിലത്തോട്ടം തൊഴിലാളി മുണ്ടേക്കാട്ട് ചന്ദ്രന്റെ ഭാര്യ അജിത(46), ശെൽവന്റെ ഭാര്യ റാണി (57), സുവർണയിൽ ലോറൻസിന്റെ ഭാര്യ ഷൈല(32), തമിഴ്നാട് പൊള്ളാച്ചി സ്വദേശി ഗൗരി ശങ്കർ(26) എന്നിവരുടെ മൃതദേഹങ്ങൾ തുടർന്നുള്ള ദിവസങ്ങളിലും ലഭിച്ചു.

ഉരുൾപൊട്ടലിൽ ഗ്രാമത്തിൽ 58 വീടുകൾ പൂർണമായും 22 വീടുകൾ ഭാഗികമായും തകർന്നു. ഏക്കർകണക്കിനു കൃഷിയിടം മണ്ണിനടിയിലായി. താഴ്‌വാരത്തെ ആരാധനാലയങ്ങൾ, ക്വാർട്ടേഴ്സുകൾ, വാഹനങ്ങൾ, എസ്റ്റേറ്റ് പാടി, കാന്റീൻ, പോസ്റ്റ് ഓഫീസ് തുടങ്ങിയവ മലവെള്ളം കൊണ്ടുപോയി. ഭവനരഹിതരായതിൽ 10 കുടുംബങ്ങൾ വീടും സ്ഥലവും നശിച്ചവർക്കു സർക്കാർ പ്രഖ്യാപിച്ച 10 ലക്ഷം രൂപ സ്വീകരിച്ച് ജീവിതം മറ്റിടങ്ങളിലേക്കു പറിച്ചുനട്ടു.

ഉരുൾപൊട്ടലുണ്ടായ പുത്തുമലയിൽനിന്ന് (ഫയൽ)





# മരണമഴ

പോത്തുകല്ലിൽ ചാലിയാർ പുഴയിലൂടെ ഒഴുകിവന്ന മൃതദേഹങ്ങൾ കരയിലേക്ക് മാറ്റുന്നു സഊദ് അൻവർ

# 32 മൃതദേഹങ്ങൾ

# ശരീരഭാഗങ്ങൾ 25

## പോത്തുകല്ലിൽ ചാലിയാർ പുഴയിലൂടെ ഒലിച്ചുവന്നത്


സി.ജമാൽ
നിലമ്പൂർ

വയനാട് മേപ്പാടി ചൂരൽമലയിലെ ഉരുൾപൊട്ടലിൽ മരണമടഞ്ഞവരുടെ മൃതദേഹങ്ങൾ മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയുടെ വിവിധ കടവുകളിൽ നിന്ന് ലഭിച്ചു. വൈകീട്ട് 6 മണിവരെ നടത്തിയ തിരിച്ചിലിൽ ശരീരാവശിഷ്ടങ്ങൾ ഉൾപ്പടെ 57 മൃതദേഹങ്ങളാണ് ലഭിച്ചത്. പൂർണതോതിൽ 32 മൃതദേഹങ്ങളും 25 ശരീരാവശിഷ്ടങ്ങളുമാണ് ലഭിച്ചത്. ഇതിൽ 19 പുരുഷൻമാരുടെയും 11 സ്ത്രീകളുടെയും 2 ആൺകുട്ടികളുടെയുമാണ് ലഭിച്ചത്. പലരുടെയും ശരീര ഭാഗങ്ങൾ ചിന്നിച്ചിതറിയ നിലയിലാണ് ലഭിച്ചത്. രാവിലെ 7.10ഓടെയാണ് ആദ്യ മൃതദേഹം ചാലിയാർ പുഴയിൽ കുനിപ്പാല ഭാഗത്തുനിന്നും സമീപത്തുള്ള ആദിവാസി കോളനിക്കാർ വഴി അറിയിന്നത്. തുടർന്ന് പൊലീസ്,ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ്,സന്നദ്ധ സംഘടനകളുടെ പ്രവർത്തകർ, നാട്ടുകാർ എന്നിവർ നടത്തിയ തിരച്ചിലിലാണ് മുണ്ടേരി കൃഷിതോട്ടത്തിന് സമീപത്തായി മൃതദേഹങ്ങൾ കൂട്ടത്തോടെ എത്തിയതായി കണ്ടെത്തിയത്.

തുടർന്ന് വ്യാപക തരിച്ചിലിലാണ് മൃതദേഹങ്ങളും ശരീരഭാഗങ്ങളും കണ്ടെടുത്തത്. ദുരന്തം നടന്ന സ്ഥലത്തു നിന്നും 16 കിലോമീറ്ററിലധികം പുഴയിലൂടെ ഒഴുകിയാണ് മൃതദേഹങ്ങൾ പോത്തുകല്ലിലും സമീപ പ്രദേശങ്ങളിലുമെത്തിയത്.




ചാലിയാർ പുഴയിൽ നിന്ന് ലഭിച്ച മൃതദേഹം നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് മാറ്റുന്നു



നിലമ്പൂർ ജില്ലാ ആശുപത്രിയിലെ ഫ്രീസറിൽ സൂക്ഷിച്ച മൃതദേഹങ്ങൾ

വീട്ടുസാമഗ്രികളും ഗ്യാസ് സിലിണ്ടറുകളുമടക്കം പുഴയിലൂടെ ഒഴുകിവന്നിട്ടുണ്ട്. കുനിപ്പാലയിൽ നിന്ന് മൂന്ന് വയസുള്ള ആൺകുട്ടിയുടെ മൃതദേഹമാണ് ആദ്യം കിട്ടിയത്. മേപ്പാടി ചൂരൽമലയിൽ മഴപെയ്താൽ പോത്തുകൽ പ്രദേശത്താണ് അതിന്റെ ഭീഷണി ഉണ്ടാകാറുള്ളത്. ദുരന്ത ഭൂമിയായ മുണ്ടക്കൈയിൽ നിന്നുള്ളവരാണ് ചാലിയാറിലൂടെ ഒഴുകിയെത്തിയതെന്നാണ് കരുതുന്നത്. മൃതദേഹങ്ങൾ രാത്രിയിലും പോസ്റ്റ്മോർട്ടം ചെയ്തുകൊണ്ടിരിക്കുകയാണ്. ജില്ലാ കലക്ടർ വി.ആർ വിനോദ് , ജില്ലാ പൊലീസ് മേധാവി നിലമ്പൂർ തഹസിൽദാർ, ശശിധരൻ, ഡിവൈ.എസ്.പിമാരായ മൂസ വള്ളിക്കാടൻ, സാജു എബ്രഹാം, സി.അലവി തുടങ്ങിയവരുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾക്ക്നേതൃത്വം നൽകുന്നുണ്ട്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഫ്രീസറിൽ സൂക്ഷിച്ച മൃതദേഹങ്ങൾ രാത്രിയിലും പോസ്റ്റ്മോർട്ടം ചെയ്തുവരികയാണ്. മലപ്പുറം ഡി.എം.ഒ ഡോ.രേണുക, നിലമ്പൂർ ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ.ഷിനാസ് ബാബു, മഞ്ചേരി മെഡിക്കൽ കോളജ്ഫോറൻസിക് വിഭാഗത്തിലെ ഡോക്ടർമാർ എന്നിവരുടെ നേതൃത്വത്തിലാണ് ജില്ലാ ആശുപത്രിയിലെ ക്രമീകരണങ്ങൾ നടക്കുന്നത്. അതിവേഗത്തിൽ ഇൻക്വസ്റ്റ് നടപടികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി ജില്ലയിലെ വിവിധ സ്റ്റേഷനുകളിലെ ഇൻസ്പെക്ടർമാരും എസ്.ഐമാരും നിലമ്പൂരിൽ ക്യാമ്പ് ചെയ്യുകയാണ്. മന്ത്രി വി.അബ്ദുറഹിമാൻ, മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പ്രതിപക്ഷ ഉപനേതാവ് പി.കെ.കുഞ്ഞാലിക്കുട്ടി എം.എൽ.എമാരായ പി.കെ.ബഷീർ,എ.പി.അനിൽ കുമാർ, ടി.വി.ഇബ്രാഹീം,കെ.കെ.ആബിദ്ഹുസൈൻ തങ്ങൾ, പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, പി.കെ. ഫിറോസ് തുടങ്ങിയവർ നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തി മൃതദേഹങ്ങൾ സന്ദർശിച്ചു.

## വിറച്ചു,വിറങ്ങലിച്ച്...നടുക്കത്തോടെ ജില്ല

### വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് നിരവധി കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു

മലപ്പുറം: പ്രളയത്തെ ഓർമ്മപ്പെടുത്തി മലപ്പുറത്ത് മഴ കനക്കുമ്പോൾ ആശങ്കകളും ഏറുന്നു. ജില്ലയിൽ പുഴകളിലും തോടുകളിലും വെള്ളം നിറഞ്ഞ് കവിഞ്ഞതോടെ നൂറുകണക്കിന് വീടുകളിലാണ് വെള്ളം കയറിയത്. ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളും തുറന്നിട്ടുണ്ട്. നിലമ്പൂർ പോത്തുകല്ലിലെ ചാലിയാർ പുഴയിലൂടെ മൃതദേഹങ്ങളും മനുഷ്യശരീര ഭാഗങ്ങളും ഒഴുകിവരുന്ന കാഴ്ചകളും ഏറെ ഭീതിജനിപ്പിക്കുന്നതായിരുന്നു. 32 മൃതദേഹങ്ങളും 25 ശരീര ഭാഗങ്ങളുമാണ് പുഴയിൽ നിന്ന് കണ്ടെടുത്തത്. വയനാട് ഉരുൾപൊട്ടിയ മുണ്ടക്കൈയിൽ നിന്നും കിലോമീറ്ററുകളോളം ഒഴുകിയാണ് മൃതദേഹങ്ങൾ നിലമ്പൂരിലെത്തിയിരിക്കുന്നത് എന്നത് ദുരന്തത്തിന്റെ വ്യാപ്തിയാണ് കാണിക്കുന്നത്. ജില്ലയിലെ പ്രധാന നദികളിലും തോടുകളിലുമെല്ലാം വെള്ളം കുത്തനെ കൂടിയിരിക്കുകയാണ്.

ഭാരതപ്പുഴ അപകട നിലയിലേക്ക് അടുക്കുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ. ചാലിയാർ പുഴ. ഭാരതപ്പുഴ, കടലുണ്ടിപ്പുഴ എന്നീ പുഴകളിലെല്ലാം അപകടകരമാംവിധം വെള്ളം ഉയരുകയാണ്. ജില്ലയിലെ പൊതുഗതാഗത സംവിധാനമെല്ലാം ഇന്നലെ ഭാഗികമായി തടസപ്പെട്ടു. കെ.എസ്.ആർ.ടി.സി, സ്വകാര്യ വാഹനങ്ങൾ ഭാഗികമായിട്ടാണ് സർവീസ് നടത്തിയത്. മലപ്പുറം കോട്ടക്കുന്നിന്റെ താഴ്ഭാഗത്തുള്ള കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു. ഒമ്പത് കുടുംബങ്ങളിൽ നിന്നായി 27 ആളുകളെയാണ് നഗരസഭ ടൗൺഹാളിലെ ക്യാമ്പിലേക്ക് മാറ്റിയത്. മലപ്പുറം മുനിസിപ്പാലിറ്റിയിലെ ചെമ്മങ്കടവിലും നിരവധി കുടുംബങ്ങളെ മദ്രസകളിലേക്കും മറ്റും മാറ്റി പാർപ്പിച്ചിട്ടുണ്ട്. പലരും വീടുവിട്ട് ബന്ധുക്കളുടെ വീട്ടിലേക്ക് മാറി. ശക്തമായ മഴയുടെയും വയനാട് ജില്ലയിലെ ഉരുൾപൊട്ടലിനെയും തുടർന്ന് ജില്ലയിലെ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി മന്ത്രി വി. അബ്ദുറഹ്മാന്റെ നേതൃത്വത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഓൺലൈനിൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന എല്ലാവരെയും മാറ്റിപ്പാർപ്പിക്കാനാണ് തീരുമാനം. അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും നടത്തും. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തി.



മുണ്ടേരി ഇരുട്ടുകുത്തി വാണിയംപുഴയിൽ നിന്ന് കിട്ടിയ മൃതദേഹാവശിഷ്ടങ്ങൾ രക്ഷാപ്രവർത്തകർ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എത്തിക്കുന്നു

ജില്ലാ കലക്ടർ വി.ആർ വിനോദ്, മറ്റു ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന എല്ലാവരെയും ബന്ധുവീടുകളിലേക്കോ ദുരിതാശ്വാസ ക്യാമ്പുകളിലേക്കോ മാറ്റിപ്പാർപ്പിക്കും. ഇതിനുള്ള ക്രമീകരണങ്ങൾ വില്ലേജ് ഓഫീസർമാരുടെയും തദ്ദേശസ്ഥാപന സെക്രട്ടറിമാരുടെയും നേതൃത്വത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ദുരന്തം നടന്ന വയനാട്ടിലേക്ക് അഗ്നിരക്ഷാ സേനയുടെ 40 അംഗ ടീമിനെ ജില്ലയിൽ നിന്ന് അയച്ചിട്ടുണ്ട്. എൻ.ഡി.ആർ.എഫ് സംഘത്തെ നിലമ്പൂരിൽ പ്രശ്നസാധ്യതയുള്ള മേഖലകളിൽ വിന്യസിച്ചിരിക്കുകയാണ്. പുഴകളിലെ ജലവിതാനം യഥാസമയം നിരീക്ഷിച്ചു വരികയാണെന്നും ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിന് ഉദ്യോഗസ്ഥ സംവിധാനം സജ്ജമാണെന്നും ജില്ലാ കലക്ടർ യോഗത്തിൽ അറിയിച്ചു. വയനാട് ചൂരൽമല, മുണ്ടക്കൈയിലെ ഉരുൾപൊട്ടലിനെ തുടർന്ന് ജില്ലയിലെ മലയോര മേഖല കനത്ത ഭീതിയിലായിരിക്കുകയാണ്. ചാലിയാറിൽ വലിയ തോതിൽ ജലവിതാനം ഉയരുന്നു.

വെള്ളിലമാട് അമ്പിട്ടാൻ പോട്ടി, പോത്തുകല്ല് പോട്ടി, മച്ചിക്കൈ, പനങ്കയം ഏരിയകളിൽ വെള്ളം കയറി. ഇവിടെ ഇരുകരകളിലും താമസിക്കുന്നവരെ ഒഴിപ്പിക്കുന്നുണ്ട്. പോത്തുകല്ല് മേലേ കുനിപ്പാല ഭാഗത്ത് നിന്ന് അഞ്ചു വയസ് പ്രായം തോന്നിക്കുന്ന കുട്ടിയുടെ മൃതദേഹം കിട്ടിയത് ഏറെ ദുഃഖകരമായ കാഴ്ച്ചയായി. പോത്തുകല്ല് വില്ലേജ് പരിധിയിൽ വെള്ളിലമാടും, മുക്കത്ത് പുഴയിലും മൃതദേഹങ്ങൾ കിട്ടി. ചാലിയാർ റിവർ ബേസിനിലെ കാഞ്ഞിരപ്പുഴ, ചക്കാലക്കുത്ത്, പെരുവമ്പാടം റിവർ മാപിനികൾ പ്രകാരം വാർണിങ് ലെവൽ ക്രോസ് ചെയ്തിട്ടുണ്ട്. ഭാരതപ്പുഴ ബേസിനിലെ പുലാമന്തോൾ (തൂതപ്പുഴ) റിവർ മാപിനി പ്രകാരം വാർണിങ് ലെവൽ ക്രോസ് ചെയ്ത് അപകട നിലയിലേക്ക് വെള്ളം ഉയർന്നിട്ടുണ്ട്. കടലുണ്ടിപ്പുഴയിലെ ചിറ്റത്ത്പാറയിൽ അപകട നിലക്കും മുകളിലുള്ള വെള്ളം തുടരുകയാണ്. തീരദേശ മേഖലയിലും വലിയ രീതിയിൽ വെള്ളം കയറി വീടുകൾ ഒഴിപ്പിക്കൽ തുടരുകയാണ്. ഇനിയുള്ള മണിക്കൂറുകളിലും മഴ കുറഞ്ഞില്ലെങ്കിൽ വലിയ ദുരന്തമായിരിക്കും സംഭവിക്കുക എന്നാണ് കാലാവസ്ഥ വിദഗ്ധർ നൽകുന്ന മുന്നറിയിപ്പ്.





ചാലിയാർ പുഴയിൽ നിന്ന് മൃതദേഹങ്ങൾ കരയിലേക്ക് കൊണ്ടുപോകുന്നു

# കണ്ണീർപ്പുഴ

## ചാലിയാർ പുഴയിൽ ഒഴുകിപ്പരന്ന് ചലനമറ്റ മനുഷ്യർ

സ്വന്തം ലേഖകൻ
നിലമ്പൂർ

വയനാട് മേപ്പാടി ചൂരൽമല ഉരുൾപൊട്ടലിൽ ദുരന്തം നടന്നത് മുണ്ടക്കയിലാണെങ്കിലും ആഘാതം മലപ്പുറം ജില്ലയും നേരിട്ടു. രണ്ടു ദിവസമായി വയനാട്ടിൽ തുടരുന്ന കനത്ത മഴ മലപ്പുറം ജില്ലയിലൂടെ ഒഴുകുന്ന ചാലിയാറിൽ വലിയ തോതിലുള്ള മലവെള്ളപ്പാച്ചിലിന് കാരണമാകുമെന്ന് നേരത്തെ തന്നെ മുന്നറിയിപ്പുണ്ടായിരുന്നു. രണ്ടുദിവസമായി കലങ്ങിമറിഞ്ഞ് കുത്തിയൊഴുകിവരുന്ന ചാലയാറിൽ ഇന്നലെ രാവിലെ മുണ്ടേരി കൃഷി ഫാമിനോട് ചേർന്നുകിടക്കുന്ന കടവുകളിൽ നിന്നാണ് ചെളിയിൽ പൂഴ്ന്നു കിടക്കുന്ന നിലയിൽ ശരീരാവശിഷ്ടങ്ങൾ കണ്ടത്. കോളനിക്കാർ വിവരം അറിയിച്ചതിനനുസരിച്ച് നാട്ടുകാരും പോത്തുകൽ പൊലീസും സ്ഥലത്തെത്തി തിരച്ചിൽ നടത്തിയപ്പോഴാണ് ആദ്യ മൃതദേഹം ലഭിച്ചത്. ഉരുൾപൊട്ടലിൽ കാണാതായ മൃതദേഹങ്ങൾ ചാലിയാർ പുഴയിലൂടെ വിവരം പോത്തുകല്ലിലെ നാട്ടുകാരെ അറിയിച്ചു. ഇരുട്ടികുത്തി കോളനി, അമ്പിട്ടാൻപൊട്ടി, പനങ്കയം എസ്റ്റേറ്റ്,മച്ചിക്കൽ, വാണിയമ്പുഴ തുടങ്ങിയ പ്രദേശങ്ങളിൽ തിരച്ചിൽ നടത്തി. നൂറ് കണക്കിന് നാട്ടുകാരാണ് തിരച്ചിലിന് സന്നദ്ധരായി ഒഴുകിയെത്തിയത്. ഫയർഫോഴ്സ്, പൊലീസ് , വിവിധ രാഷ്ട്രീയ-മത-സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് പിന്നീട് അതിവേഗതയിൽ നടന്നത്. പോത്തുകല്ലിലേക്ക് ആരുടെയും പ്രേരണയില്ലാതെ തന്നെ ആംബുലൻസുകളും വളണ്ടിയർമാരും ഓടിയെത്തി. ഒരു വിഭാഗം പുഴയിൽ തിരച്ചിൽ നടത്തുമ്പോൾ നിലമ്പൂർ ജില്ലാ ആശുപത്രയിൽ ഡോക്ടർമാരും നഴ്സുമാരുമടക്കമുള്ള ആരോഗ്യ വകുപ്പിലെ ജീവനക്കാർ തയ്യാറായി നിന്നു. മഞ്ചേരി മെഡിക്കൽ കോളജിൽ നിന്നും ഫോറൻസിക് വകുപ്പിലെ കൂടുതൽ ഡോക്ടർമാരുമെത്തി. ഇതോടെ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ പുരോഗമിച്ചു.മൃതദേഹങ്ങൾ ആശുപത്രിയിലെ മോർച്ചറിയിലേത്തിച്ചു. ജില്ലയിലെ ഇൻസ്പെക്ടർമാരും എസ്.ഐമാരും ഇവിടെയെത്തി. ഇൻക്വസ്റ്റ് വേഗത്തിൽ പൂർത്തിയാക്കി. ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കിയ മൃതദേഹങ്ങൾ പേവാർഡ് കെട്ടിടത്തിലേക്ക് മാറ്റി. തുടർന്ന് മോർച്ചറിയിലും അതിന് മുൻ വശത്തും പോസ്റ്റ്മോർട്ടം നടത്തി. രാത്രി 7 ഓടെ 25 മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം ചെയ്തു. മുസ്‌ലിം ലീഗ്, യൂത്ത് ലീഗ്, വൈറ്റ്ഗാർഡ്, നിലമ്പൂർ സി.എച്ച് സെന്റർ വളണ്ടിയർമാർ എന്നിവർ എല്ലാറ്റിനും മുന്നിൽ സഹായവുമായി ജില്ലാ ആശുപത്രയിലുണ്ടായിരുന്നു. ആശുപത്രിയിലെത്തുന്ന വലിയ ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതും ആൾക്കൂട്ടം തന്നെയായിരുന്നു. അതിനിടെ മൃതദേഹങ്ങൾ തിരിച്ചറിയാൻ സാധിക്കാതെ ബന്ധുക്കളുയെും വയനാട്ടിൽ നിന്നും എത്തിയ നാട്ടുകാരുടെ വിതുമ്പലും കാണാനായി. അവരെ ആശ്വസിപ്പിക്കേണ്ടത് എങ്ങിനെ എന്നറിയാതെ കണ്ടുനിന്നവരും കണ്ണീർ വാർത്തു.

## ഉറ്റവരെ തേടി ബന്ധുകൾ ചാലിയാർ തീരത്ത്

നിലമ്പൂർ: വയനാട് ചൂരൽമലയിലുണ്ടായ ഉരുൾപൊട്ടലിൽ ചാലിയാർ പുഴയിലൂടെ ഒഴുകി വന്ന മൃതദേഹങ്ങൾ തിരിച്ചറിയാനായി ബന്ധുക്കൾ നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തി. ചൂരൽമലയിലെ ക്ഷേത്രത്തിലെ പൂജാരിയെ തേടി സഹോദരി ഭാരതിയാണ് ആദ്യമെത്തിയത്. നീലഗിരി ജില്ലയിലെ ദേവാലയിലാണ് ഭാരതി താമസിക്കുന്നത്. ജില്ലാ ആശുപത്രിയിലെത്തി മൃതദേഹങ്ങൾ തിരിച്ചറിയാൻ ശ്രമിച്ചെങ്കിലും നടന്നില്ല. തുടർന്ന് മൊബൈലിൽ ഫോട്ടോ കാണിച്ച് കൂടുതൽ ബന്ധുക്കളെത്തി. ഒരു ഖത്തീബ് ഒഴികെ ആരെയും തിരിച്ചറിയാൻ സാധിച്ചിട്ടില്ല. മൃതദേഹങ്ങൾ പലതും വികൃതമായ നിലയിലായിരുന്നു. തലയില്ലാത്തതും, കാലുകൾ മാത്രമായും കൈകളുടെ ഭാഗങ്ങളായും ശരീരാവശിഷ്ടങ്ങൾ ജില്ലാ ആശുപത്രിയിലെത്തി. പ.റക്കെട്ടുകളിലൂടെ കിലോമീറ്ററുകളോളം ഒഴുകിയാണ് ചലിയാറിലെ വിവിധ കടവുകളിൽ മൃതദേഹങ്ങളെത്തിയത്. വയനാട്ടിലെ ബന്ധുക്കൾ മലപ്പുറം ജില്ലയിലെ പരിചയമുള്ളവർക്കും ഇവിടെയുള്ള ബന്ധുക്കൾക്കും ഫോട്ടോ അയച്ചുകൊടുത്താണ് തിരിച്ചറിയാൻ ആവശ്യപ്പെട്ടത്. എന്നാൽ ഇത് കാര്യമായി വിജയിച്ചില്ല.



രാത്രിയിലും മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം ചെയ്യുന്ന നിലമ്പൂർ ജില്ലാ ആശുപത്രി മോർച്ചറിയുടെ മുൻവശം

## അതിവേഗം പൂർത്തിയായത് 26 മൃതദേഹങ്ങളുടെ പോസ്റ്റ്മോർട്ടം

നിലമ്പൂർ: വയനാട് ചൂരൽമല, മുണ്ടക്കൈ ഭാഗങ്ങളിലുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവരുടേതായി ചാലിയാർ പുഴയിൽ നിലമ്പൂർ, മുണ്ടേരി എന്നിവിടങ്ങളിൽ നിന്നായി ചൊവ്വാഴ്ച വൈകീട്ട് 7.30 വരെയായി കണ്ടെടുത്തത് 32 മൃതദേഹങ്ങളും 25 ശരീര ഭാഗങ്ങളും. 19 പുരുഷൻമാർ, 11 സ്ത്രീകൾ, 2 ആൺകുട്ടികൾ, 25 ശരീരഭാഗങ്ങൾ എന്നിങ്ങനെയാണ് ലഭിച്ചത്. മൃതദേഹങ്ങൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. രാവിലെ 6 മണി മുതൽ തന്നെ പോത്തുകല്ല് ഭാഗത്ത് നിന്ന് രക്ഷാ പ്രവർത്തകർ മൃതദേഹങ്ങൾ കണ്ടെടുക്കാൻ തുടങ്ങിയിരുന്നു. ജില്ലാ ആശുപത്രിയിലെത്തിച്ച മൃതദേഹങ്ങളും ശരീരഭാഗങ്ങളും വേഗത്തിൽ ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി പോസ്റ്റ്മോർട്ടം പുരോഗമിക്കുകയാണ്. 26 മൃതദേഹങ്ങളുടെ പോസ്റ്റ്മോർട്ടം പൂർത്തിയായി. മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് ഫോറൻസിക് വിഭാഗം ഡോക്ടർമാരെ എത്തിച്ച് നിലമ്പൂരിൽ തന്നെയാണ് പോസ്റ്റുമോർട്ടം ചെയ്യുന്നത്. ജില്ലാ ആശുപത്രിയിലെ രണ്ട് നില പേവാർഡുകൾ പൂർണമായി മൃതദേഹങ്ങൾ കിടത്തിയിരിക്കുകയാണ്. ഇതിനായി 50 ലധികം ഫ്രീസറുകൾ ഇതിനകം ആശുപത്രിയിലേക്ക് വിവിധ ഇടങ്ങളിൽ നിന്നായി എത്തിച്ചിട്ടുണ്ട്. രാത്രിയിലും ഇൻക്വസ്റ്റ്, പോസ്റ്റ്മോർട്ടം നടപടികൾ തുടരും.

### മൃതദേഹങ്ങൾ വയനാട്ടിലേക്ക് മാറ്റും

നിലമ്പൂർ: നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ച മൃതദേഹങ്ങളും ശരീരാവശിഷ്ടങ്ങളും വയനാട്ടിലേക്ക് മാറ്റും. മന്ത്രി വി.അബ്ദുറഹിമാന്റെ സാന്നിധ്യത്തിൽ നിലമ്പൂരിൽ നടന്ന ചർച്ചയിലാണ് തീരുമാനം. വയനാട് ജില്ലാ ഭരണകൂടം ആവശ്യപ്പെടുന്നതിന് അനുസരിച്ചായിരിക്കും മൃതദേഹങ്ങൾ മാറ്റുക. തിരിച്ചറിയുന്ന മൃതദേഹങ്ങൾ വയനാട് ജില്ലാ ഭരണകൂടത്തിന്റെ അനുമതിയോടെ മാത്രമേ നിലമ്പൂരിൽ നിന്നും വിട്ടുനൽകുകയുള്ളൂവെന്നും മന്ത്രി പറഞ്ഞു. ഇന്ന് രാവിലെ മുതൽ തിരച്ചിൽ പുനരാരഭിക്കും.

## ചൂരൽമലയിൽ നിന്ന് ഹെലികോപ്റ്ററിൽ 6 പേരെ കരിപ്പൂരിലെത്തിച്ചു

കൊണ്ടോട്ടി: ഉരുൾപൊട്ടൽ സംഭവിച്ച വയനാട് ചൂരൽമലയിൽ കുടുങ്ങിയ ആറു പേരെ രക്ഷപ്പെടുത്തി ഹെലികോപ്റ്ററിൽ കരിപ്പൂർ വിമാനത്താവളത്തിൽ എത്തിച്ചു. ഇവരെ കൊണ്ടോട്ടി മേഴ്സി ആശുപത്രി യിൽ പ്രവേശിപ്പിച്ചു. ഇതിൽ രണ്ടുപേർക്കു ചെറിയ പരിക്കുകളുണ്ട്. ചൂരൽമല സ്വദേശികളായ സുഹൈൽ (24), മുഹമ്മദ് ഇസ്ഹാഖ് (17) എന്നിവരെ മഞ്ചേരി മെഡിക്കൽ കോളജിലേക്ക് മാറ്റി. രണ്ടു പേർക്കും കൈകൾക്കും കാലിനുമാണ് പരിക്ക്. ആരോഗ്യപ്രവർത്തകർ സ്ഥലത്തെത്തി വിവരങ്ങൾ ശേഖരിച്ചു. അതേസമയം പുളിക്കൽ പെരിയമ്പലം സ്വദേശികളായ കൊളത്തിൽ സനീർ, ഉമ്മ ചെറിയമ്പാടൻ ഫാത്തിമ, അനിയത്തി ഉമ്മുകുൽസു എന്നിവരെ കാണാതായിട്ടുണ്ട്. ഇവരുടെ വീട് മണ്ണിൽപെട്ടിട്ടുണ്ട്.

### 31 ദുരിതാശ്വാസ ക്യാമ്പുകൾ

ജില്ലയിൽ നിലവിൽ 31 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. 402 പുരുഷന്മാർ, 369 സ്ത്രീകൾ, 260 കുട്ടികൾ എന്നിങ്ങനെ 300 കുടുംബങ്ങളിൽ നിന്നുള്ള 1031 പേരാണ് ഈ ക്യാമ്പുകളിൽ കഴിയുന്നത്. കഴിഞ്ഞ 24 മണിക്കൂറിൽ ജില്ലയിൽ ഒമ്പതു വീടുകൾ ഭാഗികമായി തകർന്നു.

## കൊണ്ടോട്ടിയിലും പരിസരത്തും വ്യാപക ദുരിതം; പാലക്കപറമ്പിൽ മണ്ണിടിച്ചിൽ, റോഡ് വെള്ളത്തിൽ

കൊണ്ടോട്ടി: കനത്ത മഴയിൽ കൊണ്ടോട്ടിയിലും പരിസരത്തും വ്യാപക ദുരിതം. പല ഭാഗത്തും മണ്ണിടിച്ചിൽ സംഭവിച്ചു. മേഖലയാകെ വെള്ളം മൂടി. ബൈപാസ് റോഡ് പൂർണമായും വെള്ളത്തിലായ തോടെ സമീപകടകളിലേക്കും വെള്ളം കയറി വൻ നഷ്ടങ്ങൾ സംഭവിച്ചു. മഴവെള്ളം കുത്തിയൊലിച്ചും തോട് കവിഞ്ഞും വെള്ളം റോഡിലേക്ക് കുത്തിയൊലിച്ചതോടെ ബൈപാസ് റോഡിൽ 17 ജങ്ഷൻ മുതൽ റോഡ് മുട്ടോളം വെള്ളം നിറഞ്ഞ അവസ്ഥയായി. 32, 35 ഡിവിഷനു കളിൽ തൈതോട്ടം, പറമ്പാട്ട് ഉൾപ്പെടുന്ന പ്രദേശത്തെ നിരവധി വീടുകളാണ് ദുരിതത്തിലായത്. ഈ ഭാഗത്തെ 70ൽ ഏറെ വിടുകൾ വെള്ളത്തിൽപെട്ടു. വീട്ടുകാരെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. പാലക്കാപറമ്പിൽ മലയാകെ ഇടിഞ്ഞു വീണു. സമീപത്ത് താമസമില്ലാത്തത് വലിയ ദുരന്തമാണ് ഒഴിവായത്. ഇനിയും പൊട്ടാൻ സാധ്യതയുള്ളത് കൊണ്ട് മലയുടെ മുകളിൽ തമാസിക്കുന്ന ചിന്നന്റെ കുടുംബത്തെ മാറ്റി പാർപ്പിച്ചു. കുന്നത്തുപറമ്പ് മുണ്ടോടൻ റഫീഖിന്റെ മതിൽ ഇടിഞ്ഞത് കാരണം തൊട്ടടുത്ത പുളിയഞ്ചാലി കരീമിന്റെ വീടിന് ഭീഷണിയായി നിൽക്കുന്നു. ചിറയിൽ ഞാറക്കാട് തെരുവത്ത് മുരളി മാസ്റ്ററുടെ പറമ്പിൽ മണ്ണിടിഞ്ഞു. ചേപ്പിലകുന്നിലും മല ഇടിച്ചിൽ ഉണ്ടായി.ഒട്ടേറെ കൃഷി മണ്ണിൽ മൂടി. പല ഭാഗത്തും മരംവീണ് അപകടമുണ്ടായി. കൊണ്ടോട്ടി ജി.എം.എൽ.പി, കൊട്ടുക്കര സ്കൂൾ എന്നിവിടങ്ങളിൽ നഗരസഭ ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കിയിട്ടുണ്ട്. കോടങ്ങാട് ഭാഗത്ത് ഒരു ലോഡ്ജിൽ ആകെ വെള്ളം കയറിയതോടെ ഇവിടെ താമസിച്ച 37 പേരെ കൊട്ടുക്കര ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. മേലങ്ങാടി ക്യാമ്പിലും 37പേർ ഉണ്ട്. ക്യാമ്പുകളിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വെള്ളം കയറിയ വീടുകളിലും പ്രദേശങ്ങളിലും തുടർ ദിവസങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും ക്യാമ്പുകളും ഒരുക്കുമെന്ന് നഗരസഭ അറിയിച്ചു. മണ്ണിടിഞ്ഞ പ്രദേശങ്ങൾ മലപ്പുറം സബ് കലക്ടർ അപൂർവ്വ തൃപാഠിയ, റവന്യൂ അധികാരികൾ, നഗരസഭ ആക്ടിങ് ചെയർമാൻ അഷ്റഫ് മടാന്റെ നേതൃത്വത്തിൽ നഗരസഭ അധികൃതർ, പൊലീസ് ഉദ്യോഗസ്ഥർ സന്ദർശിച്ചു. വാഴക്കാട്, ചീക്കോട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളും വെള്ളം മൂടി ഒറ്റപ്പെട്ടു. പുളിക്കൽ അങ്ങാടിയും വെള്ളം മൂടി. ഇന്നലെ പുലച്ചക്ക് മുമ്പേ വെള്ളക്കെട്ടിലായ കൊണ്ടോട്ടി ബൈപ്പാസ് റോഡ് വൈകീട്ടും വെള്ളം ഒഴിഞ്ഞ് പോയിരുന്നില്ല. കെട്ടിടങ്ങൾ അധികരിച്ചതും ഓവുചാലുകൾ മണ്ണ്മൂടിയതും മഴവെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സമായി. കുറച്ച് നേരം മഴപെയ്താൽ പോലും 17 ഭാഗത്ത് റോഡ് വെള്ളത്തിൽ മൂടുന്നത് പതിവ് കാഴ്ചയാണ്.

## ഭാരതപ്പുഴയിൽ ജലനിരപ്പ് കൂടി

എടപ്പാൾ : മലവെള്ളം കുത്തി ഒലിച്ചെത്തിയതോടെ ഭാരതപ്പുഴയിലെ ചമ്രവട്ടം ഭാഗത്ത് പലയിടത്തും വെള്ളം കരകവിഞ്ഞൊഴുകി. ചമ്രവട്ടം അയ്യപ്പംകാവ് ക്ഷേത്രമുറ്റത്തേക്ക് വെള്ളം കയറി തുടങ്ങി .പുഴവക്കിലെ താമസക്കാരോട് ജാഗ്രത പുലർത്താൻ ബന്ധപ്പെട്ടവർ മുന്നറിയിപ്പ് നൽകി. തവനൂർ, കാലടി, വട്ടംകുളം, എടപ്പാൾ പഞ്ചായത്തുകളിൽ നിരവധി വീടുകളിൽ വെള്ളം കയറി, വൈദ്യുതി ലൈനിന് മുകളിൽ മരം വീണു വൈദ്യുതി മുടങ്ങി, കാലടി പഞ്ചായത്തിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നു വെള്ളം കയറിയ വീട്ടുകാരെ ക്യാമ്പിലെത്തിക്കാൻ നൗഫൽ തണ്ടിലത്തിന്റെ നേതൃത്വത്തിൽ ഒരുക്കങ്ങളായി. വട്ടംകുളം പഞ്ചായത്തിൽ മൂതൂരിൽ പാറയിൽ വെള്ളം കയറിയ വീടുകളിൽ നിന്ന് പ്രായമായവരെ നാട്ടുകാർ തോണിയിൽ കരക്കെത്തിച്ചു. പൂക്കരത്തറയിൽ ബാപ്പു മൊല്ല നഗർ റോഡിൽ മരം കടപുഴകി വീണു ഗതാഗതം നിലച്ചു. വൈദ്യുതി ലൈനിലേക്ക് മരം വീണു പോസ്റ്റുകൾ തകർന്നു വൈദ്യൂതി ബന്ധം നിലച്ചു. അയിലക്കാട്ടിൽ കെ.വി ഹസന്റെ വീടിനടുത്തുള്ള കിണറിടിഞ്ഞു വീണു. കണ്ടനകത്ത് നിരവധി വീടുകളിൽ വെള്ളം കയറി. മരം വീണു ലൈൻ തകർന്ന പലയിടത്തും വൈദ്യുതി വിതരണം ഇതുവരെയും ആരംഭിച്ചിട്ടില്ല.





1. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ മൃതദേഹങ്ങൾ സന്ദർശിച്ച് പുറത്തിറങ്ങുന്ന മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി. 2. യൂത്ത്‌ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ആശുപത്രി സൂപ്രണ്ടിനോട് കാര്യങ്ങൾ ചോദിച്ചറിയുന്നു.ജനറൽ സെക്രട്ടറി പി.കെ ഫിറോസ്, ദേശീയ ഓർഗനൈസിങ് സെക്രട്ടറി ടി.പി അഷ്റഫലി, ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂർ സമീപം

## ദേശീയപാതയിൽ വെള്ളക്കെട്ട്; ഗതാഗതം തടസപ്പെട്ടു

മലപ്പുറം: കനത്തമഴയിൽ കോഴിക്കോട് - പാലക്കാട് ദേശീയ പാതയിലെ വിവിധയിടങ്ങളിൽ തോട് കരകവിഞ്ഞൊഴുകി ഗതാഗതം തടസ്സപ്പെട്ടു. വലിയ തോടിലും സമീപത്തെ വയലുകളിലും വെള്ളം നിറഞ്ഞതോടെ റോഡുകളിൽ വെള്ളംകയറുകയായിരുന്നു. മലപ്പുറം മച്ചിങ്ങലിൽ അരയാൾപൊക്കത്തിൽ റോഡിൽ വെള്ളം നിറഞ്ഞു. മച്ചിങ്ങൽ ബൈപാസിലെ പാടശേഖരം നിറഞ്ഞു കവിഞ്ഞ് സമീപത്തുള്ള എം.ബി ആശുപത്രി, ഇസ്‌ലാഹിയ ഹയർ സെക്കന്ററി സ്കൂൾ, ഡ്രൈവിങ് ടെസ്റ്റ് മൈതാനം തുടങ്ങിയവയെല്ലാം പൂർണമായും വെള്ളത്തിൽ മുങ്ങി. വലിയവരമ്പ് ബൈപ്പാസിലും സമീപ പ്രദേശത്തും വെള്ളമുയർന്നു. ആലത്തൂർപടിയിൽ കഴിഞ്ഞ ദിവസം അർധ രാത്രിയോടെ വെള്ളം ഉയർന്ന് എം.എം.ഇ.ടി ഹയർ സെക്കന്ററി സ്കൂൾ, എം.എം.ഇ.ടി.ടി.ടി.ഐ, മഅദിൻ അക്കാദമി തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കെല്ലാം വെള്ളം കയറി. വെള്ളക്കെട്ടിൽ വാഹനം ഓഫായും, ബസ് സർവീസുകൾ റദ്ദാക്കിയതിനാൽ വീട്ടിലേക്കെത്താൻ മാർഗമില്ലാതെയും യാത്രക്കാർ ദുരിതത്തിലായി. അർധരാത്രിയോടെ സ്തംഭിച്ച ഇവിടങ്ങളിലൂടെയുള്ള ഗതാഗതം രാവിലെയാണ് പുനഃസ്ഥാപിച്ചത്. ദേശീയപാതയിൽ നിന്നും ഉൾപ്രദേശങ്ങളിലേക്കുള്ള റോഡുകളും പാലങ്ങളും വെള്ളത്തിൽ മുങ്ങി. മേൽമുറി മച്ചിങ്ങൽ, കള്ളാടിമുക്ക്, ചെറുപറമ്പ്, വടക്കേപ്പുറം, നൂറേങ്ങൽമുക്ക്, ആലിക്കൽ, തുടങ്ങിയ പ്രദേശങ്ങൾ ഒറ്റപ്പെട്ടു. ഇവിടേക്കുള്ള പാലങ്ങളിൽ അരയാൾപൊക്കത്തിലായിരുന്നു വെള്ളമുണ്ടായിരുന്നത്. പ്രദേശവാസികൾ ദേശീയപാതയിലേക്കെത്തുന്നതിനും വാഹന സൗകര്യം ലഭിക്കുന്നതിനും പ്രയാസം നേരിട്ടു. പി.എസ്.സി പരീക്ഷ എഴുതുന്ന നിരവധി വിദ്യാർഥികൾക്കാണ് മറുകരയെത്താൻ സാധിക്കാത്തതിനാൽ പരീക്ഷയെഴുതാൻ സാധിക്കാതെ പോയത്. മലപ്പുറം കോട്ടക്കുന്നിൽ മണ്ണിടിച്ചിൽ ഭീഷണിയുള്ള പ്രദേശത്തെ കുടുംബങ്ങളെ മലപ്പുറം ടൗൺഹാളിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. മുണ്ടുപറമ്പ് മദ്രസ ഓഡിറ്റോറിയം, മലപ്പുറം എം.എസ്.പി എൽ.പി സ്കൂൾ, കാവുങ്ങൽ മദ്രസ, പട്ടർകടവ് പള്ളിപ്പടി മദ്രസ, കണ്ണത്തുപാറ മദ്രസ, മച്ചിങ്ങൽ മദ്രസ ഉൾപ്പെടെ ഏഴു പ്രദേശങ്ങളിലാണ് നഗരസഭയിൽ താത്കാലിക ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങിയിരിക്കുന്നത്. ഉച്ചക്ക് ശേഷം മഴയുടെ ശക്തി കുറഞ്ഞതോടെ തോടുകളിൽ വെള്ളം കുറഞ്ഞിട്ടുണ്ട്.

### വയനാട് ദുരന്തത്തിന്റെ വ്യാപ്തി ഭയാനകം: മുനവ്വറലി തങ്ങൾ

നിലമ്പൂർ: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ വ്യാപ്തി ഭയാനകമാണെന്ന് മുസ്‌ലിം യുത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ പറഞ്ഞു. ചാലിയാറിലൂടെ ഒഴുകിയെത്തിയ മുതദേഹങ്ങൾ സൂക്ഷിച്ച നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സന്ദർശനം നടത്തിയ ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാവരും ഒരുമിച്ച് രക്ഷാപ്രവർത്തനം നടത്തുകയാണ്. യൂത്ത്‌ലീഗ് വൈറ്റ് ഗാർഡ് ദുരന്ത മുഖത്ത് എല്ലാ സഹായവുമായി രംഗത്തുണ്ട്. എല്ലാ സംവിധാനങ്ങളും ദുരന്ത സ്ഥലങ്ങളിൽ എത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ്,ദേശീയ ഓർഗനൈസിങ് സെക്രട്ടറി ടിപി അഷ്റഫലി, ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂർ എന്നിവരും മുനവ്വറലി തങ്ങൾക്കൊപ്പമുണ്ടായിരുന്നു.

ഇസ്മാഈൽ മൂത്തേടം, പി.വി അഹമ്മദ് സാജു, കെ.ടി കുഞ്ഞാൻ എന്നിവരും നേതാക്കളെ അനുഗമിച്ചു.

### പി.എസ്.സി പരീക്ഷ എഴുതാനാകാതെ ഉദ്യോഗാർത്ഥികൾ

മലപ്പുറം: കനത്തമഴയെ വകവെക്കാതെ പി.എസ്.സി പരീക്ഷാ കേന്ദ്രത്തിലെത്തിയിട്ടും പരീക്ഷയെഴുതാൻ സമ്മതിക്കാതെ ഉദ്യോഗസ്ഥർ. വെള്ളക്കെട്ട് മൂലമുണ്ടായ ഗതാഗത തടസത്തെ തുടർന്ന് ഏതാനും മിനുട്ടുകൾ വൈകിയവരെ പോലും പരീക്ഷയെഴുതാൻ സമ്മതിച്ചില്ലെന്നാണ് പരാതി. ഇന്നലെ നടന്ന ഖാദി ബോർഡ് എൽ.ഡി.സി തസ്തികയിലേക്കുള്ള പരീക്ഷയെഴുതാനെത്തിയവരെയാണ് ഉദ്യോഗസ്ഥർ പരീക്ഷക്കിരുത്താൻ അനുവദിക്കാതിരുന്നത്. പ്രകൃതിക്ഷോഭത്തെ തുടർന്നാണ് കൃത്യസമയത്ത് പരീക്ഷയെഴുതാനെത്താൻ കഴിയാതിരുന്നതെന്നും സംസ്ഥാനവ്യാപകമായി നിരവധിപേർക്ക് പ്രതിസന്ധിയുണ്ടായെന്നും പുനഃപരിശോധന നടത്തണമെന്നുമാണ് ഉദ്യോഗാർത്ഥികൾ പി.എസ്.സി ചെയർമാന് നൽകിയ പരാതിയിൽ പറയുന്നത്. പ്രിലിമിനറി ടെസ്റ്റിൽ കട്ട്ഓഫ് മാർക്ക് ലഭിച്ച ഉദ്യോഗാർഥികളാണ് ഇവർ. ഇന്നലെ രാവിലെ 7.15 മുതൽ 9.15വരെയായിരുന്നു പരീക്ഷ.



## 5 കോടി പ്രഖ്യാപിച്ച് സ്റ്റാലിൻ

ചെന്നൈ: വയനാട്ടിൽ ഉരുൾപൊട്ടലിൽ അടിയന്തര ഇടപെടലുമായി തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. രക്ഷാപ്രവർത്തനത്തിനും പുനരധിവാസത്തിനുമായി കേരളത്തിന് 5 കോടി രൂപ നൽകുമെന്ന് അദ്ദേഹം അറിയിച്ചു. ഡോക്ടർമാരും നഴ്സുമാരും അടങ്ങുന്ന ഒരു മെഡിക്കൽ സംഘത്തെയും ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ടീമിനെയും വയനാട്ടിലേക്ക് അയക്കുമെന്നും സ്റ്റാലിൻ അറിയിച്ചു. മുഖ്യമന്ത്രി പിണറായി വിജയനുമായി സ്റ്റാലിൻ ഫോണിൽ സംസാരിച്ചു. ഒറ്റക്കെട്ടായി ഈ പ്രതിസന്ധി തരണംചെയ്യുമെന്നും മലയാളി സഹോദരങ്ങളുടെ ദുഃഖത്തിൽ തമിഴ്നാട് പങ്കുചേരുന്നുവെന്നും അദ്ദേഹം പറഞ്ഞു.



## അനുശോചനമറിയിച്ച് വിജയ്

ചെന്നൈ: വയനാട് ഉരുൾപൊട്ടലിൽ അനുശോചനം അറിയിച്ച് തമിഴ് നടൻ വിജയ്. സംഭവത്തിൽ അഗാധമായ ദുഃഖമുണ്ടെന്നും തന്റെ പ്രാർഥനകൾ ദുഃഖിതരായ കുടുംബങ്ങൾക്ക് ഒപ്പമാണെന്നും വിജയ് പറഞ്ഞു. നടന്റെ പാർട്ടിയായ തമിഴക വെട്രി കഴകത്തിന്റെ ഔദ്യോഗിക എക്സ് പേജിലൂടെയായിരുന്നു പ്രതികരണം. ദുരിതബാധിതർക്ക് ആവശ്യമായ രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ നൽകണമെന്ന് സർക്കാർ അധികാരികളോട് അഭ്യർഥിക്കുന്നു, വിജയ് പറഞ്ഞു.

**പ്രാദേശിക വാർത്തകൾ**

### ചുരുക്കത്തിൽ

#### സഹായ വാഗ്ദാനവുമായി കർണാടകയും

ബെംഗളൂരു: വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ നടുക്കവും വേദനയും രേഖപ്പെടുത്തി കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. അയൽ സംസ്ഥാനത്തിന് സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്ന് കർണാടക മുഖ്യമന്ത്രി എക്സിൽ കുറിച്ചു.

വയനാട്ടിലുണ്ടായ ദുരന്തത്തിൽ അങ്ങേയറ്റം ദുഃഖിതനാണ്. ദുരന്തത്തിൽ ഇരയായ കുടുംബങ്ങളോടൊപ്പം താൻ ഹൃദയം കൊണ്ട് ചേരുന്നു. വെല്ലുവിളി നിറഞ്ഞ ഈ ഘട്ടത്തിൽ കേരളത്തിന് സാധ്യമായ എല്ലാ സഹായങ്ങളും നൽകാൻ കർണാടക ഒരുക്കമാണ്. ഒരുമിച്ച് നിന്ന് നമുക്ക് ഈ ദുരന്തത്തെ അതിജീവിക്കാമെന്നും കർണാടക പറഞ്ഞു.

#### അധിക്ഷേപിച്ചോളൂ; പോരാടി തോൽപ്പിക്കുമെന്ന് രാഹുൽ

ന്യൂഡൽഹി; ബജറ്റ് ചർച്ചക്കിടെ പാർലമെന്റിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ അധിക്ഷേപിച്ച് കേന്ദ്രമന്ത്രി അനുരാഗ് താക്കൂർ. ജാതി സെൻസസ് വേണമെന്ന ആവശ്യം രാഹുൽ സഭയിൽ ഉന്നയിച്ചപ്പോഴായിരുന്നു ജാതി അറിയാത്തവരാണ് ജാതി കണക്കെടുപ്പിന് വേണ്ടി വാദിക്കുന്നതെന്ന അനുരാഗ് താക്കൂറിന്റെ അധിക്ഷേപ പരാമർശം. അതേസമയം അധിക്ഷേപിച്ചോളൂ, ആ അധിക്ഷേപങ്ങളെയെല്ലാം താൻ പോരാടിത്തോൽപ്പിക്കുമെന്ന് രാഹുൽ ഗാന്ധി തിരിച്ചടിച്ചു.

#### നീറ്റ് യു.ജി. കൗൺസലിങ് 14 മുതൽ

ന്യൂഡൽഹി: നീറ്റ് യു.ജി. കൗൺസലിങ് ഓഗസ്റ്റ് 14-ന് തുടങ്ങുമെന്ന് മെഡിക്കൽ കൗൺസലിങ് കമ്മിറ്റി (എം.സി.സി.) അറിയിച്ചു. കൗൺസലിങ്ങിനായുള്ള രജിസ്ട്രേഷൻ ആഗസ്റ്റ് ആദ്യവാരം തുടങ്ങുമെന്ന് നാഷണൽ മെഡിക്കൽ കമ്മിഷൻ സെക്രട്ടറി ഡോ. ബി. ശ്രീനിവാസ് അറിയിച്ചു. രാജ്യത്തെ 710 മെഡിക്കൽ കോളജുകളിലെ 1.10 ലക്ഷം എം.ബി.ബി.എസ്. സീറ്റിലേക്കും 21,000 ബി.ഡി.എസ്. സീറ്റിലേക്കുമാണ് കൗൺസലിങ് നടക്കുക.

#### ഉദ്യോഗസ്ഥർക്ക് എതിരെ നടപടി വേണമെന്നാവശ്യം

ന്യൂഡൽഹി: ഡൽഹിയിലെ ഐഎഎസ് കോച്ചിംഗ് സെന്ററിലുണ്ടായ ദുരന്തത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി വേണമെന്നാവശ്യപ്പെട്ടുള്ള വിദ്യാർത്ഥികളുടെ സമരം തുടരുന്നു. മേഖലയിൽ മഴക്കാല മുന്നൊരുക്കം പൂർത്തിയാക്കേണ്ട ചുമതലയുള്ള ഉദ്യോഗസ്ഥർക്കെതിരെ അടക്കം നടപടി വേണമെന്നാണ് വിദ്യാർത്ഥികളുടെ ആവശ്യം. ഉദ്യോഗസ്ഥർ ആർക്കും എതിരെ ഇതുവരെ നടപടി എടുത്തിട്ടില്ല. സംഭവത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം അന്വേഷണത്തിന് ഉന്നതതല സമിതിയെ നിയോഗിച്ചിരുന്നു. ഓൾഡ് രജീന്ദർ നഗറിലെ വിവിധ കോച്ചിംഗ് സെന്ററിൽ ഇന്നലെയും പരിശോധനകൾ തുടർന്നു. അറസ്റ്റിലായ റാവൂസ് കോച്ചിംഗ് സെന്റർ ഉടമയെയും കോർഡിനേറ്ററെയും അടക്കം അഞ്ച് പേരെ കോടതിയിൽ ഹാജരാക്കി. ഇവരെ ഓഗസ്റ്റ് 12 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. അപകടത്തിൽ മലയാളി വിദ്യാർത്ഥി അടക്കം മൂന്നു പേരാണ് മരിച്ചത്. ഏഴടിയോളം ഉയരത്തിൽ വെള്ളം പൊങ്ങിയതാണ് ദുരന്തത്തിന് കാരണമായത്. സിവിൽ സർവീസ് അക്കാദമിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രണ്ട് പേരാണ് സംഭവത്തിൽ പൊലീസ് കസ്റ്റഡിയിലുള്ളത്. റാവു സിവിൽ സർവീസ് അക്കാദമിയുടെ ലൈബ്രറി ആണ് ബേസ് മെന്റിൽ പ്രവർത്തിച്ചിരുന്നത്.

## ജാർഖണ്ഡ്-മുംബൈ ട്രെയിൻ പാളംതെറ്റി

### രണ്ടുമരണം

മുംബൈ: ജാർഖണ്ഡിൽനിന്ന് മുംബൈയിലേക്ക് വരികയായിരുന്ന ട്രെയിൻ പാളംതെറ്റി. രണ്ടുപേർ മരിച്ചു. 18 പേർക്ക് പരിക്കേറ്റു ഹൗറ-സിഎസ്എംടി എക്സ്പ്രസ് ജാർഖണ്ഡിൽ വെച്ച് ഇന്നലെ പുലർച്ചെയാണ് പാളംതെറ്റിയത്. പുലർച്ചെ 3.45ഓടെ ജംഷഡ്പൂരിൽ നിന്ന് 80 കിലോമീറ്റർ അകലെ ബഡാബാംബൂവിനടുത്ത് വെച്ചാണ് അപകടമുണ്ടായത്. 18 കോച്ചുകളുണ്ടായിരുന്ന ട്രെയിനിന്റെ 16 കോച്ചുകളിൽ യാത്രികരുണ്ടായിരുന്നു. ഒരു ഗുഡ്സ് ട്രെയിനും ഇവിടെ പാളം തെറ്റിയിട്ടുണ്ടെന്നും എന്നാൽ രണ്ടും ഒരേ സമയത്ത് സംഭവിച്ചതാണോ എന്നതിൽ വ്യക്തതയില്ലെന്നും റെയിൽവേ വൃത്തങ്ങൾ അറിയിച്ചു. പ്രദേശത്ത് രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

### അഗ്നിപഥ്: പാർലമെന്റിൽ
## കൊമ്പുകോർത്ത് അഖിലേഷും അനുരാഗ് താക്കൂറും

ന്യൂഡൽഹി: ബജറ്റ് ചർച്ചക്കിടെ അഗ്നിവീർ വിഷയത്തിൽ ലോക്സഭയിൽ കൊമ്പുകോർത്ത് സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും കേന്ദ്ര മന്ത്രി അനുരാഗ് താക്കൂറും. ബജറ്റ് ചർച്ചയിൽ പങ്കെടുക്കവെ കേന്ദ്രത്തിനെതിരെ രൂക്ഷ വിമർശനമാണ് അഖിലേഷ് യാദവ് ഉന്നയിച്ചത്. വിമർശനം കടുത്തതോടെയാണ് അനുരാഗ് താക്കൂർ എതിർപ്പുമായി എഴുന്നേറ്റതും ഇരുവരും നേർക്കുനേർ കൊമ്പുകോർത്തതും.

അഗ്നിവീർ പദ്ധതി സൈനിക സേവനം സ്വപ്നം കാണുന്ന അനേകം യുവാക്കളുടെ പ്രതീക്ഷകൾ തല്ലിക്കെടുത്തിയെന്ന് അഖിലേഷ് ആരോപിച്ചതോടെയാണ് അരുരാഗ് താക്കൂർ എതിർപ്പുമായി എഴുന്നേറ്റത്. അഗ്നിവീർ മികച്ച പദ്ധതിയാണെന്ന് മന്ത്രി വാദിച്ചു. നല്ല പദ്ധതിയാണെങ്കിൽ പിന്നെ എന്തിനാണ് അഗ്നിവീറുകൾക്ക് ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങൾ ജോലി സംവരണം പ്രഖ്യാപിക്കുന്നതെന്ന് അഖിലേഷ് തിരിച്ചടിച്ചു.

ആദ്യ പരംവീർ ചക്ര പുരസ്കാര ജേതാവിന്റെ നാടായ ഹിമാചലിൽ നിന്നാണ് താൻ വരുന്നതെന്നും കാർഗിലിൽ ഏറ്റവും കൂടുതൽ രക്തസാക്ഷികൾ തന്റെ സംസ്ഥാനത്തു നിന്നാണെന്നും അനുരാഗ് താക്കൂർ വാദിച്ചു. സൈനിക സ്കൂളിലേക്ക് താനും വരാമെന്നും പരംവീർ ചക്രം നമുക്ക് എണ്ണിനോക്കാമെന്നും പറഞ്ഞ് അഖിലേഷും വിട്ടുകൊടുത്തില്ല. നിങ്ങൾ സൈനിക സ്കൂളേ കണ്ടിട്ടുള്ളൂ, താൻ സൈന്യത്തിൽ ടെറിട്ടോറിയൽ ആർമി ക്യാപ്റ്റനായിരുന്നുവെന്ന് അനുരാഗ്. ഇത്തവണ മന്ത്രി സ്ഥാനം കിട്ടാത്തതിന് നിങ്ങളുണ്ടാക്കിയ പ്രശ്നങ്ങൾ തനിക്ക് നന്നായി അറിയാമെന്നും നിങ്ങളുടെ വേദന നിങ്ങളുടെ മുഖത്ത് വായിച്ചെടുക്കാമെന്നും പറഞ്ഞ അഖിലേഷ് ഇത് ഭരിക്കുന്ന സർക്കാറല്ല, അട്ടിമറിക്കുന്ന സർക്കാറാണെന്ന വിമർശനവും ഉന്നയിച്ചു.

# വയനാടിനെ ചൊല്ലി രാജ്യസഭ പ്രക്ഷുബ്ധം

## പാർലമെന്റ് നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് കേരള എം.പിമാർ

### ധനസഹായം പ്രഖ്യാപിച്ച് കേന്ദ്രം

ന്യൂഡൽഹി: അജണ്ട നിർത്തിവെച്ച് ചർച്ച ചെയ്യാൻ നിരവധി കേരള എം.പിമാർ നോട്ടീസ് നൽകിയിട്ടും വയനാട് ദുരന്തത്തെ കുറിച്ച് കേരളത്തിൽ നിന്ന് ഒരു എം.പിയെ പോലും സംസാരിക്കാൻ ചെയർമാൻ ജഗ്ദീപ് ധൻഖർ അനുവദിക്കാത്തതിനെ തുടർന്ന് രാജ്യസഭ പ്രക്ഷുബ്ധമായി. പ്രതിപക്ഷ എം.പിമാരുടെ കനത്ത പ്രതിഷേധത്തെ തുടർന്ന് തുടങ്ങി വെച്ച അജണ്ട മാറ്റിവെച്ച് വയനാട് വിഷയം ഉന്നയിക്കാൻ ചെയർമാൻ ജഗ്ദീപ് ധൻഖർ നിർബന്ധിതനായി.

ദുരന്തത്തിന്റെ ഗൗരവം ഉൾക്കൊള്ളാൻ തയാറാകാത്ത നടപടിക്കെതിരെ കേരള കോൺഗ്രസ് എം.പി ജോസ് കെ. മാണി സഭയിൽരൂക്ഷമായി പ്രതികരിച്ചു. സൈനിക സഹായവും സാമ്പത്തിക സഹായവും വേണമെന്ന് കേരള എം.പിമാർ ആവശ്യപ്പെട്ടു. ജോസ് കെ. മാണിക്ക് പുറമെ കേരളത്തിൽ നിന്നുള്ള എം.പിമാരായ പി.വി അബ്ദുൽവഹാബ്, അഡ്വ. ഹാരിസ് ബീരാൻ, ജോൺ ബ്രിട്ടാസ്, എ.എ റഹീം, സന്തോഷ് കുമാർ, ജെബി മേത്തർ, ഡോ. വി. ശിവദാസൻ എന്നിവർ വയനാട് ദുരന്തത്തിന്റെ ഭീതിദമായ അവസ്ഥ സഭക്ക് മുമ്പാകെ വെച്ചു.

സൈനിക സഹായത്തോടൊപ്പം കേരള സർക്കാറിന് സാമ്പത്തിക സഹായവും ലഭ്യമാക്കണമെന്ന് കേരളത്തിൽ നിന്നുള്ള എം.പിമാർ ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടു. കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രി ജോർജ് കുര്യനെ അങ്ങോട്ടയച്ചുവെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു രാജ്യസഭയെ അറിയിച്ചു. അടിയന്തരമായി രക്ഷാ പ്രവർത്തനവും ദുരിതാശ്വാസ പ്രവർത്തനവുമാണ് വേണ്ടത്. പുനരധിവാസ പാക്കേജുകളും മറ്റും അത് കഴിഞ്ഞാണെന്നും കിരൺ റിജിജു കൂട്ടിച്ചേർത്തു. എം.പിമാരുടെ വികര പ്രകടനങ്ങൾ മനസിലാക്കുന്നുവെന്നും അതേ സമയം ഇത്തരത്തിലുള്ള സംഭവങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രക്രിയയുണ്ടെന്ന് മനസിലാക്കണമെന്നും കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നദ്ദ മറുപടി നൽകി. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിന് ആവശ്യമായത് ചെയ്യുന്നുണ്ടെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നദ്ദ പറഞ്ഞു.



ഉരുൾപൊട്ടലുണ്ടായ വയനാട്ടിൽ രക്ഷാപ്രവർത്തനം നടത്തുന്ന സേന

വയനാട്ടിലെ ഉരുൾപൊട്ടലിനെ തുടർന്നുള്ള അതീവ ഗുരുതരമായ ദുരന്തവും രക്ഷാപ്രവർത്തനങ്ങളും പാർലമെന്റ് മറ്റ് നടപടി ക്രമങ്ങൾ നിർത്തിവെച്ചു ചർച്ച ചെയ്യണമെന്ന് കേരള എം.പിമാർ ആവശ്യപ്പെട്ടു. പി.വി. അബ്ദുൽവഹാബ്, പി സന്തോഷ് കുമാർ തുടങ്ങിയവർ രാജ്യസഭയിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി. അതേ സമയം വയനാട്ടിലെ വൻ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മുഖ്യമന്ത്രി പിണറായി വിജയനെ ഫോണിൽ വിളിച്ചു.

രക്ഷാപ്രവർത്തനവുമായി ബന്ധപ്പെട്ട് സാധ്യമായ എല്ലാ സഹായവും പ്രധാനമന്ത്രി വാഗ്ദാനം ചെയ്തു. ഉരുൾപൊട്ടലിൽ മരിച്ചവരുടെ കുടുംബത്തിന് രണ്ടു ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50000 രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകുമെന്ന് പ്രധാനമന്ത്രിയുടെ ഓഫിസ് അറിയിച്ചു. ലോക്സഭ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയും മുഖ്യമന്ത്രിയെ ഫോണിൽ ബന്ധപ്പെട്ടു. വയനാട് മേപ്പാടി മുണ്ടക്കൈയിലുണ്ടായ ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനത്തിന് കേന്ദ്രമന്ത്രിമാരോട് സഹായം അഭ്യർഥിക്കുമെന്ന് രാഹുൽ ഗാന്ധി എം.പി അറിയിച്ചു. ദുരന്തത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട കുടുംബങ്ങളെ അനുശോചനവും അറിയിച്ചു. രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പങ്കാളികളാകാൻ എല്ലാ യു.ഡി.എഫ് പ്രവർത്തകരോടും രാഹുൽ ഗാന്ധി അഭ്യർഥിച്ചു.

## റെയിൽ മന്ത്രിയല്ല, റീൽ മന്ത്രി

### കേന്ദ്രത്തിനെതിരെ ആഞ്ഞടിച്ച് പ്രതിപക്ഷം

ന്യൂഡൽഹി: തുടർച്ചയായ ട്രെയിനപകടങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാരിനെതിരെ കടുത്ത വിമർശനവുമായി പ്രതിപക്ഷം. ചൊവ്വാഴ്ച ജാർഖണ്ഡിലുണ്ടായ ഏറ്റവും പുതിയ അപകടത്തിൽ രണ്ടുപേർ മരിക്കുകയും 20 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ട്രെയിനപകടങ്ങളുടെ എണ്ണത്തിൽ റെക്കോഡ് സൃഷ്ടിക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് പരിഹസിച്ചു.

അവർക്ക് റെക്കോഡ് പേപ്പർ ചോർച്ചയുണ്ടായിരുന്നു, ഇപ്പോൾ റെയിൽവേ അപകടങ്ങളും. വലിയ അവകാശവാദങ്ങൾ മാത്രമാണ് ഈ സർക്കാർ ഉന്നയിക്കുന്നത്. ആളുകൾക്ക് ജീവൻ നഷ്ടപ്പെടുന്നു. ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ സർക്കാർ എന്തെങ്കിലും ചെയ്യണം- അഖിലേഷ് പറഞ്ഞു. തുടർച്ചയായ റെയിൽ അപകടങ്ങളുടെ ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കണമെന്നും അപകടങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കണമെന്നും പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി പറഞ്ഞു. 'മിക്കവാറും എല്ലാ ആഴ്ചയിലും ഈ പേടിസ്വപ്നങ്ങളുടെ പരമ്പര, റെയിൽവേ ട്രാക്കുകളിൽ മരണങ്ങളുടെയും പരിക്കുകളുടെയും അനന്തമായ ഘോഷയാത്ര. എത്രകാലം നമ്മൾ ഇത് സഹിക്കും? കേന്ദ്ര സർക്കാരിൻറെ നിസംഗതയ്ക്ക് അവസാനമുണ്ടാകില്ലേ? മമത എക്സിൽ കുറിച്ചു. 'ലജ്ജാകരമായ നിസ്സംഗത' എന്ന് ആരോപിച്ച്, റെയിൽ സംബന്ധമായ അപകടങ്ങളോടുള്ള സർക്കാരിന്റെ പ്രതികരണത്തെ ശിവസേന (യുബിടി) എംപി പ്രിയങ്ക ചതുർവേദി ചോദ്യം ചെയ്തു. ഇതു വരെ എത്ര അപകടമരണങ്ങളുണ്ടായി എന്നതിന് ഒരു കണക്കുമില്ല. എന്തെങ്കിലും ഫലമുണ്ടായി എന്നും തോന്നുന്നില്ല. നഷ്ടപരിഹാരം പ്രഖ്യാപിക്കുക, അന്വേഷണം വാഗ്ദാനം ചെയ്യുക, മറ്റൊരു പിആർ ഇൻസ്റ്റാഗ്രാം റീലിലേക്ക് മാറുക,' പ്രിയങ്ക പറഞ്ഞു. കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവിനെ റീൽ മന്ത്രി എന്ന് വിശേഷിപ്പിച്ച പ്രിയങ്ക ട്രെയിനുകളിലെ തിരക്കിനെക്കുറിച്ചും പരാമർശിച്ചു. ആളുകൾ ശുചിമുറിയിലിരുന്നാണ് യാത്ര ചെയ്യുന്നതെന്നും സർക്കാരിന് നാണമില്ലേയെന്നും പ്രിയങ്ക ചോദിച്ചു.

### മിനിമം ബാലൻസ്
## ബാങ്കുകൾ ഉപഭോക്താക്കളിൽ നിന്ന് ഊറ്റിയത് 8494 കോടി

ന്യൂഡൽഹി: അക്കൗണ്ടിൽ മിനിമം ബാലൻസ് ഇല്ലാത്തതിന്റെ പേരിൽ കഴിഞ്ഞ 5 വർഷത്തിനിടെ രാജ്യത്തെ 12 പൊതുമേഖലാ ബാങ്കുകൾ ജനങ്ങളിൽനിന്ന് പിഴത്തുകയായി ഊറ്റിയെടുത്ത് 8494 കോടി രൂപ. ലോക്സഭയിലാണ് കേന്ദ്ര സർക്കാർ കണക്ക് അവതരിപ്പിച്ചത്.

2015 ലാണ് മിനിമം ബാലൻസ് ഇല്ലാത്ത അക്കൗണ്ടുകളിൽ നിന്ന് പിഴ ഈടാക്കാൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് അനുമതി നൽകിയത്. അതതു ബാങ്കുകളുടെ ബോർഡുകൾക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്നും പറഞ്ഞിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 2020 ൽ മിനിമം ബാലൻസ് നിബന്ധന എടുത്തുകളഞ്ഞു. എന്നാൽ മറ്റു പല ബാങ്കുകളും ഇതു തുടരുന്നുണ്ട്. 2018നു ശേഷം രാജ്യത്തെ ബാങ്കുകൾ ഇത്തരത്തിൽ പിഴയായി ഈടാക്കിയത് 21,044 കോടി രൂപയാണ്.

ബാങ്ക് ഓഫ് ബറോഡ - 1250 കോടി, ബാങ്ക് ഓഫ് ഇന്ത്യ - 827 കോടി, ബാങ്ക് ഓഫ് മഹാരാഷ്ട്ര - 470 കോടി, കനറാ ബാങ്ക് - 1157 കോടി, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ - 587 കോടി, ഇന്ത്യ ബാങ്ക് - 1466 കോടി, ഇന്ത്യൻ ഓവർസീസ് ബാങ്ക് - 19 കോടി, പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക് - 55 കോടി, പഞ്ചാബ് നാഷനൽ ബാങ്ക് - 1537 കോടി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - 640 കോടി, യൂക്കോ ബാങ്ക് - 66 കോടി, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ - 414 കോടി എന്നിങ്ങനെയാണ് ഉപഭോക്താക്കളിൽ നിന്നും അഞ്ചു വർഷം കൊണ്ട് പിഴിഞ്ഞെടുത്തത്.

### ഗതിമുട്ടി ഫലസ്തീൻ ജനത
## ഗസ്സയിലെ ഖാൻ യൂനുസിൽ 255 മൃതദേഹങ്ങൾ കണ്ടെടുത്തു

ഗസ്സ: മധ്യ ഗസ്സയിൽ നിന്ന് ഒഴിഞ്ഞുപോകണമെന്ന ഇസ്രാഈൽ സൈന്യത്തിന്റെ അന്ത്യശാസന വന്നതോടെ എങ്ങും പോകാനിടമില്ലാതെ ഫലസ്തീൻ ജനത. കൈക്കുഞ്ഞുങ്ങളെയും വയോജനങ്ങളെയും കൊണ്ട് കാൽനടയായി ഏറെ ദൂരം സഞ്ചരിക്കാനാവാതെ യുദ്ധഭൂമിയുടെ സുരക്ഷിതമെന്ന് തോന്നുന്ന ഇടങ്ങളിൽ താൽക്കാലിക ടെന്റടിച്ച് കഴിയുകയാണ് ഇവർ. ഞായറാഴ്ച ഉത്തരവ് പുറത്തുവന്നതിനു പിന്നാലെ ബുറൈജ്, നുസീരിയത്ത് അഭയാർത്ഥി ക്യാമ്പുകളിൽ നിന്ന് ജീവനും കൈയിലെടുത്ത് പലായനം ചെയ്യുകയാണ്. ഇസ്രാഈൽ സ്നിപ്പറുകൾ തിരഞ്ഞു പിടിച്ച് ആക്രമണം കൂടി രൂക്ഷമാക്കിയതോടെ എങ്ങും ഭീതിത അന്തരിക്ഷമാണ്. കഴിഞ്ഞ 24 മണിക്കൂറിനിടെ വ്യത്യസ്ത ഇടങ്ങളിലുണ്ടായ ആക്രമണത്തിൽ 37 ഫലസ്തീനികൾ കൊല്ലപ്പെട്ടു. 73 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതോടെ ആക്രമണം ആരംഭിച്ച് ഒക്ടോബർ ഏഴു മുതൽ ഗസ്സയിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 39400 ആയി ഉയർന്നു. 90,996 പേർക്കാണ് ഇതുവരെ പരിക്കേറ്റത്. ഇന്നലെ മാത്രം 31 വീടുകൾ തകർന്നു. അതിനിടെ ഖാൻയൂനുസിൽ ഒമ്പതു ദിവസത്തിനിടെ നടന്ന സൈനിക ആക്രമണത്തിൽ 300-ഓളം പേരെ വധിച്ചതായി ഇസ്രാഈൽ വ്യക്തമാക്കി. 255 പേരുടെ മൃതദേഹം അഴുകിയ നിലയിൽ കണ്ടെടുത്തതായി യു.എൻ ഏജൻസി അറിയിച്ചു. ഇനിയും നിരവധി പേരെ കാണാതായിട്ടുണ്ട്. ഇവർക്കായി പ്രദേശത്ത് തിരച്ചിൽ നടക്കുകയാണെന്ന് എമർജി റസക്യൂ ഏജൻസി വ്യക്തമാക്കി.

**മരണം: 39400**

ആക്രമണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് യുദ്ധടാങ്കുകൾ തെക്കൻ മേഖലയിൽ നിലയുറപ്പിച്ചതായും റിപ്പോർട്ടുകളുണ്ട്. യുദ്ധം പിടിമുറുക്കുന്നതിനിടെ ഗസ്സയുടെ നില അതീവ പരിതാപകരമായി തുടരുകയാണ്. ശുദ്ധജല ലഭ്യതക്കുറവും മതിയായ ഭക്ഷണം ലഭിക്കാത്തതും ഗുരുതര പ്രത്യാഘാതങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. റഫയിലെ പ്രധാന വെള്ള ടാങ്ക് ഇസ്രാഈൽ സൈന്യം തകർത്തതോടെ ഈ പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ള സ്രോതസ്സും ഇല്ലാതായിരിക്കുകയാണ്. എല്ലാ മേഖലയിലും ഒരുപോലെ ആക്രമണം തുടരുന്നതിനാൽ അവശ്യസാധനങ്ങളെത്തിക്കുന്നതിന് സന്നദ്ധ സംഘങ്ങൾക്ക് കാര്യമായ തടസ്സം നേരിടുന്നുണ്ട്. പോഷകാഹാരക്കുറവിനു പിന്നാലെ പകർച്ചവ്യാധികളും ഗസ്സയെ സാരമായി പിടിമുറുക്കിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ഓടയിലെ മലിനജലത്തിൽ പോളിയോ വൈറസിന്റെ സാന്നിധ്യം കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിൽ രോഗവ്യാപനമുണ്ടാവാതിരിക്കാൻ കുഞ്ഞുങ്ങൾക്ക് വാക്സിൻ നൽകാനുള്ള ദൗത്യം ആരംഭിച്ചതായി ലോകാരോഗ്യ സംഘടന വ്യക്തമാക്കിയിരുന്നു. ആക്രമണം ആരംഭിച്ചതിനു ശേഷം ഇതുവരെ 40,000 ഹെപ്പറ്റൈറ്റിസ് കേസുകൾ രേഖപ്പെടുത്തിയതായി ഫലസ്തീൻ അഭയാർത്ഥികൾക്കായുള്ള യു.എൻ ഏജൻസി വ്യക്തമാക്കി. ഒരാഴ്ചക്കിടെ ആയിരത്തിലധികം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ശുചിത്വമില്ലാത്ത ഇടങ്ങളിൽ കഴിയുന്നതാണ് ഹെപ്പറ്റൈറ്റിസ് എ ഉൾപ്പെടെ രോഗങ്ങളുടെ വ്യാപനത്തിന് കാരണമായി യു.എൻ ഏജൻസി ചൂണ്ടിക്കാട്ടുന്നത്. അതിനിടെ ഇറ്റലിയിലെ റോമിൽ നടക്കുന്ന വെടിനിർത്തൽ ചർച്ചകളിൽ ഇസ്രാഈൽ ഇടഞ്ഞതോടെ ചർച്ച വഴിമുട്ടിയതായാണ് വിവരം. ഗസ്സ-ഈജിപ്ത് അതിർത്തിയിലെ ഫിലാഡൽഫി ഇടനാഴിയിലും ഗസ്സയുടെ തെക്കും വടക്കും വേർതിരിക്കുന്ന ഹൈവേയിലും സൈന്യത്തെ നിലനിർത്തണമെന്ന ഇസ്രാഈൽ ആവശ്യമുന്നയിച്ചതാണ് ചർച്ച വഴിമുട്ടാൻ കാരണം. വെടിനിർത്തൽ യാഥാർത്ഥ്യമായാലും ഈ മേഖലയിൽ നിന്ന് പിന്മാറില്ലെന്ന് ഇസ്രാഈൽ വൃത്തങ്ങൾ വ്യക്തമാക്കി. ഇവിടം കേന്ദ്രീകരിച്ച് പ്രത്യേക സെൻസറുകൾ സ്ഥാപിക്കുമെന്നും ഇതിലൂടെ ഭാവിയിൽ ഹമാസ് ആയുധങ്ങൾ കടത്തുന്നതും തുരങ്കങ്ങൾ നിർമിക്കുന്നതും നിരീക്ഷിക്കാനാവുമെന്നുമാണ് ഇസ്രാഈൽ വിശദീകരണം.



ഖാൻ യൂനുസിൽ നിന്ന് കണ്ടെടുത്ത മൃതദേഹങ്ങൾക്കരികെ വിതുമ്പുന്ന ബന്ധുക്കൾ

### ഇസ്രാഈലിനെ നിരോധിക്കണം ഐ.ഒ.സിയോട് വീണ്ടും ആവശ്യമുന്നയിച്ച് ഫലസ്തീൻ

ഗസ്സ: ഗസ്സയിൽ വംശഹത്യ നടത്തുന്ന ഇസ്രാഈലിനെ പാരീസ് ഒളിംപിക്സിൽ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഫലസ്തീൻ നാഷണൽ ഒളിമ്പിക് കമ്മിറ്റി, അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റിക്ക് കത്തയച്ചതായി റിപ്പോർട്ട്. ഫലസ്തീൻ നാഷണൽ ഒളിമ്പിക് കമ്മിറ്റി അധ്യക്ഷൻ ജിബ്രിൽ റജൗബ് ആണ് ഇക്കാര്യം പറഞ്ഞത്. ഒളിംപിക്സ് ഉടമ്പടിയുടെ നഗ്നമായ ലംഘനമാണ് ഇസ്രാഈൽ നടത്തിയതെന്നും അതിനാൽ അവരെ നിരോധിക്കണമെന്നും റജൗബ് പറഞ്ഞു. കഴിഞ്ഞ വർഷം ഒക്ടോബർ ഏഴിന് ആരംഭിച്ച ഇസ്രാഈൽ നരനായാട്ടിൽ 300-ലധികം അത്‌ലറ്റുകളും റഫറിമാരും സ്പോർട്സ് ഉദ്യോഗസ്ഥരും കൊല്ലപ്പെടുകയും ഗസ്സയിലെ എല്ലാ കായിക സൗകര്യങ്ങളും തകർക്കുകയും ചെയ്തതായി ഫലസ്തീൻ ഗായിക ഉദ്യോഗസ്ഥർ വ്യക്തമാക്കി. ബോക്സിങ്, ജൂഡോ, തായ്ക്കോണ്ടോ, ഷൂട്ടിങ്, നീന്തൽ, എന്നിവയിൽ മത്സരിക്കുന്ന ആറ് അത്‌ലറ്റുകളാണ് ഫലസ്തീനിൽ നിന്ന് ഒളിംപിക്സ് മത്സരത്തിൽ ഇത്തവണ പങ്കെടുക്കുന്നത്.

# വിലങ്ങാട് ഉരുൾ പൊട്ടൽ

# കോടികളുടെ നഷ്ടം

- റിട്ട. അധ്യാപകനെ ഒഴുക്കിൽപ്പെട്ടു കാണാതായി
- നിരവധി വീടുകൾ തകർന്നു

എം.കെ അഷ്റഫ്
നാദാപുരം



വിലങ്ങാട് മലയോരത്ത് ഉരുൾപൊട്ടൽ ഉണ്ടായ അടിച്ചിപാറ മഞ്ഞചീളി പ്രദേശം

വാണിമേൽ പഞ്ചായത്തിലെ വിലങ്ങാട് മലയോരത്ത് ഉരുൾ പൊട്ടലിനെ തുടർന്ന് കോടികളുടെ നാശനഷ്ടം. റിട്ടയേഡ് അധ്യാപകൻ ഒഴുക്കിൽപ്പെടുകയും നിരവധി വീടുകൾ തകരുകയും കാർഷിക വിളകൾ നശിക്കുകയും ചെയ്തു. തിങ്കളാഴ്ച അർദ്ധരാത്രിക്ക് ശേഷമാണ് വിലങ്ങാട് അങ്ങാടിയിൽ നിന്ന് ഏതാണ്ട് മൂന്നു കിലോമീറ്റർ അകലെയുള്ള മഞ്ഞചീളി, അടിച്ചിപാറ പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായത്. സംഭവം അറിഞ്ഞയുടൻ നാട്ടുകാരിൽ ചിലർ ഓടിയെത്തി രക്ഷാ പ്രവർത്തനം നടത്തിയതിനാൽ ജീവഹാനി ഒഴിവായി. രക്ഷാപ്രവർത്തനത്തിൽ പങ്കാളിയായ കുമ്പളച്ചോല എൽ.പി സ്കൂളിലേ റിട്ട. അധ്യാപകൻ മാത്യുവാണ് മലവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയത്. മഞ്ഞചീളി യിലെ വീട്ടുകാരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റിയ ശേഷം ഒരു കടയിൽ കയറി നിന്നതായിരുന്നു മാത്യു. അല്പ സമയത്തിനകം തന്നെ മലവെള്ളം ഒഴുകിയെത്തി മാത്യുവും കടയും ഒരുമിച്ച് ഒഴുകി പോവുകയായിരുന്നു. അഞ്ചുവർഷം മുമ്പ് ആറു പേരുടെ മരണത്തിന് ഇടയാക്കിയ ഉരുൾ പൊട്ടൽ നടന്ന പ്രദേശത്തിന്റെ അടുത്തുതന്നെയാണ് ഇത്തവണയും ഉരുൾ പൊട്ടിയത്. മലയോരത്ത് വളരെ ഗുരുതരമായ സാഹചര്യം നിലനിൽക്കുന്ന തിനാൽ കുടുംബങ്ങളെ എല്ലാം മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ ഉരുൾ പൊട്ടലിൽ ഒലിച്ചു പോവുകയും മാസങ്ങൾക്ക് മുമ്പ് പുനർ നിർമ്മിക്കുകയും ചെയ്ത ഉരുട്ടി പാലത്തിന്റെ രണ്ട് വശങ്ങളും തകർന്നിട്ടുണ്ട്. വാളൂക്ക് ഇന്ദിരാ നഗറി ലേക്കുള്ള പാലം പൂർണ്ണമായി ഒലിച്ചുപോയി. വിലങ്ങാട് അങ്ങാടിയും പരിസര പ്രദേശവും തികച്ചും ഒറ്റപ്പെട്ട നിലയിലാണ്. വൈദ്യുത ബന്ധം പൂർണമായും വിഛേദിക്കപ്പെട്ടിരിക്കുക യാണ്. ജേക്കബ് മണിക്കൊമ്പിൽ, ഡൊമിനിക് കൊടിമരതുംമൂട്ടിൽ, അനീഷ് കരുകപള്ളി, സാബു നന്ദികാട്, ജോസഫ് പാണ്ടിയാംപറമ്പിൽ, ജോണി മുല്ലക്കുന്നേൽ, സിബി കണിരാഗം, ബിജു പുത്തൻ പുരക്കൽ, ജെയിൻ പൊന്മലക്കുന്നേൽ, മാത്യു കുളത്തുങ്കൽ എന്നിവരുടെ വീടുകൾ പൂർണ്ണമായും തകർന്നു.

തോമസ് മുള്ളക്കുന്നേലിന്റെ പലചരക്ക് കട, സാബു പന്തലാടിക്കലിന്റെ കട എന്നിവയും തകർന്നിട്ടുണ്ട്. സണ്ണി കടവൂർ,ജോണി അയ്യമല, സന്തോഷ് വള്ളിയിൽ, ബിജു കുണ്ടൂർ, ബിനീഷ് കുണ്ടൂർ എന്നിവരുടെ വീടുകൾ ഭാഗികമായി തകർന്നു. നിരവധി ആളുകളുടെ പറമ്പിൽ നിന്ന് റബ്ബർ, തേക്ക്, തെങ്ങ്, കവുങ്ങ്, പ്ലാവ് തുടങ്ങിയ കാർഷിക വിളകൾ നശിച്ചിട്ടുണ്ട്. കോടികളുടെ നഷ്ടമാണ് കണക്കാക്കുന്നത്.

## സംസ്ഥാനം കണ്ട ഏറ്റവും വലിയ ദുരന്തം: കുഞ്ഞാലിക്കുട്ടി

നിലമ്പൂർ: സംസ്ഥാനം കണ്ട ചരിത്രത്തിലെ വലിയ ദുരന്തമാണ് മേപ്പാടിയിലുണ്ടായതെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി. സാദിഖലി തങ്ങൾക്കൊപ്പം നിലമ്പൂരിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മൃതദേഹങ്ങൾ തിരിച്ചറിയാൻ കഴിയാത്ത രൂപത്തിലാണ്. അവ തിരിച്ചറിയാനുള്ള സംവിധാനം ഒരുക്കണം. മുഖ്യമന്ത്രി, മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരുമായി തുടരെ ചർച്ച നടത്തുകയും വിവരങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വയനാട് മുണ്ടക്കൈയിലുണ്ടായത് കേരളം ഇന്നേവരെ അനുഭവിച്ചതിൽ ഏറ്റവും വലിയ ദുരന്തമാണെന്ന് ഡോ. എം.കെ മുനീർ എം.എൽ.എ. സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ നിർദേശം പാലിച്ച് പാർട്ടി പ്രവർത്തകർ സജീവമായി രംഗത്തിറങ്ങണം. ഈ സമയവും കട...

## മലബാർ ഗ്രൂപ്പ് മൂന്നു കോടിയുടെ സഹായമെത്തിക്കും

കോഴിക്കോട്: വയനാട് ദുരന്തത്തിൽപെട്ടവരെ സഹായിക്കുന്നതിന് മലബാർ ഗ്രൂപ്പ് മൂന്നു കോടി രൂപയുടെ സഹായമെത്തിക്കുമെന്ന് ചെയർമാൻ എം പി അഹമ്മദ് അറിയിച്ചു. ഭക്ഷണം, മരുന്ന്, വീട് നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കാനുള്ള സഹായം എന്നിവ മലബാർ ഗ്രൂപ്പ് അടിയന്തരമായി ലഭ്യമാക്കും. പുത്തുമല ദുരന്തത്തിൽപെട്ട 15 കുടുംബങ്ങൾക്ക് മലബാർ ഗ്രൂപ്പ് വീട് വെച്ച് നൽകിയിരുന്നു.

# ദുരന്ത മേഖലകൾ സന്ദർശിച്ച് യൂത്ത് ലീഗ് നേതാക്കൾ



മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, ജനറൽ സെക്രട്ടറി പി.കെ ഫിറോസ്, ദേശീയ ഓർഗനൈസിങ് സെക്രട്ടറി ടി.പി അഷ്റഫലി, സംസ്ഥാന സെക്രട്ടറി ടി.പി.എം ജിഷാൻ, എം.എസ്.എഫ് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു തുടങ്ങിയവർ ഉരുൾപൊട്ടൽ നടന്ന സ്ഥലം സന്ദർശിക്കുന്നു


മേപ്പാടി: നിരവധി പേരുടെ മരണത്തിനിടയാക്കിയ വയനാട് ഉരുൾപൊട്ടൽ മേഖല മുസ്‌ലിം യൂത്ത് ലീഗ് നേതാക്കൾ സന്ദർശിച്ചു. സംസ്ഥാന പ്രസിഡണ്ട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, ജനറൽ സെക്രട്ടറി പി.കെ ഫിറോസ്, ട്രഷറർ പി ഇസ്മായിൽ, സെക്രട്ടറി ടി പി എം ജിഷാൻ, ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ടി പി അഷ്റഫലി, എം.എസ്.എഫ് ദേശീയ പ്രസിഡണ്ട് അഹമ്മദ് സാജു, മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ പ്രസിഡണ്ട് എം പി നവാസ്, ജനറൽ സെക്രട്ടറി സി.എച്ച് ഫസൽ തുടങ്ങിയവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. ദുരന്ത ഭൂമിയിൽ കണ്ട കാഴ്ച്ചകൾ ഏറെ വേദനാജനകമാണെന്നും രക്ഷാ പ്രവർത്തനങ്ങൾ പരമാവധി നടക്കുന്നുണ്ടെന്നും നേതാക്കൾ പറഞ്ഞു. ദുരന്ത ഭൂമിയിലെത്തിയ മുനവ്വറലി ശിഹാബ് തങ്ങൾ മയ്യിത്ത് നിസ്കാരത്തിന് നേതൃത്വം നൽകി.

ഉരുൾപൊട്ടിയ പ്രദേശത്ത് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നേതാക്കളുടെ സാന്നിധ്യത്തിൽ വൈറ്റ് ഗാർഡിന്റെ അടിയന്തിര യോഗം ചേരുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച നേതാക്കൾ സംഭവ സ്ഥലത്തുള്ള മന്ത്രിമാർ, ജന പ്രതിനിധികൾ, കലക്ടർ തുടങ്ങിയവരുമായി കൂടികാഴ്ച്ച നടത്തി. ആശ്വാസ പ്രവർത്തനങ്ങൾക്കാവശ്യമായ പരിപൂർണ്ണ പിന്തുണയും അറിയിച്ചു.

## കുഞ്ഞോം ഉരുൾപൊട്ടൽ
# മരിച്ചവരിൽ നേപ്പാൾ സ്വദേശികളുടെ മകനും

കുഞ്ഞോം: കുഞ്ഞോം ഉറുൾപൊട്ടലിൽ മരിച്ചവരിൽ നേപ്പാൾ സ്വദേശികളുടെ മകനും. കുഞ്ഞോം പശുഫാമിലെ ജോലിക്കാരനും നേപ്പാളി സ്വദേശിയുമായ രമേഷിന്റെയും അനീസയുടെയും മകൻ കുശാൽ (ഒന്നര വയസ്സ്) ആണ് മരിച്ചത്. ചൊവ്വാഴ്ച പുലർച്ചേ ഒരുമണിയോടെ തൊണ്ടർനാട് കുഞ്ഞോം കല്ലിങ്കലിലാണ് ഉരുൾപൊട്ടിയത്. പശുഫാമിനോടു ചേർന്ന ഷെഡ്ഡിലാണ് രമേഷും ഭാര്യ അനീസയും മകനും താമസിച്ചിരുന്നത്.

കുന്നിൻമുകളിൽ നിന്നെത്തിയ മരവും വലിയ കല്ലുകളും മണ്ണും ഒലിച്ചെത്തി ഇവർതാമസിക്കുന്ന ഷെഡിന്റെ ചുമരു തകർത്ത് അകത്തേക്ക് വരികയായിരുന്നു.



മണ്ണിൽ കുടുങ്ങിപ്പോയ കുശാലിനെ രക്ഷിതാക്കൾ തന്നെയാണ് വലിച്ചെടുത്തത്. വിവരമറിഞ്ഞ് സ്ഥലത്തേക്ക് രക്ഷാപ്രവർത്തകർ എത്തുമ്പോഴേക്കും സമയം മൂന്നുമണിയായിരുന്നു. അപ്പോഴേക്കും കുഞ്ഞു മരിച്ചിരുന്നു.

ഇവരുടെ ഷെഡ്ഡിനോടു ചേർന്ന മറ്റൊരു മുറിയിൽ മീര (28), ഇവരുടെ ഏഴുമാസം പ്രായമുള്ള മകൻ റിയാൻ എന്നിവർ താമസിക്കുന്നുണ്ടായിരുന്നെങ്കിലും ഇവർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. ഫാമിന്റെ ആസ്ബറ്റോസ് ഷീറ്റുകൾ തകർന്നിട്ടുണ്ട്. 15 കന്നുകാലികളാണ് ഫാമിലുണ്ടായിരുന്നത്. ഇതിൽ ഒരു പശു ചത്തു. മറ്റുള്ളവയെ പിന്നീട് സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. കുശാലിന്റെ മൃതദേഹം വയനാട് ഗവ. മെഡിക്കൽ കോളേജിലെ പോസ്റ്റുമോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. ഇന്നലെ രാത്രിയോടെ തിരുനെല്ലി ഗ്രാമപ്പഞ്ചായത്തിന്റെ തൃശ്ശിലേരി ശാന്തികവാടത്തിൽ സംസ്കരിച്ചു.

# രക്ഷാപ്രവർത്തനത്തിന്റെ വഴിയിൽ ജീവൻ നൽകി മാത്യു മാസ്റ്റർ

വാണിമേൽ: തിങ്കളാഴ്ച അർദ്ധരാത്രിക്ക് ശേഷം അടിച്ചിപ്പാറയിൽ ഉരുൾപൊട്ടി എന്ന വാർത്ത കേട്ടതോടെ മഞ്ഞച്ചിളിയിൽ താമസി ക്കുന്ന മാത്യു മാസ്റ്റർ രക്ഷാപ്രവർത്തനത്തിന്റെ വഴിയിലായിരുന്നു. സ്വന്തം വീട്ടുകാരെയും സമീപത്തെ കുടുംബങ്ങളെയും സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റാൻ നേതൃപരമായ പങ്കുവഹിച്ച ഈ 58കാരന് പക്ഷേ, സ്വന്തം ജീവൻ രക്ഷിക്കാനായില്ല. മലവെള്ളപ്പാച്ചിൽ ശക്തിയായതോടെ മരണത്തെ മുഖാമുഖം കണ്ട മാത്യു വെള്ളത്തിലൂടെ നടന്നു മറുകര പറ്റാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു കടയുടെ വരാന്തയിൽ കയറി നിൽക്കുകയായിരുന്നു.



തന്നോടൊപ്പം രക്ഷാ പ്രവർത്തനത്തിൽ പങ്കാളികളായ സഹ പ്രവർത്തകർ മാത്യുവിനെ ഇക്കരെ എത്തിക്കാൻ കയർ കൊണ്ടുവരാനായി പോയ സമയത്താണ് കൂറ്റൻ പാറക്കല്ലുകൾ അടക്കം മേൽ ഭാഗത്ത് നിന്ന് ഒഴുകിവന്നത്. കടയും മാഷും ഒരുമിച്ചു ഒഴുകി പോകുന്നത് ദൂരെ നിന്ന് നോക്കി നിൽക്കാനേ മറ്റുള്ളവർക്ക് കഴിഞ്ഞുള്ളൂ. അപകടം മണത്തറിഞ്ഞ മറ്റ് രക്ഷാപ്രവർത്തകർ ജീവനുംകൊണ്ട് ഓടുകയായിരുന്നു.

രണ്ടുവർഷം മുമ്പാണ് കുമ്പളച്ചോല എൽപി സ്കൂളിൽ നിന്ന് മാത്യു വിരമിച്ചത്. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ സജീവ സാന്നിധ്യമായ മാത്യു ഒഴുക്കിൽപ്പെട്ട വാർത്ത ഇനിയും വിശ്വസിക്കാനാ വാതെ വിങ്ങിപ്പൊട്ടുകയാണ് നാട്ടുകാർ. ഭാര്യ: ഷൈനി. മക്കൾ: അഖിൽ, അജിൽ (കാനഡയിൽ വിദ്യാർത്ഥികൾ)



വയനാട് ദുരന്ത മേഖലയിൽ സേനയുമായി രക്ഷാപ്രവർത്തനത്തിനെത്തിയ ഹെലികോപ്റ്റർ



വയനാട് ഉരുൾപൊട്ടലിൽ മരണപ്പെട്ട നമ്മണ്ട സ്വദേശി പ്രിയങ്ക (21)

# സ്പോർട്സ്

## ഒരു ഒളിംപിക്സിൽ ഇരട്ട മെഡൽ
# ചരിത്രത്തിൽ ഇടംനേടി വീണ്ടും മനു ഭാകർ

പാരീസ്: ഇരട്ട ഒളിംപിക് മെഡൽ നേട്ടത്തോടെ ഒരിക്കൽ കൂടി ഇന്ത്യയുടെ കായിക ചരിത്രത്തിൽ തന്റെ പേര് എഴുതിച്ചേർത്തിരിക്കുകയാണ് ഷൂട്ടർ മനു ഭാകർ. ഇക്കഴിഞ്ഞ ഞായറാഴ്ച വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റളിൽ വെങ്കലം നേടിയ മനു, ഇന്നലെ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇനത്തിൽ സരബ്ജോത് സിങ്ങിനൊപ്പവും വെങ്കലം പങ്കിട്ടു. ഇതോടെ സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഒരു ഒളിമ്പിക്സിൽ ഇരട്ട മെഡൽ നേടുന്ന ആദ്യ താരമെന്ന റെക്കോഡും മനു സ്വന്തമാക്കി. ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്നപ്പോൾ 1900-ലെ ഒളിമ്പിക്സിൽ മത്സരിച്ച നോർമൻ പ്രിച്ചാർഡ് ഇരട്ട വെള്ളി നേടിയിരുന്നു. ബ്രിട്ടീഷ് പൗരനായിരുന്ന പ്രിച്ചാർഡ് പക്ഷേ അന്ന് മത്സരിച്ചത് ബ്രിട്ടീഷ് ഇന്ത്യയ്ക്കു വേണ്ടിയായിരുന്നു. ഒളിംപിക് ഷൂട്ടിങ്ങിൽ 12 വർഷം നീണ്ട ഇന്ത്യയുടെ മെഡൽ വരൾച്ചയ്ക്ക് അറുതി വരുത്തിയായിരുന്നു ഞായറാഴ്ച മനു വെങ്കലം നേടിയത്. ഇതോടൊപ്പം ഒളിംപിക്സ് ഷൂട്ടിങ്ങിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ വനിതയെന്ന നേട്ടവും തേടിയെത്തി. 2012 ലണ്ടൻ ഒളിംപിക്സിനുശേഷം ഷൂട്ടിങ്ങിൽ രാജ്യത്തിന്റെ ആദ്യ മെഡലായിരുന്നു ഇത്. മനു ഭാക്കർ 2018 കോമൺവെൽത്ത് ഗെയിംസിലും ഷൂട്ടിങ് ലോകകപ്പിലും സ്വർണ ജേതാവായിരുന്നു. 2018-ൽ നടന്ന അന്താരാഷ്ട്ര ഷൂട്ടിങ് സ്പോർട്ട് ഫെഡറേഷന്റെ ഷൂട്ടിങ് ലോകകപ്പിൽ സ്വർണം നേടിയതോടെ ഏറ്റവും കുറഞ്ഞ പ്രായത്തിൽ സുവർണനേട്ടം സ്വന്തമാക്കുന്ന താരവുമായി. 2020-ൽ കായിരംഗത്തെ തിളക്കത്തിന് അർജുനഅവാർഡും തേടിയെത്തി.



ഒളിംപിക്സിൽ ഇന്ത്യയ്ക്കായി രണ്ടു മെഡലുകൾ നേടിയ രണ്ട് താരങ്ങളുണ്ട്. ഗുസ്തി താരം സുശീൽ കുമാറും ബാഡ്മിന്റൺ താരം പി.വി സിന്ധുവും. എന്നാൽ ഇവ രണ്ട് വ്യത്യസ്ത ഒളിംപിക്സുകളിലായിരുന്നു.

## ടേബിൾ ടെന്നീസിൽ പുതുചരിത്രമെഴുതി
# മനിക ബത്ര പ്രീക്വാർട്ടറിൽ

പാരീസ്: ടേബിൾ ടെന്നീസ് വനിതാ സിംഗിൾസിൽ പുതുചരിത്രമെഴുതി ഇന്ത്യൻ താരം മനിക ബത്ര പ്രീക്വാർട്ടറിൽ. റാങ്കിങ്ങിൽ തന്നേക്കാൾ മുന്നിലുള്ള ഫ്രാൻസിന്റെ ഇന്ത്യൻ വംശജയായ പ്രിതിക പാവഡെയെ പരാജയപ്പെടുത്തിയാണ് മനിക പ്രീക്വാർട്ടറിലെത്തിയത്.

നാലു ഗെയിമും സ്വന്തമാക്കിയായിരുന്നു 28-ാം റാങ്കുകാരിയായ മനികയുടെ മുന്നേറ്റം. സ്കോർ: 11-9, 11-6, 11-9, 11-7. ലോക റാങ്കിങ്ങിൽ 18-ാം സ്ഥാനത്തുള്ള താരമാണ് പ്രിതിക. ഇതോടെ ഒളിമ്പിക്സിൽ ടേബിൾ ടെന്നീസിൽ സിംഗിൾസ് പോരാട്ടത്തിൽ പ്രീക്വാർട്ടറിലെത്തുന്ന ആദ്യ ഇന്ത്യൻതാരമെന്ന നേട്ടവും 29-കാരിയായ മനിക സ്വന്തം പേരിലാക്കി. ഹോങ്കോങ്ങിന്റെ സു ചെങ്ഷു, ജപ്പാന്റെ മിയു ഹിരാനോ മത്സര വിജയിയെയാണ് പ്രീക്വാർട്ടറിൽ മനിക നേരിടുക. 19-കാരിയായ പ്രിതിക പവാഡെ പുതുച്ചേരി സ്വദേശിയായിരുന്നു. 2003-ലാണ് പ്രിതികയുടെ മാതാപിതാക്കൾ ഫ്രാൻസിലേക്ക് കുടിയേറുന്നത്.

# പ്രകൃതിയെ പാരീസുകാർ വേട്ടയാടില്ല




കമാൽ വരദൂർ



പാരിസിലും ഫ്രാൻസിലും എവിടെയും കാണുന്ന സൈക്കിൾ ബേ. സൈക്കിൾ ഉപയോഗം ഭരണകൂടം പ്രോൽസാഹിപ്പിക്കാൻ അടിസ്ഥാന കാരണം പ്രകൃതി സംരക്ഷണമാണ്. മറ്റ് വാഹനങ്ങൾ പുകയിൽ പ്രകൃതിയെ മലീമസപ്പെടുത്തുമ്പോൾ സൈക്കിൾ പ്രകൃതിക്ക് അനുയോജ്യമാണ്-ആരോഗ്യത്തിനു

നമ്മുടെ നാട് കനത്ത മഴയിലും ഉരുൾപൊട്ടലിലും വിറങ്ങലിച്ച് നിൽക്കുമ്പോൾ ഭരണക്കൂടത്തിന് പഠിക്കാൻ ഫ്രാൻസിൽ നിന്ന് നല്ല പാഠങ്ങൾ ധാരാളം. പ്രകൃതിയെ സംരക്ഷിക്കുന്നതിലും പ്രകൃതി വിഭവങ്ങളുടെ കരുത്തിനെ ആവോളം ഉപയോഗപ്പെടുത്തുന്നവരാണ് ഫ്രഞ്ചുകാർ. വയനാട് പരിസ്ഥിതി ലോല മേഖലയായിട്ടും അവിടെ എത്രയാണ് നിർമാണ പ്രവർത്തനങ്ങൾ. വിസ്തീർണത്തിൽ ഫ്രാൻസ് നമ്മുടെ നാലയലത്തില്ല. പക്ഷേ ഇവിടെയുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളെ സംരക്ഷിക്കുന്നതിലും അവ അതേപടി പരിപാലിക്കുന്നതിലും സർക്കാർ പുലർത്തുന്ന ജാഗ്രതയിൽ നിന്നുമാണ് രാജ്യം പ്രകൃതി ദുരന്തങ്ങളിൽ നിന്നും അകന്ന് നിൽക്കുന്നത്. മഴ എത്ര കനത്ത് പെയ്താലും പാരീസ് നഗരത്തിൽ വെള്ളം പൊങ്ങില്ല. മഴ വെള്ളം നഗരമധ്യത്തിലെ സെൻ നദിയിലേക്കാണ് ഒഴുകുന്നത്. അതിനായി അതിവിശാല നഗരത്തിൽ സമഗ്ര ജലവിന്യാസ രീതിയുണ്ട്. പാരീസ് നഗരത്തിൽ വാഹനങ്ങളും കാറുകളും കുറവില്ല.പക്ഷേ വൻ നഗരങ്ങളെ ബാധിക്കുന്ന ഗതാഗത ബഹളവും താരതമ്യേന കുറവാണ്. കാരണം തേടിയപ്പോൾ പൊതു ഗതാഗത സംവിധാനം 100 ൽ 100 ശതമാനം ശക്തമാണിവിടെ. ഫ്രാൻസ് മൊബിലിറ്റിസ് എന്ന പൊതുവിലാസത്തിൽ ബസുകൾ, ട്രെയിനുകൾ, പാരീസ് മെട്രോ,ട്രാമുകൾ എന്നിങ്ങനെ ചെറിയ നിരക്കിൽ ഗതാഗത സംവിധാനം അതിശക്തമാണ്. ട്രെയിനുകൾ മാത്രം മെട്രോ, ഹ്രസ്വദൂരം, ദീർഘദൂരം എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ അതിശക്തമാണ്. ആയിരകണക്കിനാളുകൾക്ക് തൊഴിലൊരുക്കുന്ന പൊതുഗതാഗത സംവിധാനം വൻ വിജയമാവുന്നത് തൊഴിലാളികളുടെ ആത്മാർപ്പണത്തിലാണ്. യൂറോപ്യൻ രാജ്യങ്ങളിൽ ഏറ്റവുമധികം കുടിയേറ്റക്കാരുടെ നാടാണ് ഫ്രാൻസ്. ആഫ്രിക്കൻ വംശജരാണ് ഏറ്റവുമധികം. മൊറോക്കോ,അൾജീരിയ, കാമറൂൺ,കെനിയ,സെനഗൽ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരാണ് കുടിയേറ്റക്കാരിൽ ഏറിയ പങ്കും. ഫ്രഞ്ച് ജനസംഖ്യയിൽ 44 ശതമാനവും കുടിയേറ്റക്കാർ തന്നെ. രാജ്യത്തെ കായികമേഖല നോക്കിയാൽ തന്നെ അത് പ്രകടമാവും. ഫുട്ബോളാണ് ജനപ്രിയ ഗെയിം. ടീമിൽ ഭൂരിപക്ഷവും ആഫ്രിക്കൻ വംശജരാണ്. കോപ്പ ഫുട്ബോൾ കിരിടം സ്വന്തമാക്കിയ ശേഷം അർജൻറീനയുടെ എൻസോ ഫെർണാണ്ടസ് പാടിയ വംശീയ ഗാനം വൻ വിവാദമായിരുന്നല്ലോ-ഫ്രാൻസിന് പണ്ട് മുതൽ തന്നെ അർജൻറീനക്കാരോട് താൽപ്പര്യമില്ല. ഖത്തറിൽ നടന്ന ഫിഫ ലോകകപ്പ് ഫൈനലിൽ അർജൻറീനക്കാരായിരുന്നല്ലോ ഫ്രാൻസിനെ വീഴ്ത്തിയത്. അതോടെ അരിശം മൂത്തു. ആ അരിശമെല്ലാം ഫ്രഞ്ചുകാർ തീർത്തത് അന്ന് പി.എസ്.ജിക്കായി കളിച്ചിരുന്ന മെസിയോടായിരുന്നു. മെസി മൈതാനത്ത് ഇറങ്ങുമ്പോഴേക്കും പാർക്ക് ഡി പ്രിൻസസ് എന്ന കളിക്കൊട്ടകയിലെ ഒരു വിഭാഗം ആരാധകർ കുവാൻ തുടങ്ങും. ഇതെല്ലാം കണ്ട് മടുത്താണ് മെസി പാരീസ് വിട്ട് മിയാമിയിലെത്തിയത്. മെസിയെ അവഹേളിച്ച ഫ്രഞ്ചുകാരെ പരിഹസിക്കാനായിരിക്കാം എൻസോ ആമോശം പാട്ട് പാടി ശിക്ഷ ചോദിച്ചുവാങ്ങിയത്. ഫ്രാൻസിലെ പൊതുഗതാഗത സംവിധാനത്തിലെ ശക്തി കുടിയേറ്റക്കാരായ ഫ്രഞ്ചുകാരാണ്. അവരുടെ ആത്മാർത്ഥതയും ഇടപെടലുകളും ജനകീയമാണ്. ബസാണ് ഏറെ ജനകീയമായ ഗതാഗതോപാധി. പാരീസ് നഗരം ചെറുതാണ്. സെൻ നദിയുടെ ചുറ്റും വലയം ചെയ്യുന്ന യൂറോപ്യൻ യൂണിയനിലെ വലുപ്പത്തിൽ നാലാമതുള്ള നഗരം. ജനസാന്ദ്രത പക്ഷേ ലണ്ടൻ മഹാനഗരത്തേക്കാൾ കൂടുതലുമാണ്.

ജീവിതനിലവാരത്തിലേക്ക് വന്നാൽ ശരാശരിക്കാരാണ് 63 ശതമാനം. ഇവരുൾപ്പെടുന്നവർ പൊതുഗതാഗത സംവിധാനമാണ് പ്രയോജനപ്പെടുത്തുന്നത്. കാർഡ് സംവിധാനമാണ് എല്ലായിടത്തും. ബസ് കാർഡും ട്രെയിൻ കാർഡും ട്രാം കാർഡുമെല്ലാമുണ്ട്. കുട്ടികളും ചെറുപ്പക്കാരും സൈക്കിൾ പ്രിയരാണ്. പാരീസ് നഗരത്തിൽ സൈക്കിൾ പാതയുണ്ട്. അതിലൂടെ മറ്റാർക്കും നോ എൻട്രി. സൈക്കിൾ ബേകളും ഇലക്ട്രോണിക് സൈക്കിൾ ബേകളും യഥേഷ്ടം. എല്ലാം അത്യാധുനിക തരത്തിൽ കണക്റ്റഡാണ്. നിങ്ങൾ മൊബൈൽ ഫോൺ എടുക്കുക,ആപ്പിൽ രജിസ്ട്രർ ചെയ്യുക. അത് വഴി തന്നെ പണമടക്കുക-സൈകിൾ,ഇലക്ട്രിക്കൽ സൈക്കിൾ ഉപയോഗിക്കാം. സൈക്കിളുകൾ ഉപയോഗിക്കുമ്പോൾ കാര്യങ്ങൾ രണ്ടാണ്-അന്തരീക്ഷം മലീമസമാവുന്നില്ല, ആരോഗ്യം മെച്ചപ്പെടുകയും ചെയ്യും. പ്രകൃതിയോട് ഇണങ്ങുന്നതിനെ മാത്രമേ പാരീസ് പിന്തുണക്കു.. നമ്മുടെ ഭരണകൂടം ഇത് കണ്ട് പഠിക്കുക,പ്രകൃതി നമ്മോട് കോപിക്കില്ല.





ഉരുൾപൊട്ടലുണ്ടായ ചൂരൽമലയിൽ അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് കണ്ടെത്തിയ മൃതദേഹം സൈന്യം പുറത്തെത്തിക്കുന്നു

## ഉറ്റവരുടെ മുഖംതേടി ബന്ധുക്കൾ

# ആശുപത്രി നിറയെ കണ്ണീർകാഴ്ചകൾ

മേപ്പാടി: മേപ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ബന്ധുക്കളുണ്ടോയെന്ന് അന്വേഷിച്ചെത്തുന്ന ബന്ധുക്കളുടെ കാഴ്ച ഏറെ നൊമ്പരപ്പെടുത്തുന്നതായിരുന്നു. സ്വന്തം ഭാര്യയുടെ പിഞ്ചുകുഞ്ഞിന്റെ, മാതാവിന്റെ മുഖം പലരുംവിങ്ങിപ്പൊട്ടി. ചിലർ വാവിട്ട് കരഞ്ഞ് തളർന്നുവീണു. തിരിച്ചറിയാനാവത്ത രീതിൽ വികൃതമായ മുഖങ്ങൾ കണ്ട് ചിലർ ബോധരഹിതരായി. ആശുപത്രി പരിസരത്ത് കൂട്ടനിലവിളികൾ ഉയർന്നു.

മേപ്പാടി ഗവ. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മൃതദേഹങ്ങൾ ഒരുമുറിയിൽ കൂട്ടത്തോടെ കിടത്തുകയായിരുന്നു. ചളിപുരണ്ട രീതിയിൽ ആശുപത്രിയിലെത്തിക്കുന്ന മൃതദേങ്ങൾ കഴുകി വൃത്തിയാക്കി ബെഞ്ചിൽ നിരനിരയായി കിടത്തുകയായിരുന്നു. ഓരോ മൃതദേഹത്തിന് അരികിലൂടേയും നടന്ന് ഉറ്റവരെ തിരയുന്ന ബന്ധുക്കളുടെ കാഴ്ച കരളലിയിക്കുന്നതായിരുന്നു. ആരെ കുറിച്ചും വ്യക്തമായ ഒരു വിവരവുമില്ല. മുണ്ടക്കൈയിൽ മാത്രം ആയിരകണക്കിന് പേരുണ്ടാകും. സലാം, യൂസഫ്, കുഞ്ഞുമൊയ്തീൻ, മറിയ... അവരൊക്കെ എവിടെയാണെന്ന് ഒരു വിവരവുമില്ല. ഉരുൾപൊട്ടലിന്റെ ഭീതിദമായ ഓർമയിൽ ആശുപത്രിയിലെത്തിയ മേപ്പാടി മുണ്ടക്കൈ നിവാസിയായ കുഞ്ഞുമുഹമ്മദിന്റെ വാക്കുകളാണിത്. ഉരുൾപൊട്ടലിന് മണിക്കൂറുകൾക്ക് മുമ്പ് മുണ്ടക്കൈയിൽ നിന്ന് മാറിയത് കൊണ്ട് മാത്രം കുഞ്ഞുമുഹമ്മദിനും കുടുംബത്തിനും ജീവൻ തിരിച്ചുകിട്ടി. ഞാൻ എന്റെ പേരക്കുട്ടീനെ വിളിച്ചിട്ട് ഓൻ അഞ്ചു മണീന്റെ വണ്ടിയെടുത്തിട്ടാ വന്നേ. ഓന്റെ കൈയിൽ ഒരു സ്കൂട്ടറുണ്ടായിരുന്നു. ഞാൻ, എന്റെ ഭാര്യ, മൂന്നാമത്തെവന്റെ പെണ്ണുങ്ങളേം കൂട്ടിയിട്ട് ഓട്ടോയിൽ പോയി ഇറങ്ങി. മഴ തുടരുകയാണെങ്കിൽ വൈകിട്ട് വന്നേക്കാമെന്ന് കെ പി മൻസൂർ എന്നോട് പറഞ്ഞിരുന്നു. മഴ വല്ലാതെ മുറുകുവാണെങ്കിൽ പാടിയിലേക്ക് പോകുമെന്ന് മരക്കാറും പറഞ്ഞു. പകൽ ഇങ്ങനെ ഒക്കെ കഴിഞ്ഞുപോകും. രാത്രി ഇന്നലത്തെ മാതിരിയാണെങ്കിൽ അപകടം ചെയ്യും എന്ന് പറഞ്ഞ് ഞാൻ ഓട്ടോറിക്ഷ പിടിച്ച് പോന്നു. ഒന്നേമുക്കാലോടെ ഞാൻ വിവരം അറിഞ്ഞു, മുണ്ടക്കൈ കംപ്ലീറ്റ് പോയീന്ന്. ആരാണ്, എന്താണ്, എത്ര ആള് പോയീന്ന് ഒന്നും ഒരു അഡ്രസുമില്ല. മുണ്ടക്കൈക്കാരെ ആരെയും ഇവിടെ കാണുന്നില്ല. എന്റെ പേരക്കുട്ടി, എന്റെ വീട്, മോൾ പോയി സാറെ... എന്ന് പറഞ്ഞ് അദ്ദേഹം വാവിട്ട് കരയുകയായിരുന്നു.



ദുരന്തത്തിൽ കാണാതായ ഉറ്റവർക്കായി മേപ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിൽ തിരച്ചിൽ നടത്തുന്ന യുവതികൾ

# കണ്ണീർപുഴയായി പുന്നപ്പുഴ

ചൂരൽമല: അപ്രതീക്ഷിത ദുരന്തത്തിൽ കണ്ണീർപ്പുഴയായി പുന്നപ്പുഴ ആയിരങ്ങളുടെ ഒരായുസിന്റെ അധ്വാനവും പ്രതീക്ഷകളും പ്രിയപ്പെട്ടവരെയും ഒഴുക്കിക്കൊണ്ട് പോയപ്പോൾ അതുവരെ കാണാത്ത പുന്നപ്പുഴയുടെ രൗദ്രഭാവമാണ് ചൂരൽമലക്കാർ നേരിട്ടറിഞ്ഞത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശക്തമായ മഴയിൽ പുന്നപ്പുഴ നിറഞ്ഞൊഴുകിയെങ്കിലും ഒരു നാടിന്റെ ജീവനാഡിയായ പുന്നപ്പുഴയിൽ തങ്ങളുടെ സ്വപ്നങ്ങളും ഒഴുകി അലിയുമെന്ന് ആരും കരുതിയില്ല.

ഉരുൾപ്പൊട്ടലിൽ വഴിമാറിയൊഴുകിയ പുഴയിലായിരുന്നു അധികം മൃതദേഹങ്ങളും കണ്ടെത്തിയത്. ചൂരൽ മലയിൽ നിന്ന് 56 കിലോമീറ്റർ ദൂരം മാറി നിലമ്പൂർ ചാലിയാറിൽ നിന്ന് ഒമ്പത് മൃതദേഹങ്ങളാണ് കണ്ടെത്തിയത്. ഇനിയും കണ്ടെത്താനുള്ളവർക്കായുള്ള തെരച്ചിലും പുഴയിൽ ഊർജ്ജിതമാണ്. കുത്തിഒലിച്ചെത്തിയ പുഴ മൂന്ന് നിലകളുള്ള ചൂരമൽ സൂകൂളിനെ ചളിയിൽ മുക്കി. ചൂരൽമലക്കാരേയും മുണ്ടക്കൈക്കാരേയും ഒരുമിപ്പിച്ച പാലം അറുത്തുമാറ്റി. പുറം ലോകവുമായി ബന്ധമില്ലാത്തവിധം മുണ്ടകൈ ഗ്രാമത്തെ ഒറ്റപ്പെടുത്തി. ചൂരമൽല ടൗണിനെ തകർത്തെറിഞ്ഞു. നിരവധി വാഹനങ്ങളും പുഴയിൽ ഒലിച്ചുപോയി.



ദുരന്തബാക്കി... ഉരുൾപൊട്ടിയ സ്ഥലത്ത് ബാക്കിയായ കുഞ്ഞിച്ചെരുപ്പ്..



ഉരുൾപൊട്ടലിൽ ഒലിച്ചെത്തിയ കാർ മണ്ണിനടിയിലായ വീടിനു മേൽ പതിച്ചപ്പോൾ

വാർത്തകൾ
കെ.എസ് മുസ്തഫ
അബ്ദുൽ ഹയ്യ്
സൈനുദ്ദീൻ വൈത്തിരി
ലത്തീഫ് പടയൻ
സി.ജമാൽ
സുനിൽ ബാബു

ഫോട്ടോ
കെ.ശശി
സി.കെ തൻസീർ
സഊദ് അൻവർ

## ഹൃദയഭേദകം: സാദിഖലി തങ്ങൾ

മലപ്പുറം: വയനാട് മുണ്ടക്കൈയിലെ ദുരന്തഭൂമിയിലെ കാഴ്ചകൾ ഹൃദയഭേദകമാണെന്ന് മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ. വെള്ളവും മണ്ണും പാറക്കഷ്ണങ്ങളും മരങ്ങളും കൂടിക്കുഴഞ്ഞുകിടക്കുന്ന ആ ഭൂമിക്കടിയിൽ മനുഷ്യർക്കുവേണ്ടിയുള്ള തിരച്ചിലിലാണ് രക്ഷാപ്രവർത്തകർ. തകർന്ന കെട്ടിടാവശിഷ്ടങ്ങൾക്കിടയിലും പുതഞ്ഞുകിടക്കുന്ന ഭൂമിയിലും പ്രതീക്ഷകൾ കൈവിട്ടുപോകാതിരിക്കാനും ജീവനുകൾ വീണ്ടെടുക്കാൻ അവർ ആവത് പ്രയത്നിക്കുന്നുണ്ട്. രക്ഷാപ്രവർത്തകർ ഇനിയും ആശ്വാസ വാർത്തകളെത്തിക്കുമെന്നാണ് പ്രതീക്ഷ. പ്രിയപ്പെട്ടവരെയും കാത്തിരിക്കുന്ന നിറകണ്ണുകളും വിതുമ്പുന്ന മുഖവുമാണ് എങ്ങും കാണാനാവുന്നതെന്നും തങ്ങൾ പറഞ്ഞു. അപകട വാർത്തയറിഞ്ഞത് മുതൽ അധികൃതരുമായും പാർട്ടി പ്രവർത്തകരുമായും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. പരിശീലനം ലഭിച്ച വൈറ്റ് ഗാർഡ് വളണ്ടിയർമാർ രക്ഷാപ്രവർത്തനത്തിനിറങ്ങണമെന്നും പ്രവർത്തകർ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമെത്തിക്കണമെന്നും തങ്ങൾ ആവശ്യപ്പെട്ടു. മരണസംഖ്യ ഉയരുകയാണെന്നും മൃതദേഹങ്ങൾ സൂക്ഷിക്കാൻ മതിയായ മൊബൈൽ ഫ്രീസറുകൾ ഇല്ലാത്ത സ്ഥിതിയുണ്ടെന്നും തങ്ങൾ പറഞ്ഞു. സി.എച്ച് സെന്റർ, ശിഹാബ് തങ്ങൾ സെന്റർ, പി.ടി.എച്ച് യൂണിറ്റുകൾ തുടങ്ങി മുസ്‌ലിംലീഗ് പ്രവർത്തകർ നേതൃത്വം നൽകുന്ന സ്ഥാപനങ്ങളുടെ ഫ്രീസറുകൾ വയനാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തങ്ങൾ ആവശ്യപ്പെട്ടു. ഇത്തരം ദുഷ്കര സാഹചര്യങ്ങളെ ഒറ്റക്കെട്ടായി മറികടന്ന ചരിത്രമാണ് നമ്മൾ മലയാളികൾക്കുള്ളത്. ഈ ദുരന്തവും നമ്മൾ അതിജീവിക്കും.മരണപ്പെട്ടവരുടെ ബന്ധുക്കളുടെ വേദനക്കൊപ്പം ചേർന്നു നിൽക്കുന്നുവെന്നും അവർക്ക് ക്ഷമ നൽകണമേയെന്നും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് എത്രയും പെട്ടെന്ന് ആരോഗ്യം വീണ്ടെടുക്കാൻ കഴിയട്ടെയെന്നും പ്രാർത്ഥിക്കുന്നുവെന്നും തങ്ങൾ കൂട്ടിച്ചേർത്തു.

## പാർലമെന്റിൽ വയനാട് ഉന്നയിച്ച് മുസ്‌ലിംലീഗ്

ന്യൂഡൽഹി: വയനാട് ജില്ലയിൽ ഉരുൾ പൊട്ടലിനെ തുടർന്ന് ആളുകൾ മരിക്കാനിടയായ സംഭവും, മലപ്പുറം ജില്ലയിലും മലബാറിലെ മറ്റു ജില്ലകളിൽ ശക്തമായ മഴയെ തുടർന്ന് ഉണ്ടായ നാശനഷ്ടങ്ങളും പാർലമെന്റിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുസ്‌ലിം ലീഗ് പാർലമെന്റ് പാർട്ടി ലീഡറും ദേശീയ ഓർഗനൈസിങ് സെക്രട്ടറിയുമായ ഇ.ടി. മുഹമ്മദ് ബഷീർ എം.പി ലോക്സഭ സ്പീക്കർക്ക് നോട്ടീസ് നൽകി. ദാരുണമായ വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ റൂൾ 267 പ്രകാരം രാജ്യസഭയിലും മുസ്ലിംലീഗ് എം.പിമാർ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി. നിരവധി മനുഷ്യരുടെ മരണത്തിനും നൂറുകണക്കിന് ആളുകളെ കാണാതാകുന്നതിനും നിരവധി വീടുകൾ തകരുന്നതിനും ഗ്രാമങ്ങൾ ഒറ്റപ്പെടുത്തുന്നതിനും ഇടയാക്കിയ ദാരുണമായ ഉരുൾപൊട്ടലിനെ കുറിച്ച് ചർച്ച ചെയ്യണമെന്ന് പി.വി അബ്ദുൽ വഹാബ് എം.പിയും അഡ്വ. ഹാരിസ് ബീരാൻ എം.പിയും നോട്ടീസിൽ ആവശ്യപ്പെട്ടു. രക്ഷാപ്രവർത്തനം ഊർജിതപ്പെടുത്താൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണമെന്നും വിഷയം സഭ നിർത്തിവെച്ചു ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടാണ് നോട്ടീസ് നൽകിയത്.

## ഉള്ളുലയുന്ന ചാലിയാർ

# ഒഴുകിയെത്തുന്നത് അംഗഭംഗം വന്ന മൃതശരീരങ്ങൾ

മലപ്പുറം: മൂന്നു വയസ് മാത്രം പ്രായമുള്ള കുഞ്ഞിന്റേതുൾപ്പെടെ ഒഴുകിയെത്തുന്ന മൃതദേഹങ്ങൾ, ആരുടേതെന്ന് പോലും അറിയാത്ത കയ്യും കാലും തലയും ഉൾപ്പെടെയുള്ള വിവിധ ശരീരഭാഗങ്ങൾ, തകർന്നടിഞ്ഞ വീടുകളിൽ നിന്നും പുറന്തള്ളപ്പെട്ട് കരക്കടിയുന്ന വീട്ടുപകരണങ്ങൾ, ഉള്ളുലയ്ക്കുന്ന അതിഭീകര കാഴ്ചകളാണ് ചാലിയാറിന്റെ ഓരത്ത് ഇന്നലെ കാണാനായത്. വയനാട്ടിലെ ഉരുൾപൊട്ടലിൽ അകപ്പെട്ടവരുടെ മൃതദേഹങ്ങളാണിതെന്ന് അധികൃതർ സ്ഥിരീകരിക്കുമ്പോൾ കരുതുന്നതിലും ഭീകരമാണ് വയനാട്ടിലെ ദുരന്തമെന്ന് വ്യക്തമാണ്.

അധികൃതർ നൽകുന്ന കണക്കു പ്രകാരം മലപ്പുറം ജില്ലയിൽ ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽനിന്നായി ഇതുവരെ കണ്ടെത്തിയത് 55 മൃതദേഹങ്ങളാണ്. അംഗഭംഗം വന്ന നിലയിലാണ് മൃതദേഹങ്ങളിൽ പലതുമെത്തുന്നത്. ആരുടേതെന്നറിയാതെ വിവിധ ശരീരഭാഗങ്ങളും പലഭാഗങ്ങളിൽ നിന്നായി ലഭിക്കുന്നുണ്ട്. ദുർഘടമായജലപാതയിലൂടെ കിലോമീറ്ററുകൾ ഒഴുകിയതാണ് ഇത്തരത്തിൽ ശരീരഭാഗങ്ങൾ അടർന്നുപോകാൻ കാരണമെന്നാണ് പ്രാഥമിക വിലയിരുത്തൽ. വയനാട്ടിലെ മുണ്ടക്കൈ, ചുരൽമല, അട്ടമല പ്രദേശങ്ങളിലാണ് ഉരുൾപൊട്ടലുണ്ടായത്. പൊട്ടിയൊഴുകിയെത്തിയ മണ്ണുംകല്ലും പാറക്കൂട്ടങ്ങളും കലർന്ന ജലപ്രവാഹം മുണ്ടക്കൈ റോഡും തകർത്ത് ഇരുവഴിഞ്ഞി പുഴയിലെത്തി. വെള്ളം നിറഞ്ഞ് രണ്ടായി ഒഴുകിയ ഇരുവഴിഞ്ഞി പുഴ സൂചിപ്പാറ വാട്ടർഫാൾസ് വഴിയാണ് മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയിലേക്ക് പ്രവേശിച്ചത്.

കിലോമീറ്റർ ഒഴുകിയെത്തിയ മലവെള്ളപ്പാച്ചിൽ ചാലിയാറിന്റെ ഓരംപറ്റിക്കിടക്കുന്ന ഇരുട്ടുകുത്തി, പോത്തുകല്ല്, പനങ്കയം, ഭൂദാനം തുടങ്ങിയ ഭാഗങ്ങളിലേക്ക് പരന്നൊഴുകി, ഇവിടെ നിന്നാണ് ഇന്നലെ മൃതദേഹങ്ങൾ കണ്ടെത്തിയത്. വനത്തിനുള്ളിലെ കുമ്പിളപ്പാറ കോളനി ഭാഗങ്ങളിൽ അനവധി മൃതദേഹങ്ങൾ കരക്കടിഞ്ഞതായി ആദിവാസികൾ ഇന്നലെ തന്നെ അറിയിച്ചിരുന്നു. എന്നാൽ അഗ്നിരക്ഷാ സേനക്കുൾപ്പെടെ ആ ഭാഗത്തേക്ക് ഇന്നലെ കടക്കാനായിട്ടില്ല. അങ്ങിനെയെങ്കിൽ മലപ്പുറം ജില്ലയിൽ ലഭിച്ച മൃതദേഹങ്ങളുടെ എണ്ണം ഇരട്ടിയാകും.

2018ലെ മഹാ പ്രളയത്തിനു ശേഷം പൊട്ടിമുടി, കവളപ്പാറ, പുത്തുമലയിലുമുണ്ടായ മലവെള്ളപ്പാച്ചിലിൽ നൂറുകണക്കിന് ജീവിതങ്ങൾ മറഞ്ഞു പോയത് നമ്മുടെ കൺമുന്നിലാണ്. കവളപ്പാറയിൽ മണ്ണിനടിയിൽ നിന്നും ഇനിയും മൃതദേഹങ്ങൾ കണ്ടെത്താനായില്ല. കവളപ്പാറയിലുണ്ടായ ദുരന്തത്തിന് ശേഷം കേരളം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ഉരുൾപ്പൊട്ടലാണ് ചൂരുൽമലയിൽ ഇന്നലെയുണ്ടായത്. എത്രപേർ മണ്ണിനടിയിലുണ്ടെന്ന് പോലും നിർവചിക്കാൻ കഴിയാത്തവിധമാണ് അപകടത്തിന്റെ അവസ്ഥ. ശക്തമായ ഒഴുക്കിലെത്തുന്ന മൃതദേങ്ങൾ പരമാവധി കരക്കെത്തിക്കാനുള്ള ശ്രമങ്ങളുമായി സർക്കാറിന്റെ സംവിധാനങ്ങളും മുസ്‌ലിം യൂത്ത്‌ലീഗ് വൈറ്റ് ഗാർഡ് ഉൾപ്പെടെ സന്നദ്ധ സംഘടനകളും രംഗത്തുണ്ട്.

ഇന്നു പുലരുന്നതോടെ കൂടുതൽ മൃതദേഹങ്ങൾ കരക്കടിയുമെന്നാണ് അധികൃതർ പറയുന്നത്. കരക്കണയുന്ന മൃതദേഹങ്ങൾ ആശുപത്രിയിലെത്തിക്കുന്നതിനും മറ്റും ചാലിയാർ തീരത്ത് സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ വലിയ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്. കവളപ്പാറ ദുരന്തത്തെ അതിജീവിക്കാൻ എന്തെല്ലാം ചെയ്തോ അത്തരത്തിലുള്ള മുഴുവൻ സൗകര്യങ്ങളും നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഉൾപ്പെടെ തയ്യാറാണ്. കരക്കടിയുന്ന മൃതദേഹങ്ങളിലധികവും തിരിച്ചറിയാൻ സാധിക്കുന്നില്ല എന്നതാണ് ഏറെ പ്രതിസന്ധിയിലാക്കുന്നത്. ഉറ്റവരോ ഉടയവരോ എത്താത്ത മൃതദേഹങ്ങൾ ഫ്രീസറിൽ സൂക്ഷിച്ചിരിക്കുകയാണ്.




ദുരന്ത ബാധിത പ്രദേശത്തേക്ക് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.കെ കുഞ്ഞാലിക്കുട്ടി എന്നിവരെത്തുമ്പോൾ സയ്യിദ് ആബിദ് ഹുസൈൻ തങ്ങൾ, സി. മമ്മൂട്ടി, ടി. മുഹമ്മദ്, പി. ഇസ്മായിൽ തുടങ്ങിയവർ ഒപ്പം